# മതോപദേശസാരം

നി. വ. ദി. മ. ശ്രീ. മലങ്കര മെത്രാപ്പോലീത്ത
വട്ടശ്ശേരി മാർ ഗീവറുഗീസ്
ദിവന്നാസിയോസ് തിരുമേനി രചിച്ചത്

**Published by:**

**MGOCSM BOOKSHOP & PUBLISHING HOUSE**

**STUDENT CENTRE, KOTTAYAM-1**

**Price: Rs. 5**

www.malankaralibrary.com

# മതോപദേശസാരം

നി. വ. ദി. മ. ശ്രീ. മലങ്കര മെത്രാപ്പോലീത്ത
വട്ടശ്ശേരി മാർ ഗീവറുഗീസ്
ദിവന്നാസിയോസ് തിരുമേനി രചിച്ചത്

Published by:
**MGOCSM BOOKSHOP & PUBLISHING HOUSE**
STUDENT CENTRE, KOTTAYAM-1

www.malankaralibrary.com

മതോപദേശസാരം

Published by:

MGOCSM Bookshop & Publishing House,
Kottayam-1.

Printed at:

Pulimootil Printers, Kottayam-8.

Copies: 2000

Price: Rs 5/-

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

# മുഖവുര

ഒരു മതത്തിൽ ഉൾപ്പെട്ട എല്ലാവരും ആ മതത്തിലെ വിശ്വാസരീതി മുതലായവ പഠിച്ചിരിക്കേണ്ടതു് അത്യാവശ്യമാണല്ലൊ. മലയാളത്തുള്ള സുറിയാനി സത്യവിശ്വാസസഭയിൽ ഉൾപ്പെട്ടവൎക്ക തങ്ങളുടെ വിശ്വാസരീതി മുതലായവ വായിച്ചറിയുന്നതിനു തക്കതായ പുസ്തകങ്ങൾ മലയാളഭാഷയിൽ വളരെ ദുർല്ലഭമാകയാൽ അവർ അന്യമതക്കാരുടെ വിശ്വാസരീതിക്കടുത്ത പുസ്തകങ്ങൾ വായിച്ചു പഠിക്കയും അങ്ങിനെ ആദ്യമെ അവൎക്ക കിട്ടുന്ന അറിവു സത്യമുള്ളതെന്നു് ഉറച്ചുകൊണ്ടു് അനേകർ ഈ വിശുദ്ധ സഭയുടെ വിശ്വാസത്തിനെതിരായി പുറപ്പെടുകയും ചെയ്യുകാണുന്നതു് അനുഭവസിദ്ധവും ആണല്ലൊ. ഈ കുറവിനെ പൂൎണ്ണമായി പരിഹരിപ്പാൻ ഈ ചെറിയ പുസ്തകം മതിയാകാത്തതെങ്കിലും വേദസത്യത്തിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്ന ഈ വിശുദ്ധ സഭയുടെ ഉപദേശപ്രകാരമുള്ള വിശ്വാസരീതികളേയും മതാചാരസാരങ്ങളേയുംകുറിച്ചു് എല്ലവൎക്കും ഒരു സാധാരണ അറിവു കൊടുത്തു സത്യവിശ്വാസത്തിൽ ഉറപ്പിപ്പാൻ തക്കവണ്ണം അതു് ഉപകരിക്കാതിരിക്കയില്ലെന്നു വിശ്വസിക്കുന്നു. ഇതു ശുദ്ധ മാർ ഗ്രീഗോറിയോസ് ബാറെബ്രായ മുതലായ ഗ്രന്ഥകൎത്താക്കന്മാരുടെ മ്നാറസ്ക്കെദ്ശ, സൽഗാ, കാനോൻ മുതലായ വിശ്വാസയോഗ്യമുള്ള പുസ്തകങ്ങളെ പരിശോധിച്ചു ചമച്ചിട്ടുള്ളതാകുന്നു. പൂൎവ്വകാലത്തു വി. സഭയുടെ വിശ്വാസത്തിന്നെതിരായി എഴുന്നേററിട്ടുള്ള വേദവിപരീതികളുടെ പേരുകളും അവരുടെ ഉപദേശച്ചുരുക്കവും അറിയണമെന്നു പലരും ആവശ്യപ്പെടുകയാൽ ആയതിൻെറ ഒരു ചുരുങ്ങിയ പട്ടികയും ഈ പുസ്തകത്തിൻെറ അവസാനഭാഗത്തു ചേൎത്തിരിക്കുന്നു.

www.malankaralibrary.com

# സംഗതി വിവരങ്ങൾ


| | വിവരം | പുറം |
|---|---|---|
| 1 | ശുദ്ധമുള്ള ത്രിത്വത്തെകുറിച്ചു | 1 |
| 2 | പിതാവിനെ കുറിച്ചു | 3 |
| 3 | പുത്രനെകുറിച്ചു | 4 |
| 4 | ശുദ്ധമുള്ള റൂഹായെ കുറിച്ചു | 8 |
| 5 | വിശുദ്ധ കൂദാശകളെ കുറിച്ചു | 9 |
| 6 | വിശുദ്ധ മാമോദീസായെകുറിച്ചു | 11 |
| 7 | വിശുദ്ധ കുർബ്ബാനയെകുറിച്ചു | 16 |
| 8 | കുമ്പസാരത്തെകുറിച്ചു | 22 |
| 9 | പരിശുദ്ധ തൈലങ്ങളെകുറിച്ചു | 26 |
| 10 | പട്ടത്വത്തെകുറിച്ചു | 28 |
| 11 | വിവാഹത്തെക്കുറിച്ചു | 31 |
| 12 | രോഗികളുടെ തൈലാഭിഷേകത്തെകുറിച്ചു | 32 |
| 13 | ശവസംസ്കാരത്തെകുറിച്ചു | 34 |
| 14 | പ്രാർത്ഥനയെകുറിച്ചു | 35 |
| 15 | നോമ്പിനെ കുറിച്ചു | 37 |
| 16 | ഞായറാഴ്ചകളേയും മാറാനായ പെരുനാളുകളേയും കുറിച്ചു | 40 |
| 17 | പരിശുദ്ധന്മാരുടെ ഓർമ്മ ദിവസങ്ങളെകുറിച്ചു | 41 |
| 18 | ദൈവമാതാവിനെ കുറിച്ചു | 42 |
| 19 | പരിശുദ്ധന്മാരോടുള്ള പ്രാർത്ഥനയെ കുറിച്ചു | 43 |
| 20 | മരിച്ചവർക്കു വേണ്ടിയുള്ള പ്രാർത്ഥനയെക്കുറിച്ചു | 49 |
| 21 | മരിച്ചവർക്കു വേണ്ടിയുള്ളനോമ്പു്, കുർബ്ബാന, ധർമ്മങ്ങൾ മുതലായവയെ കുറിച്ചു | 54 |
| 22 | തിരുശേഷിപ്പുകളെ കുറിച്ചു | 55 |
| 23 | കുരിശുവരയേയും കുരിശുവന്ദനയേയും കുറിച്ചു | 56 |
| 24 | കന്യാവ്രതത്തെകുറിച്ചു | 58 |
| 25 | പട്ടക്കാരുടെ വിവാഹത്തെ കുറിച്ചു | 59 |
| 26 | മനുഷ്യന്റെ ആത്മാവിനെ കുറിച്ചു | 61 |
| 27 | പാപത്തെകുറിച്ചു | 62 |
| 28 | അനുതാപത്തെ കുറിച്ചു | 66 |
| 29 | നീതീകരണത്തെകുറിച്ചു | 68 |


www.malankaralibrary.com

30 ശിക്ഷകരും രക്ഷകരും ഏറ്റവും കുറവുളളെന്നുളള
തിനെകുറിച്ചു 69
31 ഉയർപ്പിനെ കുറിച്ചു 77
32 സ്വാതന്ത്ര്യ സൃഷ്ടി, മുന്നറിവ്, മുൻനിയമം
എന്നിവയെകുറിച്ച് 72
33 വിശുദ്ധ വേദപുസ്തകങ്ങളെകുറിച്ചു 77
34 സുന്നഹദോസുകളേയും സഭയുടെ
അധികാരത്തെയും കുറിച്ച് 80


www.malankaralibrary.com

ഓൎത്തൊഡോക്സ് സുറിയാനി

സത്യവിശ്വാസ സഭയിലെ

## മതോപദേശസാരങ്ങൾ

1-ാം സംഗതി

# ത്രിത്വമുള്ള ത്രിത്വത്തെക്കുറിച്ച്

(1) കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ സകലത്തിന്റേയും സ്രഷ്ടാവായ ജീവനും സത്യവുമുള്ള ദൈവം ഒരുവൻ ഉണ്ട്. (2) സകലത്തിന്റേയും ആദി കാരണനായിരിക്കുന്ന ഈ ഏക ദൈവം അല്ലാതെ വേ

---

(1) ആദ്യ. 1. 1. ആദിയിൽ ദൈവം ആകാശത്തേയും ഭൂമിയേയും സൃഷ്ടിച്ചു ഏശാ 44. 24. സകലത്തേയും ഉണ്ടാക്കിയ കൎത്താവു ഞാൻ ആകുന്നു. ആവൎത്ത 5. 26. അഗ്നിയുടെ നടുവിൽ നിന്നു സംസാരിക്കുന്ന ജീവനുള്ള ദൈവത്തിന്റെ ശബ്ദം കേൾക്കയും ജീവനോടിരിക്കയും ചെയ്യുവനായി ഞങ്ങളെപ്പോലെയുള്ള മനുഷ്യൻ ആരുള്ളു. 1 യോഹ 5. 20. ദൈവപുത്രൻ വന്നു എന്നും സത്യമുള്ളവനെ അറിവാനായി നമുക്കു ബുദ്ധി തന്നു എന്നും നാം അറിയുന്നു. നാം സത്യമുള്ളവനിൽ തന്റെ പുത്രനായ യേശുമിശിഹായിൽ തന്നെ ആയിരിക്കും. ഇവൻ സത്യദൈവവും നിത്യജീവനും ആകുന്നു. ദാനി. 2. 8. എന്നാലൊ രഹസ്യങ്ങളെ വെളിപ്പെടുത്തുന്നവനായ സ്വൎഗ്ഗത്തിന്റെ ദൈവം ഉണ്ട്.

(2) ഏശാ. 43, 11 ഞാൻ കൎത്താവാകുന്നു. എന്നെ കൂടാതെ പിന്നെ ഒരുത്തനും ഇല്ല ഏശാ 45. 5. 6. ഞാൻ കൎത്താവാകുന്നു വേറെ ഇല്ല. എന്നെ കൂടാതെ ദൈവം ഇല്ല. ഞാൻ കൎത്താവാകുന്നു മറ്റൊരുത്തനുമില്ല.

www.malankaralibrary.com

റെ ദൈവം ഇല്ല. (3) താൻ അനാദിയായുള്ളവനും നിത്യനും (4) അശക്ഷതയും (5) സർവ്വജ്ഞാനിയും (6)സർവ്വവ്യാപിയും (7) നന്മയിൽ പൂർണ്ണനും (8) നിർണ്ണയിക്കപ്പെടാവതല്ലാത്തവനും (9) ഭേദമില്ലാത്തവനും (10)സകലത്തേയും ഭരിക്കുന്നവനും ആകുന്നു. (11) ഈ ദൈവത്വത്തിൽ പിതാവെന്നും പുത്രനെന്നും ശുദ്ധമുള്ള റൂ

---

(3) എശാ. 41.4. ഞാൻ കർത്താവാകുന്നു. ഞാൻ ആദ്യനും അന്ത്യനും ആകുന്നു എശാ. 43. 10. എനിക്കു മുൻപെ ഒരു ദൈവവും സൃഷ്ടിക്കപ്പെട്ടിട്ടില്ല. എന്റെശേഷം ഉണ്ടാകയുമില്ല.

(4) യോഹ. 4. 24 എന്തുകൊണ്ടെന്നാൽ ദൈവം ആത്മാവാകുന്നു. 1 തിമൊ. 6. 16. മനുഷ്യരിൽ ഒരുത്തനും തന്നെ കണ്ടിട്ടില്ല കാണ്മാൻ കഴിയുന്നതുമല്ല.

(5) മത്താ. 19. 26. എന്നാൽ ദൈവത്താൽ സകലവും കഴിയുന്നു. ലൂ. 1. 37. എന്തുകൊണ്ടെന്നാൽ ദൈവത്തിനു യാതൊന്നും പ്രയാസമില്ല. സങ്കീ. 147, 5 അവന്റെ തിരിച്ചറിവിന്നു അവധിഇല്ല.

(6) സങ്കീ. 139. 7. നിന്റെ ആത്മാവിൽനിന്നു ഞാൻ എവിടെ പോകും. നിന്റെ മുൻപാകെനിന്നു ഞാൻ എവിടെ മറഞ്ഞിരിക്കും.

(7) പുറ. 34. 6 ദൈവമായ കർത്താവു കരുണയുള്ളവനും കൃപയുള്ളവനും ദീർഘശാന്തനും ആകുന്നു. തന്റെ കൃപയും സത്യവും വളരെയാകുന്നു.

(8) യോബ്. 11.7. ദൈവത്തെക്കുറിച്ചുള്ള വിവരം അറിവാൻ നിനക്കു കഴിയുമൊ.

(9) യാക്കോ. 1. 17. നല്ലതും പരിപൂർണ്ണമുള്ളതുമായ സകലനൽവരവും മേലിൽനിന്നു പ്രകാശങ്ങളുടെ പിതാ

www.malankaralibrary.com

ഹാ എന്നും മൂന്നു് ആളുകൾ ഉണ്ടു്. (12) ആയത്തു ത്രിത്വത്തിൽ ഏകത്വവും ഏകത്വത്തിൽ ത്രിത്വവും അത്രെ തമ്മിൽ മുമ്പുപിമ്പോ വലിപ്പച്ചെറുപ്പമോ ശക്തി വ്യത്യാസമോ ഇല്ല ഈ. മൂന്നു് ആളുകൾക്കും ഏക സാരാംശവും ഏക രാജിത്വവും ഏക സ്വഭാവവും ഏക ഇഷ്ടവും ഏക നിരൂപണയും ഏക ശക്തിയും ഏക ശ്രേഷ്ഠതയും ഏക കർത്തവ്യവും ആകുന്നു.

---

### 2-ാംസംഗതി

### പിതാവിനെക്കുറിച്ചു്

(1) ത്രിത്വത്തിൽ ഒരുവനായിരിക്കുന്ന പിതാവായ ദൈവം സർവ്വശക്തനും (2) ആകാശത്തിന്റെയും ഭൂമിയുടെയും കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ സകലത്തിന്റെയും സ്രഷ്ടാവും അനാദിയായി തന്നിൽനിന്നു ജനിച്ച വചനമായ പുത്രന്റെ ജനകനും ദൈവത്വത്തിന്റെ സകല ലക്ഷണങ്ങളോടുംകൂടിയിരിക്കുന്നവനും ആകുന്നു.

---

വിൽനിന്നു് ഇറങ്ങിവരുന്നു. തന്റെ പക്കൽ യാതൊരു പകർച്ചയും വികാരത്തിന്റെ ഒരു നിഴലും ഇല്ല.

(10) ലൂക്കോ. 10. 21. സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും നാഥനായ എന്റെ പിതാവെ! ഞാൻ നിനക്കു സ്തോത്രംചെയ്യുന്നു

(11) ആദ്യ 1:26. ദൈവം പറഞ്ഞു: നാം നമ്മുടെ സാദൃശത്തിൽ നമ്മുടെ സ്വരൂപത്തിൽപ്രകാരം മനുഷ്യനെ ഉണ്ടാക്കുക. മത്താ 28:19. ആകയാൽ നിങ്ങൾ പോയി സകല ജാതികളെയും ശിഷ്യപ്പെടുത്തി.

പിതാവിന്റെയും പുത്രന്റെയും ശുദ്ധമുള്ള റൂഹായുടെയും നാമത്തിൽ അവരെ മാമോദീസാ മുക്കുവിൻ. ആദ 11:7. മത്താ, 3: 16, 17.

www.malankaralibrary.com

3—ാംസംഗതി

# പുത്രനെക്കുറിച്ച്

(1) ത്രീത്വത്തിൽ ഒരുവനായി പിതാവിന്റെ വചനവും പുത്രനുമായവൻ അനാദിയായി പിതാവിൽനിന്ന് ജനിച്ചവനും (2) സാരാംശത്തിൽ പിതാവിനും ശുദ്ധമുള്ള റൂഹായ്ക്കും സമനും സൃഷ്ടിയല്ലാത്തവനും ആകുന്നു. (3) താൻ ദൈവീകസ്ഥിതിയിൽനിന്നു യാതൊരു ഭേദവുംകൂടാതെ തന്റെയും തന്റെ പിതാവിന്റെയും ശുദ്ധമുള്ള റൂഹായുടേയും ഇഷ്ടപ്രകാരം മനുഷ്യരുടെ രക്ഷയ്ക്കായി വെടിപ്പുള്ള കന്യകയിൽനിന്നു ജഡം എടുത്ത് മനുഷ്യനായി തീരുകയും (4) ജഡത്തിൽ സത്യമായിട്ടു കഷ്ടപ്പെടുകയും (5) കുരിശിൽ തറയ്ക്കപ്പെടുകയും (6) മരിക്കുകയും (7) കബറടക്കപ്പെടുകയും (8) പാതാളത്തിലേക്ക്

(12) ഏശാ. 6: 3. ഭൂമി മുഴുവനും തന്റെ സ്തുതികളാൽ നിറഞ്ഞിരിക്കുന്ന സർവ്വശക്തിയുള്ള കർത്താവു പരിശുദ്ധൻ പരിശുദ്ധൻ പരിശുദ്ധൻ എന്ന് ഒരുത്തനോട് ഒരുത്തൻ വിളിച്ചുപറയുന്നു.

2—ാംസംഗതി

(1) യോഹ, 10:29. എന്തുകൊണ്ടെന്നാൽ അവയെ എനിക്കു തന്നിട്ടുള്ള എന്റെ പിതാവ് എല്ലാവരെക്കാൾ വലിയവനാകുന്നു. എന്റെ പിതാവിന്റെ കയ്യിൽനിന്ന് അപഹരിപ്പാൻ ഒരുത്തനും കഴികയില്ല.

(2) 1 കോരി. 8:6. എന്നാലൊ നമുക്കു പിതാവായ ദൈവം ഒരുവനെ ഉള്ളു സകലവും തന്നിൽനിന്നും നാം തന്നിലും ആകുന്നു.

3—ാംസംഗതി

(1) യോഹ 1:1. ആദിയിൽ വചനം ഉണ്ടായിരുന്നു. ആ വചനം ദൈവത്തോടുകൂടെ ആയിരുന്നു, ആ വചനം ദൈവവും ആയിരുന്നു. 14 അവന്റെ മഹത്വം പിതാവിൽനിന്നുള്ള ഏകജാതനായവന്റെ മഹത്വംപോലെ ഞങ്ങൾ കാണുകയും ചെയ്തു.

www.malankaralibrary.com

ഇറങ്ങിച്ചെന്നു പാതാളത്തിലുള്ളവരോടു പ്രസംഗിക്കയും (9) മൂന്നാംദിവസം കബറിൽനിന്നു ഉയത്തെഴുന്നേല്ക്കയും (10) ഉയർപ്പിന്റെശേഷം നാല്പതാംദിവസം സ്വർഗ്ഗത്തിലേക്കു കരേറി മഹത്വത്തിൽ തന്റെ പിതാവിന്റെ വലത്തുഭാഗത്തു ഇരിക്കയും ചെയ്തു താൻ മനുഷ്യനായി തീന്നു എന്നുള്ളതു കന്യകയിൽനിന്നു ജനിച്ച ഒരു നീതിയുള്ള മനുഷ്യനിൽ വസിച്ചു എന്നല്ല, (11)എന്നാലൊ സാക്ഷാൽ ദൈവമായ താൻ പുരുഷസംബന്ധം കൂടാതെ ശുദ്ധമുള്ള റൂഹായാൽ കന്യകയിൽനിന്നു ജഡം എടുത്തു സാക്ഷാൽ മനുഷ്യനായി തീരുകയും, (12) ദൈവസ്വഭാവം ഭേദപ്പെട്ടു മനുഷ്യസ്വഭാവമായിതീരുകയൊ,

---

(2) യോഹ. 10:30 ഞാനും എന്റെ പിതാവും ഒന്നാകുന്നു

(3) മലാ. 3. 6. എന്തുകൊണ്ടെന്നാൽ ഞാൻ കത്താവാകുന്നു. ഞാൻ ഭേദപ്പെട്ടിട്ടില്ല എബ്രാ 2:14. മക്കളും ജഡത്തിലും രക്തത്തിലും സംബന്ധപ്പെട്ടിരിക്കകൊണ്ടു ആ സാദൃശത്തിൽതന്നെ താനും അവയിൽ സംബന്ധപ്പെട്ടു. യോഹ. 1. 14. വചനം ജഡമായി നമ്മിൽ ആവസിച്ചു.

(4) അപ്പൊ. 1:3. താൻ കഷ്ടപ്പെട്ടശേഷം........

(5) മക്കൊ. 15:24. അവർ അവനെ കുരിശിൽ തറച്ചശേഷം........

(6) റോമാ 5. 6. എന്നാൽ മിശിഹാ നമ്മുടെ ബലഹീനത നിമിത്തം ഈ കാലത്തു ദുഷ്ടന്മാക്കവേണ്ടി മരിച്ചു എങ്കിൽ ...

(7) 1കോരി 15:4 താൻ കബറടക്കപ്പെടുകയും....

(8) 1പത്രൊ. 3:19 പാതാളത്തിൽ പിടിക്കപ്പെട്ടിരുന്ന ആത്മാക്കളോടു താൻ പ്രസംഗിച്ചു.

www.malankaralibrary.com

തമ്മിൽ സമ്മിശ്രപ്പെടുകയോ, കൂടികലൎന്നു വേറൊരുവ സ്തുവായി തീരുകയൊ, ഒന്നിനാൽ ഒന്നു നശിച്ചുപോകയൊ ചെയ്യാതെ ദൈവത്വവും മനുഷ്യത്വവും എന്ന രണ്ടു സ്വഭാവങ്ങളും ഒരിക്കലും വേർതിരിയപ്പെടാത്ത പ്രകാരം ദൈവത്വത്തിൻെറയും പാപം ഒഴികെ മനുഷ്യത്വത്തിൻെറയും പൂർണ്ണ ലക്ഷണങ്ങളോടുകൂടെ യോജിക്കപ്പെടുകയുംചെയ്തു. ഈ യോജിപ്പു മഹാ അത്ഭുതമായിട്ടുള്ളതാകുന്നു. (13) യോജിപ്പിൻെറ. ശേഷം രണ്ടുസ്വഭാവങ്ങളായൊ രണ്ടു് ക്നൂമാകളായൊ (ആളുകൾ) വേർതിരിയപ്പെടാവുന്നതല്ല എന്നാലൊ ഏകസ്വഭാവവും ഏക ആളും ഏക പർസൂപ്പായും (മുഖം) ഏകഇഷ്ടവും ഏക വ്യാപാരവും അത്രെ. താൻപൂർണ്ണ ദൈവവും പൂർണ്ണമനുഷ്യനുംആകുന്നു തൻെറ മരണസമയം ആത്മാവു് ശരീരത്തിൽനിന്നു വേർതിരിഞ്ഞപ്പോൾ (14)

---

(9) അപ്പോ 2: 32 ഈയേശുവിനെ ദൈവം ഉയൎത്തെഴുനേല്പിച്ചു ഞങ്ങൾ എല്ലാവരും തൻെറ സാക്ഷികൾ ആകുന്നു. ലൂക്കൊ. 24:39 ഞാൻതന്നെ ആകുന്നു എന്നു എൻെറ കൈകളെയും കാലുകളെയും നോക്കി എന്നെ തൊട്ടുനോക്കി അറിവീൻ. എനിക്കുണ്ടെന്നു നിങ്ങൾ കാണുന്നതുപോലെ ഒരു ആത്മാവിനു മാംസവും അസ്ഥികളും ഇല്ലല്ലൊ.

(10) ലൂക്കൊ. 24: 51 താൻ അവരെ അനുഗ്രഹിക്കുമ്പോൾ അവരിൽനിന്നു പിരിയപ്പെട്ടു സ്വൎഗ്ഗത്തിലേക്കു കരേറി.

(11) എബ്രാ 2:16 എന്തുകൊണ്ടെന്നാൽ താൻ മാലാഖമാരിൽ നിന്നു സ്വഭാവം എടുത്തില്ല എന്നാലൊ അബ്രഹാമിൻെറ സന്തതിയിൽനിന്നു താൻ എടുത്തു. യോഹ 1. 14 വചനം ജഡമായി നമ്മിൽ ആവസിച്ചു. ഏശാ. 7. 14 കണ്ടാലും കന്യക ഗർഭംധരിച്ചു ഒരു പുത്രനെ പ്രസവിക്കും അവൻെറ പേർ അമ്മാനുവേയൽ എന്നു വിളിക്കപ്പെടുകയും ചെയ്യും.

www.malankaralibrary.com

തന്റെ ദൈവത്വം ആത്മാവിൽനിന്നും ശരീരത്തിൽനിന്നും വേർതിരിയാതെ അവ രണ്ടിനോടും കൂടെ ഉണ്ടായിരുന്നു. (15) ഉയിർത്തെഴുനേല്പ്പിൽ തന്റെ ശരീരത്തെ നാശമില്ലാതാക്കിത്തീർത്തതിനാൽ ഇനിമേൽ അധികാരപ്പെടുത്തുന്നതുമല്ല. (16) താൻ വഴിയും സത്യവും ജീവനും ആകുന്നു. തന്നാൽ അല്ലാതെ യാതൊരു ജഡവും രക്ഷിക്കപ്പെടുന്നതല്ല (17) ജീവനുള്ളവരേയും മരിച്ചവരേയും ന്യായംവിധിപ്പാനായിട്ടു വലിയതായ തന്റെ മഹത്വത്തോടുകൂടെ രണ്ടാമതു താൻ വരികയും ചെയ്യും.

---

(12 കൊലോ. 2:9, തന്നിൽ ദൈവത്വത്തിന്റെ പൂർണ്ണത ഒക്കെയും ശരീരസംബന്ധമായി വസിക്കുന്നു എബ്രാ 2;9, ദൈവം തന്റെ കൃപയാൽ എല്ലാവർക്കുംവേണ്ടി മരണം ആസ്വദിച്ചു തീത്തോ. 2:13. വാഴ്ത്തപ്പെട്ട ശരണത്തിനും മഹാ ദൈവവും നമ്മുടെ രക്ഷിതാവുമായ യേശുമ്ശിഹായുടെ മഹത്വപ്രത്യക്ഷതയ്ക്കുംനാം നോക്കിപ്പാർത്തുകൊണ്ടു.... I തീമോ. 3:16 സത്യമായിട്ടു നീതിയുടെ ഈ രഹസ്യം വലിയതാകുന്നു, താൻ ജഡത്തിൽ വെളിപ്പെടുകയും ആത്മാവിൽ നീതീകരിക്കപ്പെടുകയും മാലാഖമാർക്ക കാണപ്പെടുകയും പുറജാതികളുടെ ഇടയിൽപ്രസംഗിക്കപ്പെടുകയും ലോകത്തിൽ വിശ്വസിക്കപ്പെടുകയും മഹത്വത്തിൽ കരേറുകയും ചെയ്തു എബ്രാ 1;2. ഈ അവസാനദിവസങ്ങളിൽ തന്റെ പുത്രൻ മൂലം നമ്മോടു സംസാരിച്ചു.

(13) എഫേസ്യ. 4:5. എന്തുകൊണ്ടെന്നാൽഒരു കർത്താവും ഒരു വിശ്വാസവും ഒരു മാമോദീസായും ആകുന്നു. 1 കോരി. 1:13 മ്ശിഹാ ഭാഗിക്കപ്പെട്ടിരിക്കുന്നുവൊ?

(14) യോഹ 19 34. എന്നാലൊ പട്ടാളക്കാരിൽ ഒരുവൻ കുന്തംകൊണ്ടു തന്റെ വിലാപ്പുറത്തു കുത്തി. ഉടൻ രക്തവും വെള്ളവും പുറപ്പെട്ടു.

www.malankaralibrary.com

4-ാം സംഗതി.

ശുദ്ധമുള്ള റൂഹായെക്കുറിച്ച്

(1) ത്രിത്വത്തിൽ ഒരുവനായി ആശ്വാസപ്രദനായിരിക്കുന്ന ശുദ്ധമുള്ള റൂഹായായ ദൈവം പിതാവിനും പുത്രനും സമനും സൃഷ്ടിയല്ലാത്തവനും ആദ്യന്തമില്ലാത്തവനും (2) പിതാവിൽനിന്നു പുറപ്പെടുന്നവനും (3) പുത്രനിൽനിന്ന് എടുക്കുന്നവനും പിതാവിനോടും പുത്രനോടും കൂടെ വന്ദിക്കപ്പെട്ടു സ്തുതിക്കപ്പെടുന്നവനും (4) നിബ്യന്മാരെക്കൊണ്ടും ശ്ലീഹന്മാരെക്കൊണ്ടും പറയിച്ചവനും ആകുന്നു.

---

* ഇവിടെ പർസൂപ്പാ അല്ലെങ്കിൽ മുഖം എന്നു പറഞ്ഞിരിക്കുന്നതു ജഡത്തിന്നടുത്ത മുഖത്തെക്കുറിച്ചല്ലാ ഹൃദയംകൊണ്ടു വിചാരിക്കപ്പെടാവുന്ന ഒരു ആകൃതിയെക്കുറിച്ചത്രെ;

(15) റോമാ. 6;9. എന്തുകൊണ്ടെന്നാൽ മ്ശിഹാ മരിച്ചവരുടെ ഇടയിൽനിന്ന് ഉയർത്തെഴുന്നേറ്റു എന്നും ഇനി താൻ മരിക്കയില്ലെന്നും മരണം തന്നിൽ അധികാരപ്പെടുന്നില്ലെന്നും നാം അറിയുന്നു.

(16) യോഹ. 14:6 യേശു അവനോടു പറയുന്നു, ഞാൻ വഴിയും സത്യവും ജീവനും ആകുന്നു. എന്നിൽകൂടി അല്ലാതെ ഒരുത്തനും എന്റെ പിതാവിന്റെ അടുക്കൽ വരുന്നില്ല. അപ്പോ 4:12 മറ്റൊരുത്തനിലും രക്ഷ ഇല്ല എന്തുകൊണ്ടെന്നാൽ അതിനാൽ രക്ഷപെടുവാനായിട്ടു മനുഷ്യർക്കു കൊടുക്കപ്പെട്ടിട്ടുള്ള വേറൊരു നാമവും ആകാശത്തിൻകീഴിൽ ഇല്ല

(17) അപ്പോ 17:31. താൻ വേർതിരിച്ചിട്ടുള്ള പുരുഷനെക്കൊണ്ടു നീതിയായി സകല ഭൂമിയേയും ന്യായം വിധിപ്പാനുള്ള ഒരു ദിവസം നിശ്ചയിച്ചിരിക്കുന്നു.

www.malankaralibrary.com

## 5—ാംസംഗതി

### വിശുദ്ധകൂദാശകളെക്കുറിച്ചു്

കൂദാശകാം മനുഷ്യവർഗ്ഗത്തിൻെറ രക്ഷയ്ക്കു് ആവശ്യപ്പെട്ടവയായി നമ്മുടെ കർത്താവു കല്പിച്ചു നിശ്ചയിച്ചിട്ടുള്ള അപ്രത്യക്ഷമായ നന്മകളുടെ പ്രത്യക്ഷമായ വിശുദ്ധ കർമ്മങ്ങാം ആകുന്നു. ഇവയ്ക്കു വിശുദ്ധ രഹസ്യങ്ങാം

---

4—ാംസംഗതി

(1) 2കോരി 3:18. ആ പ്രതിമയായിത്തന്നെ ആത്മാവാകുന്ന കർത്താവിനാൽ എന്നപോലെ മഹത്വത്തിൽനിന്നു മഹത്വത്തിലേക്കു നാം പകരപ്പെടുന്നു. 2 കോരി. 13:13. നമ്മുടെ കർത്താവായ യേശുമിശിഹായുടെ സമാധാനവും ദൈവത്തിൻെറ സ്നേഹവും ശുദ്ധമുള്ള റൂഹായുടെ സംബന്ധവും നിങ്ങളെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ.

(2) യോഹ 15.26. എന്നാൽ ഞാൻ എൻെറ പിതാവിങ്കൽനിന്നു നിങ്ങാംക്കു് അയയ്ക്കുന്ന ആശ്വാസപ്രദനായി എൻെറ പിതാവിൽനിന്നു പുറപ്പെടുന്നവനായ സത്യാത്മാവായവൻ വരുമ്പോാം അവൻ എന്നെക്കുറിച്ചു സാക്ഷിപ്പെടുത്തും.

(3) യോഹ. 16.14, അവൻ എന്നെ മഹത്വപ്പെടുത്തും എന്തുകൊണ്ടെന്നാൽ അവൻ എനിക്കുള്ളതിൽനിന്നു് എടുത്തു് നിങ്ങാംക്കുകാണിച്ചുതരും.

(4) 2 പത്രോ. 1.1. എന്തെന്നാൽ ദീർഘദർശനം ഒരിക്കലും മനുഷ്യൻെറ ഇഷ്ടത്താൽ വന്നതല്ലാ, എന്നാലൊ ദൈവത്തിൻെറ മനുഷ്യരായ ശുദ്ധിമാൻമാർ ശുദ്ധമുള്ള റൂഹായാൽ നിയോഗിക്കപ്പെട്ടിട്ടു സംസാരിച്ചുതത്രെ. മത്താ. 10:20. എന്തെന്നാൽ സംസാരിക്കുന്നതു നിങ്ങാം അല്ലാ എന്നാലൊ നിങ്ങളുടെ പിതാവിൻെറ ആത്മാവു നിങ്ങളിൽ സംസാരിക്കുന്നു.

www.malankaralibrary.com

എന്നുംകൂടി പേരു പറയപ്പെടുന്നു. (1) മാമോദീസാ (2) കർബ്ബാന (3) കുമ്പസാരം (4) മൂറോൻ (5) പട്ടത്വം (6) വിവാഹം (7) രോഗികളുടെ തൈലാഭിഷേകം ഇങ്ങനെ ഏഴു കൂദാശകൾ ഉള്ളവയിൽ അഞ്ചു പൊതുവെ സകല മനുഷ്യർക്കും പട്ടത്വം, വിവാഹം ഇവ രണ്ടും

---

5—ാം സംഗതി.

(1) യോഹ. 3.5. ഒരുത്തൻ വെള്ളത്തിൽനിന്നും ആത്മാവിൽനിന്നും ജനിക്കുന്നില്ലെങ്കിൽ അവനു ദൈവത്തിന്റെ രാജ്യത്തിലേക്കു പ്രവേശിപ്പാൻ കഴികയില്ല

(2) യോഹ. 6: 53 യേശു അവരോടു പറഞ്ഞു—ഞാൻ സത്യമായിട്ടു സത്യമായിട്ടു നിങ്ങളോടു പറയുന്നു നിങ്ങൾ മനുഷ്യപുത്രന്റെ ശരീരത്തെ ഭക്ഷിക്കയും തന്റെ രക്തത്തെ കുടിക്കയും ചെയ്കയില്ലെങ്കിൽ നിങ്ങൾക്കു നിങ്ങളിൽതന്നെ ജീവൻ ഇല്ല.

(3) യാക്കോ. 5: 16. നിങ്ങൾ സൗഖ്യപ്പെടുവാനായിട്ടു തമ്മിൽ തമ്മിൽ പിഴകളെ ഏററുപറകയും ഒരുത്തനുവേണ്ടി ഒരുത്തൻ പ്രാർത്ഥിക്കയും ചെയ്വിൻ. എന്തുകൊണ്ടെന്നാൽ നീതിമാന്റെ പ്രാർത്ഥനയുടെ ശക്തി വലിയതാകുന്നു.

(5) 1 യോഹ. 2: 27. തന്നിൽ നിന്നു നിങ്ങൾ കൈക്കൊണ്ടിട്ടുള്ള അഭിഷേകം നിങ്ങളുടെ പക്കൽ താമസിക്കുമെങ്കിൽ ഒരുത്തനും നിങ്ങളെ പഠിപ്പിപ്പാൻ ആവശ്യം ഇല്ല.

(5) എബ്രാ 5:4 അഹറോൻ എന്നപോലെ ദൈവത്താൽ വിളിക്കപ്പെടുന്നവൻ അല്ലാതെ ആരും ബഹുമാനത്തെ തനിക്കായിട്ടുതന്നെ എടുക്കുന്നില്ല.

(6) മത്ത. 19. 6. ആകയാൽ ദൈവം ഇണചേർത്തതിനെ മനുഷ്യൻ വേർതിരിക്കരുത്.

(7) യാക്കോ: 5. 14. നിങ്ങളിൽ ഒരുത്തൻ രോഗിയായിരിക്കുന്നു എങ്കിൽ അവൻ സഭയുടെ കശീശന്മാരെ വിളിക്കയും അവർ അവനുവേണ്ടി പ്രാർത്ഥിച്ചു നമ്മുടെ കർത്താവിന്റെ നാമത്തിൽ അവനെ എണ്ണപൂശുകയും ചെയ്യട്ടെ.

www.malankaralibrary.com

അവസ്ഥ മനസ്സുള്ളവക്കമാത്രവും ആവശ്യപ്പെട്ടവയാകുന്നു. സകല കൂദാശകളെയും അതാതിനു വേണ്ടിയ യോഗ്യതകളോടുകൂടെ കൈക്കൊള്ളേണ്ടതാകുന്നു. അപ്രകാരം കൈക്കൊള്ളുന്നവക്കു കൃപ ലഭിക്കയും തങ്ങളിലുള്ള കൃപ വദ്ധിക്കയും ചെയ്യുന്നു.

---

6—ാംസംഗതി

ശുദ്ധ മാമോദീസായെക്കുറിച്ച്.

മാമോദീസാ സകല കൂദാശകളിലുംവെച്ച് ഒന്നാമത്തേതു് ആകുന്നു. ഈ കൂദാശ കൈക്കൊള്ളാതെ മററുള്ളവയെ കൈക്കൊള്ളുവാൻ പാടുള്ളതല്ല. (1) മാമോദീസായാൽ പുത്രസ്വീകാരം ലഭിക്കയും (2) പാപമോചന

---

(8) സഖ. 8 1, 2 കത്താവു മോശയോടു സംസാരിച്ച് അവനോടു പറഞ്ഞു, നീ അഹറോനോടു സംസാരിച്ചു അവനോടു പറക, നീ വിളക്കുതണ്ടിനുനേരെ വിളക്കുകളെ കത്തിക്കുമ്പോൾ ഏഴു വിളക്കുകളും കത്തുന്നവനായിരിക്കണം. സഖ. 4. 2.

6—ാംസംഗതി

(1) ഗലാ. 3. 27, 29. എന്തുകൊണ്ടെന്നാൽ മിശിഹായിൽ മാമോദീസാ മുങ്ങിയവരായ നിങ്ങൾ മിശിഹായെ ധരിച്ചിരിക്കുന്നു നിങ്ങൾമിശിഹായിക്കുള്ളവരെങ്കിൽഇനി അബ്രഹാമിന്റെ സന്തതിയും വാഗ്ദത്തത്താൽ അവകാശികളും ആകുന്നു. യോ. 3. 5.

(2) അപ്പോ. 22 16. ഇപ്പോൾ നീ എന്തിനു താമസിക്കുന്നു. തന്റെ നാമം വിളിച്ചുകൊണ്ടു് എഴുനേററു മാമോദീസാ മുങ്ങി നിന്റെ പാപങ്ങളിൽനിന്നു വെടിപ്പുള്ളവനായിത്തീരുക. അപ്പോ. 2. 38 നിങ്ങൾ ശുദ്ധമുള്ള റൂഹായുടെ ദാനത്തെ കൈക്കൊൾവാനായിട്ടു പാപമോചനത്തിനായി

www.malankaralibrary.com

ത്തിനും ശുദ്ധമുള്ള റൂഹായുടെ ദാനത്തിനും, (3) ദൈവ പുത്രന്മാരുടെ സംഘത്തിലുള്ള സംബന്ധത്തിനും പാത്രീ ഭവിക്കയും ചെയ്യുന്നു (4) എന്നാൽ ഭക്തിയോടും വിശ്വാസത്തോടുംകൂടെ മാമോദീസാ മുതലായ കൂദാശകളെ കൈക്കൊള്ളേണ്ടതാകുന്നു (5) എന്തുകൊണ്ടെന്നാൽ പുത്രസ്വീകാരവും ദൈവസ്നേഹവും ലഭിക്കുന്നതു വിശ്വാസംവഴിയായിട്ടത്രെ. (6) മാമോദീസാ മുതലായ കൂദാശകളിൽഉപയോഗിച്ചുവരുന്ന മൂറോൻ സൈത്തു് വെള്ളം മുതലായ

---

നിങ്ങളിൽ ഓരോരുത്തൻ അനുതപിച്ചു കർത്താവായ യേശുവിന്റെ നാമത്തിൽ മാമോദീസാ മുങ്ങുവിൻ

(3) 1കോരി. 12. 13. എന്തുകൊണ്ടെന്നാൽ യഹൂദന്മാരാകട്ടെ, പുറജാതിക്കാരാകട്ടെ, ദാസന്മാരാകട്ടെ,സ്വാതന്ത്ര്യക്കാരാകട്ടെ നാം എല്ലാവരും ഏക ആത്മാവാൽ ഏക ശരീരത്തിലേക്കു മാമോദീസാ മുങ്ങുകയും നാം എല്ലാവരും ഏക ആത്മാവിനെ കുടിക്കയും ചെയ്തിരിക്കുന്നു.

(4) അപ്പോ. 8.36, 37. ആ! ഷണ്ഡൻ ഇതാ വെള്ളം ഞാൻ മാമോദീസാ മുങ്ങുന്നതിനു് എന്തു വിരോധം ഉള്ളു എന്നു പറഞ്ഞു. ഫീലിപ്പോസു പറഞ്ഞു—നീ പൂർണ്ണ ഹൃദയത്തോടെ വിശ്വസിക്കുന്നു എങ്കിൽ ന്യായമുണ്ടു് അവൻ ഉത്തരമായിട്ടു, യേശുമിശിഹാ ദൈവത്തിന്റെ പുത്രനാകുന്നു എന്നു ഞാൻ വിശ്വസിക്കുന്നു എന്നു പറഞ്ഞു

(5) ഗലാ 3. 26 എന്തുകൊണ്ടെന്നാൽ നിങ്ങടം എല്ലാവരും യേശുമിശിഹായിലുള്ള വിശ്വാസത്താൽ ദൈവത്തിന്റെ പുത്രന്മാർ ആകുന്നു.

(6) റോമാ 6.3, 4, അല്ലെങ്കിൽ യേശുമിശിഹായിൽ മാമോദീസാ മുങ്ങിയവരായ നാം തന്റെ മരണത്തിൽ മാമോദീസാ മുങ്ങിയെന്നു നിങ്ങടം അറിയുന്നില്ലയോ? എന്തുകൊണ്ടെന്നാൽ യേശുമിശിഹാ മരിച്ചവരുടെ ഇടയിൽ നിന്നു തന്റെ പിതാവിന്റെ മഹത്വത്തിൽ ഉയിർത്തെഴുന്നേ

www.malankaralibrary.com

സാധനങ്ങളും, വിശ്വാസം ഏററു പറയിക്കുക, കൈവെയ്ക്കുക, ഊതുക, നെററിമേൽ കുരിശടയാളം വരയ്ക്കുക മുതലായ കർമ്മങ്ങളും ദൈവത്തിൽനിന്നു നാം കൈക്കൊള്ളുന്ന പൽവരങ്ങളെയും നാം വിശ്വസിക്കേണ്ടവയും പ്രവർത്തിക്കേണ്ടവയുമായ മുറകളെയും മ്ശിഹാ പ്രവർത്തിച്ചവയും ദൈവാത്മാവ് അപ്രത്യക്ഷമായി പ്രവർത്തിക്കുന്നവയുമായ ഓരോ വ്യാപാരങ്ങളെയും ദൃഷ്ടാന്തപ്പെടുത്തി കാണിക്കുന്നവയാകുന്നു വെള്ളത്താൽ ശരീരത്തിന്റെ അഴുക്കുകളെ കഴുകിക്കളയുന്നപ്രകാരം സത്യവിശ്വാസത്തോടും ഭക്തിയോടുംകൂടെ മാമോദീസാ കൈക്കൊള്ളുന്നവർ തങ്ങളുടെ ആത്മാക്കളുടെ പാപക്കറകളെ കഴുകിക്കളയുന്നതിനാൽ സ്നാനം എന്ന് അർത്ഥമുള്ള മാമോദീസാ എന്നും

---

ററപ്രകാരം തന്നെ നാം പുതിയ ജീവനിൽ നടപ്പാനായിട്ടു തന്നോടുകൂടെ കബറടക്കപ്പെട്ടു. 1 പത്രോ 3. 21. ആസാദൃശത്തിൽതന്നെ നിങ്ങളും മാമോദീസായാൽ ജീവിക്കുന്നു ആയതുനിങ്ങൾ ശരീരത്തെ അഴുക്കിൽനിന്നു കഴുകുന്നതിനാൽ അല്ല, എന്നാലൊ ദൈവത്തിലും യേശുമിശിഹായുടെ ഉയിർപ്പിലും വെടിപ്പുള്ള മനസ്സാക്ഷിയാൽ ഏററുപറഞ്ഞുകൊണ്ടത്രെ യോഹ 20. 22 താൻ അവരിൽ ഊതി അവരോടു നിങ്ങൾ ശുദ്ധമുള്ള റൂഹായെ കൈക്കൊൾവിൻ എന്നു പറഞ്ഞു യോഹ. 13. 14. 15. നിങ്ങളുടെ യജമാനനും ഗുരുവുമായ ഞാൻ നിങ്ങൾക്കു നിങ്ങളുടെ കാലുകളെ കഴുകിയെങ്കിൽ നിങ്ങൾ തമ്മിൽ തമ്മിൽ കാലുകളെ കഴുകുവാൻ എത്രയോ കടപ്പെട്ടിരിക്കുന്നു എന്തുകൊണ്ടെന്നാൽ ഞാൻ നിങ്ങൾക്കു ചെയ്തപ്രകാരം നിങ്ങളും ചെയ്‌വാനായിട്ട് ഈ ദൃഷ്ടാന്തം ഞാൻ നിങ്ങൾക്കു തന്നിരിക്കുന്നു അപ്പോ. 8. 17. അപ്പോൾ അവർ അവരുടെമേൽ കൈവച്ചു അവർ ശുദ്ധമുള്ള റൂഹായെ കൈക്കൊള്ളുകയും ചെയ്തു.

www.malankaralibrary.com

(7) ഇതിനാൽ അറിവില്ലായ്മയുടെ അന്ധകാരത്തിൽനിന്നു ദൈവിക അറിവിന്റെ പ്രകാശത്തിലേക്ക് അടുത്തുവരുന്നതിനാൽ പ്രകാശമെന്നും (8) ആദ്യമെ സ്ത്രീകളുടെ ഗർഭപാത്രത്തിൽനിന്നു ജനിച്ചിരിക്കുന്നവർ രണ്ടാമതും മാമോദീസായാകുന്ന ഗർഭപാത്രത്തിൽനിന്നു കൃപയുടെ മക്കളായി ജനിക്കുന്നതിനാൽ വീണ്ടും ജനനമെന്നും ഇതിനു പേരുകൾ പറയുന്നുണ്ട്. കർമ്മപാപത്താൽ മാത്രം അല്ല ജന്മ പാപത്താലും മനുഷ്യജാതിമുഴുവനും ദൈവശിക്ഷയ്ക്കു പാത്രമായിത്തീർന്നിരിക്കകൊണ്ടും മാമോദീസാമൂലം പാപങ്ങൾ മോചിക്കപ്പെടുകയും ദൈവകൃപ ലഭിക്കയും ചെയ്യുന്നതിനാലും (9) ചെറിയ പൈതങ്ങൾക്കും മാമോദീസായുടെ നൾവരം വിരോധിച്ചുകൂടാത്തതാകുന്നു. മാമോദീസായിൽ മദ്ധ്യസ്ഥനെ നിറുത്തുന്നതു രക്ഷയ്ക്കായി തങ്ങളുടെ വാഞ്ഛയെ കാണിപ്പാനും ചെറിയ പൈതങ്ങളുടെ മാമോദീസായിൽ മാമോദീസാ മുങ്ങുന്ന പൈതങ്ങൾ നടത്തേണ്ട ഏറ്റുപറച്ചിൽ മുതലായ സംഗതികളെ അവർക്കു പകരം പ്രതിപുരുഷന്മാരായി നിന്നുകൊണ്ടു നടത്തു

---

(7) 1 പത്രൊ. 2. 9. എന്നാൽ നിങ്ങൾ അന്ധകാരത്തിൽനിന്നു തന്റെ വിശേഷമായ പ്രകാശത്തിലേക്കു നിങ്ങളെ വിളിച്ചവന്റെ സ്തുതികളെ അറിയിപ്പാനായിട്ടു തെരഞ്ഞെടുക്കപ്പെട്ടൊരു രാജപുരോഹിത കുലവും ശുദ്ധമുള്ള ജനവും രക്ഷപ്പെട്ട കൂട്ടവും ആകുന്നു.

(8) യോഹ. 3.3. ഒരുത്തൻ വീണ്ടും ജനിക്കുന്നില്ലെങ്കിൽ അവനു ദൈവത്തിന്റെ രാജ്യം കാണ്മാൻ കഴികയില്ല. തീത്തൊ, 3. 5. വീണ്ടും ജനനമാകുന്ന സ്നാനത്താലും ശുദ്ധമുള്ള റൂഹായുടെ പുതുക്കത്താലും താൻ നമ്മെ ജീവിപ്പിച്ചു.

www.malankaralibrary.com

വാനും അവരെ സത്യവിശ്വാസം മുതലായവറ്റു പഠിപ്പി
ക്കേണ്ടതിന ചുമതലക്കാരായിരിപ്പാനും അത്രെ. (10)
പാപമോചനത്തിന മാമോദീസാ ഒന്നുമാത്രമെ ഉള്ളു.
അതിനാൽ ഒരുത്തൻ മാമോദീസാ കൈക്കൊണ്ടശേഷം
മിശിഹായിലുള്ള വിശ്വാസം ഉപേക്ഷിക്കയും പിന്നത്തേ
തിൽ വിശ്വസിച്ചു തിരിച്ചുവരികയും ചെയ്താൽ അവനെ
രണ്ടാമത്തും മാമോദീസാ മുക്കുവാൻ ആവശ്യമില്ല, അനു
താപത്താൽ മാത്രം കൈക്കൊള്ളപ്പെടേണ്ടതാകുന്നു. എ
ന്നാൽ വി സഭയുടെ സത്യവിശ്വാസത്തിൽനിന്നു തെ
റ്റിയവരും പട്ടത്വത്തിന്റെ ശരിയായ കൈവെപ്പ് ഇ
ല്ലാത്തവരുമായ വേദവിപരീതികളാൽ കഴിക്കപ്പെടുന്ന
മാമോദീസാ പൂർണ്ണതയുള്ളതെന്നു വിചാരിക്കപ്പെടാതെ
ഹൂദായുടെ കാനോനിൽ വിവരിച്ചിരിക്കുന്ന പ്രകാരം അ
തതു വേദവിപരീതികളുടെ വിശ്വാസസ്ഥിതി നോക്കി
ചിലരെ തൈലാഭിഷേകത്തിന്റെ ശുശ്രൂഷ കഴിച്ചു മൂ
റോൻ മാത്രം പൂശുകയും ചിലരെക്കൊണ്ട് അവരുടെ വേ
ദവിപരീതങ്ങൾ ഉപേക്ഷിപ്പിക്ക മാത്രം ചെയ്കയും ചില
രെ മാമോദീസായുടെ ശുശ്രൂഷ മുഴുവനും തികച്ചു മാമോ
ദീസാ മുക്കുകയും ചെയ്യേണ്ടതാകുന്നു.

---

(9) മർക്കോ. 10. 13, 14. 16 താൻ അവരെ തൊ
ടേണ്ടുന്നതിന പൈതങ്ങളെ അവർ തന്റെ അടുക്കൽ കൊ
ണ്ടുവന്നു. എന്നാൽ അവരെ കൊണ്ടുവന്നവരെ തന്റെ ശി
ഷ്യന്മാർ ശാസിച്ചു. എന്നാറെ യേശു കണ്ടപ്പോൾ തനിക്ക്
ഇഷ്ടക്കേടായി അവരോട പറഞ്ഞു. പൈതങ്ങൾ എന്റെ
അടുക്കൽ വരുവാൻ വിടുവിൻ അവരെ വിരോധിക്കരുതു്,
എന്തുകൊണ്ടെന്നാൽ ദൈവത്തിന്റെ രാജ്യം ഇപ്രകാരമുള്ള
വരുടെ ആകുന്നു. താൻ തന്റെ ഭുജങ്ങളിൽ

www.malankaralibrary.com

## 7–ാം സംഗതി

### വിശുദ്ധ കുർബ്ബാനയെക്കുറിച്ചു്

കുർബ്ബാന എന്നതു നമ്മുടെ ആത്മാക്കളുടെ പുലർച്ചയ്ക്കും രക്ഷയ്ക്കും വേണ്ടി ഭക്ഷണവും പാനീയവുമായി കർത്താവീശോമിശിഹായുടെ തിരുശരീരരക്തത്തിനു നമ്മെ സംബന്ധിപ്പിക്കുന്നതായ ഒരു കൂദാശയത്രെ. (1) വചനമായ ദൈവം മനുഷ്യസ്വഭാവത്തോടു യോജിച്ചതിനാൽ തന്റെ മനുഷ്യത്വത്തിനും ദൈവമെന്നു പേരുവിളിക്കപ്പെട്ടിരിക്കുന്ന പ്രകാരം കുർബ്ബാനയിൽ അണയ്ക്കുന്ന അപ്പത്തിലും വീഞ്ഞിലും ശുദ്ധമുള്ള റൂഹായായ ദൈവം ആവസിക്കുന്നതിനാൽ (2) ഇതു് എന്റെ ശരീരം ആകുന്നു എന്നും ഇതു് എന്റെ രക്തം ആകുന്നു എന്നും ഉള്ള തന്റെ കല്പനപോലെ അവയെ കർത്താവിന്റെ ശരീര രക്തങ്ങളെന്നു വിശ്വസിപ്പാനുള്ളതാകുന്നു. അവ സ്വഭാവേന ശരീരരക്തങ്ങളെന്നല്ല, എന്നാലൊ കൃപയാലുള്ള ശരീര രക്തങ്ങളെന്നത്രെ. (3) കാഴ്ചയിലും രുചിയിലും വസ്തുഭേദ

---

അവരെ എടുത്തുകൊണ്ടു് അവരുടെ മേൽ തന്റെ കൈ വെച്ചു് അവരെ അനുഗ്രഹിച്ചു. ലൂക്ക 17. 10-14.

(10) എഫേ 4. 5. എന്തുകൊണ്ടെന്നാൽ ഒരു കർത്താവും ഒരു വിശ്വാസവും ഒരു മാമോദീസായും ആകുന്നു.

7–ാം സംഗതി.

(1) എബ്രാ. 2. 9. ദൈവം തന്റെ കൃപയാൽ എല്ലാവനുംവേണ്ടി മരണം ആസ്വദിച്ചു.

www.malankaralibrary.com

പ്പെട്ട ശരീരരക്തങ്ങളായി തീരുന്നില്ലെങ്കിലും (4) വിശ്വാസത്തോടും ഭക്തിയോടും കൂടെ കൈക്കൊള്ളുന്നവൎക്കു കൎത്താവിന്റെ ശരീരരക്തങ്ങളുടെ ഫലമായ പാപമോചനവും നിത്യജീവനും ലഭിക്കുന്നതാകുന്നു. (5) തിരിച്ചറിവും ഭ

---

(2) മൎക്കൊ 14. 22—23 അവർ ഭക്ഷിക്കുമ്പോൾ യേശു അപ്പം എടുത്തു വാഴ്ത്തി കണ്ടിച്ചു അവൎക്കു് കൊടുത്തു് അവരോടു പറഞ്ഞു: വാങ്ങുവിൻ ഇതു് എന്റെ ശരീരം ആകുന്നു, താൻ കാസായും എടുത്തു സ്തോത്രം ചെയ്തു വാഴ്ത്തി അവൎക്കു കൊടുത്തു അവർ എല്ലാവരും അതിൽനിന്നു കുടിക്കയും ചെയ്തു. താൻ അവരോടു പറഞ്ഞു. ഇതു പലൎക്കു വേണ്ടി ചിന്തപ്പെടുന്ന പുതിയനിയമത്തിന്റെ എന്റെ രക്തം ആകുന്നു, യോഹ 6 55, എന്തുകൊണ്ടെന്നാൽ എന്റെ ശരീരം സത്യമായിട്ടു ഭക്ഷണവും എന്റെ രക്തം സത്യമായിട്ടു പാനീയവും ആകുന്നു മത്താ 26 26—28 ലൂക്കൊ 22 19. 20 1കോരി 11 24—20

(3) 1 കോരി: 11: 26. എന്തുകൊണ്ടെന്നാൽ ഈ അപ്പത്തെ നിങ്ങൾ ഭക്ഷിക്കയും ഈ കാസായെ നിങ്ങൾ കുടിക്കയും ചെയ്യുമ്പോൾ ഒക്കെയും നമ്മുടെ കൎത്താവിന്റെ മരണത്തെ തന്റെ വരവിനോളം നിങ്ങൾ ഓൎപ്പിക്കുന്നു.

(4) 1കോരി 11 28 ഇതു ഹേതുവായിട്ടു തന്നെത്താൻ ശോധന ചെയ്തിട്ടു് ഈ അപ്പത്തിൽനിന്നു ഭക്ഷിക്കയും ഈ കാസായിൽനിന്നു കുടിക്കയും ചെയ്യട്ടെ! മത്ത 26:28 ഇതു പാപമോചനത്തിനായി പലൎക്കുംവേണ്ടി ചിന്തപ്പെടുന്ന പുതിയനിയമത്തിന്റെ എന്റെ രക്തം ആകുന്നു യോഹ 6 51 53, 54 56 57 ഞാൻ സ്വൎഗ്ഗത്തിൽനിന്നു് ഇറങ്ങിവന്ന ജീവനുള്ള അപ്പം ആകുന്നു, ഒരുത്തൻ ഈ അപ്പത്തിൽനിന്നു് ഭക്ഷിച്ചാൽ അവൻ എന്നേക്കും ജീവിക്കും യേശു അവരോടു പറഞ്ഞു; ഞാൻ സത്യമായിട്ടു സത്യമായിട്ടു നിങ്ങളോടു

www.malankaralibrary.com

കുറിയും കൂടാതെ ഭക്ഷിക്കുന്നവർക്കൊ ശിക്ഷാവിധി ഉണ്ടാകയും ചെയ്യും. (6) കുർബ്ബാന മിശിഹായുടെ ശരീരരക്തങ്ങളുടെ ഒരു സംബന്ധം എന്നു മാത്രമല്ല (7) പുതിയനിയമപ്രകാരമുള്ള ഒരു ബലിയും കാഴ്ചയുംകൂടെ അത്രെ. (8) ഈ ബലി മിശിഹായുടെ ഏക ബലി ഉണ്ടാകുവാനിരിക്ക

---

പറയുന്നു. നിങ്ങാം മനുഷ്യപുത്രന്റെ ശരീരത്തെ ഭക്ഷിക്കയും തന്റെ രക്തത്തെ കുടിക്കയും ചെയ്കയില്ലെങ്കിൽ നിങ്ങളിൽതന്നെ ജീവൻ ഇല്ല. എന്നാൽ എന്റെ ശരീരത്തിൽനിന്നു ഭക്ഷിക്കയും എന്റെ രക്തത്തിൽനിന്നു കുടിക്കയും ചെയ്യുന്നവനു നിത്യജീവൻ ഉണ്ടു്. അവസാന ദിവസത്തിൽ ഞാൻ അവനെ ഉയർപ്പിക്കയും ചെയ്യും. എന്റെ ശരീരത്തെ ഭക്ഷിക്കയും എന്റെ രക്തത്തെ കുടിക്കയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും പാർക്കുന്നു. ജീവനുള്ള പിതാവു് എന്നെ അയച്ചിട്ടു ഞാൻ പിതാവുമൂലം ജീവനുള്ളവനായിരിക്കുന്ന പ്രകാരം എന്നെ ഭക്ഷിക്കുന്നവനും ഞാൻ മൂലം ജീവിക്കും.

(5) 1 കോരി 11 29, 30 എന്തുകൊണ്ടെന്നാൽ 'അയോഗ്യമായി അതിൽനിന്നു ഭക്ഷിച്ചുകുടിക്കുന്നവൻ കർത്താവിന്റെ ശരീരത്തെ വിവേചിക്കായ്കയാൽ തനിക്കു താൻ ശിക്ഷാവിധിയെ ഭക്ഷിച്ചുകുടിക്കുന്നു. ഇതു ഹേതുവായിട്ടു നിങ്ങളിൽ പലർ ബലഹീനന്മാരും രോഗികളും ആകുന്നു. പലർ നിദ്രപ്രാപിക്കയും ചെയ്യുന്നു.

(6) 1കോരി 10 16 നാം വാഴ്ത്തുന്ന സ്തോത്രത്തിന്റെ കാസാ മിശിഹായുടെ രക്തത്തിന്റെ സംബന്ധം അല്ലയോ? നാം മുറിക്കുന്ന അപ്പം മ്ശിഹായുടെ ശരീരത്തിന്റെ സംബന്ധം അല്ലയോ?

(7) മലാ 1-11 എന്തെന്നാൽ സൂര്യോദയംമുതൽ അതിന്റെ അസ്തമനം വരെയ്ക്കും എന്റെ നാമം പുറജാതികളിൽ വലിയതാകുന്നു എല്ലാസ്ഥലത്തും അവർ ധൂപം വയ്ക്കും എന്റെ

www.malankaralibrary.com

ന്നു എന്നു മുൻകുറി കാണിച്ചിരുന്ന രക്തബലി മുതലായ ന്യായ പ്രമാണ ബലികളെക്കാൾ ഫലമേറിയതും മഹിമയേറിയതും ആകുന്നു. (9) ലോകരക്ഷയ്ക്കുവേണ്ടിയുള്ള മിശിഹായുടെ ഏക ബലി നിവൃത്തിച്ചിരിക്കുന്നു എന്നു് ഇതിനാൽ കാണിക്കയും തന്റെ ജനനം, പരസ്യ ശുശ്രൂഷ, മരണം, കബറടക്കം ഉയിർത്തെഴുന്നേല്പു് മുതലായവയെ ഓ

---

നാമത്തിന്നു വെടിപ്പുള്ള കാഴ്ചകളെ അണയ്ക്കയും ചെയ്യുന്നു എന്തെന്നാൽ എന്റെ നാമം പുറജാതികളിൽ വലിയതാകുന്നു എന്നു സർവ്വശക്തിയുള്ള കർത്താവു പറയുന്നു. മത്താ 5 23, 24 ബലിപീഠത്തിങ്കൽ നിന്റെ കാഴ്ചയെ നീ കൊണ്ടു ചെല്ലുകയും നിന്റെ സഹോദരനു് നിന്റെനേരെ വല്ലതും വഴക്കുണ്ടെന്നു് അവിടെവെച്ചു നീ ഓർക്കയും ചെയ്താൽ നിന്റെ കാഴ്ചയെ അവിടെ ബലിപീഠത്തിൻ മുമ്പാകെ വച്ചേച്ചു മുന്നമെപോയി നിന്റെ സഹോദരനോടു രമ്യതപ്പെടുക. പിന്നെ വന്നു നിന്റെ കാഴ്ച അണയ്ക്കു എഫേ 5–2 മിശിഹാ നമ്മെ സ്നേഹിച്ചു പരിമളവാസനയായി നമുക്കുവേണ്ടി ദൈവത്തിന്നു തന്നെത്തന്നെ കാഴ്ചയും ബലിയുമായി ഏല്പിച്ച പ്രകാരം സ്നേഹത്തിൽ നടക്കയും ചെയ്‌വിൻ.

(8) എബ്രാ. 10. 1. എന്തുകൊണ്ടെന്നാൽ ന്യായപ്രമാണത്തിന്നു വരുവാനുള്ള നന്മകളുടെ നിഴൽ ഉണ്ടായിരുന്നു. ആയതു കാര്യങ്ങളുടെ സത്യരൂപം അല്ലായിരുന്നു. എബ്രാ. 9. 13, 14 എന്തുകൊണ്ടെന്നാൽ ആട്ടുകൊററന്മാരുടേയും കാളക്കുട്ടികളുടേയും രക്തവും പശുക്കിടാവിന്റെ ചാരവും അശുദ്ധപ്പെട്ടിരുന്നവരുടെമേൽ തളിക്കപ്പെടുകയും ജഡത്തിന്റെ വെടിപ്പിനായി അവരെ ശുദ്ധീകരിക്കയും ചെയ്തു എങ്കിൽ നിത്യാത്മാവാൽ ദൈവത്തിന്നു കുററം കൂടാതെ തന്നെത്തന്നെ കാഴ്ച അണച്ച മിശിഹായുടെ രക്തം ജീവനുള്ള ദൈവത്തിന്നു ശുശ്രൂഷ ചെയ്‌വാനായിട്ടു മരിച്ച ക്രിയകളിൽനിന്നു നമ്മുടെ മനസ്സാക്ഷിയെ എത്ര അധികം വെടിപ്പാക്കും.

www.malankaralibrary.com

പ്പിക്കയും ചെയ്യുന്നു. കർബ്ബാനയിൽ ഉപയോഗിക്കുന്ന അപ്പം, വീഞ്ഞു്, തബലൈത്താ മുതലായ സാധനങ്ങളും പട്ടക്കാർ നിവൃത്തിക്കുന്ന അപ്പം കണ്ടിപ്പു് ആഘോഷം മുതലായ കർമ്മങ്ങളും മിശിഹാ തൻെറ ഏക ബലിയിൽ ഉപയോഗിച്ച സാധനങ്ങളേയും കർമ്മങ്ങളേയും മററും ദൃഷ്ടാന്തപ്പെടുത്തുന്നവയാകുന്നു. കണ്ടിപ്പിൻെറ ശുശ്രൂഷയാകുന്ന ശരീരവും രക്തവും തമ്മിലുള്ള കലർത്തിപ്പു കൂടാതെ ശരീരം മാത്രമോ രക്തം മാത്രമോ ജനത്തിനു കൊടുപ്പാൻ അധികാരമില്ല. (10) കണ്ടിപ്പിൻെറ ശുശ്രൂഷയാൽ ശരീരത്തിൽ രക്തവും രക്തത്തിൽ ശരീരവും യോജിപ്പിക്കുന്നതിനാൽ കാസായിൽ നിന്നോ പീലാസായിൽ നിന്നോ കൊടുക്കാവുന്നതും അവ രണ്ടിൽ നിന്നും കൂടെ കൊടുക്കുന്ന ശരീരവും രക്തവും ഈ രണ്ടു തവണ കൊടുക്കുന്നതായാൽ ആയതു് അനാവശ്യവും ആകുന്നു. കുർബ്ബാന കൈക്കൊള്ളുന്നവർ സത്യകുമ്പസാരം കഴിച്ച വിശ്വാസത്തോടും ഭക്തിയോടും പ്രാർത്ഥനയോടും കർബ്ബാനയുടെ ബഹുമാനത്തിനായി നോമ്പു മുതലായ ഒരുക്കങ്ങളോടുംകൂടെ കൈക്കൊള്ളേണ്ടതാകുന്നു. അത്യന്തം രോഗത്തിൽ കിടക്കുന്നവക്കു ഭക്ഷണത്തിൽ നിന്നുള്ള ഉപവാസം കൂടിയെ മതിയാവു എന്നു നിർബ്ബന്ധമില്ല. (11) മശിഹാ തൻെറ തി

---

(9) ലൂക്കൊ. 22 19 ഇതിനെ നിങ്ങടെ എൻെറ ഓർമ്മക്കായിട്ടു ചെയ്യുന്നവരാകുവീൻ. 1 കോരി. 11; 20, 24–26.

(10) റോമാ. 6–9. എന്തുകൊണ്ടെന്നാൽ മിശിഹാ മരിച്ചവരുടെ ഇടയിൽനിന്നു് ഉയർത്തെഴുന്നേററു എന്നും ഇനി താൻ മരിക്കയില്ലെന്നും മരണം തന്നിൽ അധികാരപ്പെട്ടതില്ലെന്നും നാം അറിയുന്നു എശാ 6, 6–7 സ്രാപ്പേന്മാരിൽ

www.malankaralibrary.com

ദുവത്താഴത്തിൽ ഉപയോഗിച്ച അപ്പം പുളിപ്പുള്ളതായിരുന്ന പ്രകാരംതന്നെ കർബ്ബാനയിൽ പുളിപ്പുള്ള അപ്പം ഉപയോഗിക്കേണ്ടതാകുന്നു. (12) താൻ സകല ലോകത്തേയും ജീവിപ്പിക്കുന്ന ജീവന്റെ പുളിപ്പാകുന്നു എന്നു് ഇതിനാൽ ദൃഷ്ടാന്തപ്പെടുത്തുകയും ചെയ്യുന്നു.

---

ഒരുത്തൻ കൊടിൽ കൊണ്ടു ബലിപീഠത്തിൽ നിന്നു് അവന്റെ കയ്യിൽ ഒരു തീക്കട്ട എടുത്തുകൊണ്ടു് എന്റെ അടുക്കലേക്കു പറന്നുവന്നു എന്റെ വായിക്കു തൊട്ടു് എന്നോടു് പറഞ്ഞു.— കണ്ടാലും നിന്റെ അന്യായം നീങ്ങിപ്പോകുവാനും നിന്റെ പാപങ്ങൾ മോചിക്കപ്പെടുവാനുമായിട്ടു് ഇതു നിന്റെ അധരങ്ങളെ തൊട്ടിരിക്കുന്നു യോഹ 6, 51.

(11) മാർക്കൊ, 14, 22, അവർ ഭക്ഷിക്കുമ്പോൾ യേശു*അപ്പം എടുത്തു വാഴ്ത്തി. 1 കോരി. 5, 8. ഇതുഹേതുവായിട്ടു നാം പെരുനാൾ ആചരിക്കണം. ആയതു പഴയ പുളിമാവാൽ അല്ല, തിന്മയുടെയും കൈപ്പിന്റെയും പുളിമാവാലും അല്ല, എന്നാലോ വെടിപ്പിന്റെയും ശുദ്ധതയുടെയും പുളിമാവാൽ അത്രെ.

(12) മത്താ. 13, 33, മറെറാരു ഉപമ താൻ അവരോടു പറഞ്ഞു: മൂന്നുപറ മാവു മുഴുവനും പുളിക്കുവോളം ഒരു സ്ത്രീ എടുത്തു് അതിൽ ഒളിച്ചുവെച്ചിട്ടുള്ള പുളിച്ചമാവിനു സ്വർഗ്ഗരാജ്യം സദൃശമാകുന്നു.

---

* സുറിയാനിയിൽ ഇവിടെ അപ്പം എന്നു് ഉപയോഗിച്ചിരിക്കുന്ന പദം പുളിച്ച മാവുകൊണ്ടു് ഉണ്ടാക്കുന്ന അപ്പത്തിനു് ഉപയോഗിക്കുന്നതല്ലാതെ പുളിപ്പില്ലാത്തതുകൊണ്ടു് ഉണ്ടാക്കുന്ന അപ്പത്തിനു് ഉപയോഗിക്കുന്നതല്ല.

www.malankaralibrary.com

## 8-ാം സംഗതി.

### കുമ്പസാരത്തെക്കുറിച്ച്.

കുമ്പസാരം എന്നതു തങ്ങൾ ചെയ്തുപോയിട്ടുള്ള പാപങ്ങളെക്കുറിച്ചു ദൈവത്തിന്റെ സ്ഥാനപതിയായ പട്ടക്കാരന്റെ മുമ്പാകെ ഏറ്റു പറഞ്ഞു ദൈവത്തോട് അനുതാപംമൂലം പട്ടക്കാരൻ വഴിയായി പാപത്തിൽ നിന്നു മോചനം ലഭിക്കയും ചെയ്യുന്നതായ ഒരു കൂദാശയത്രെ. ഇതിനു് അനുതാപത്തിന്റെ രഹസ്യം എന്നും കൂടെ പേർ പറയപ്പെടുന്നുണ്ട്. [1] പട്ടക്കാർ ദൈവത്തിന്റെ സ്ഥാനപതികളായി പൊതുവെ ജനത്തോട പ്രസംഗിച്ചു ഗുണദോഷിക്കയും പരസ്യമായ പാപങ്ങൾക്കു പരസ്യമായി ശാസിക്കയും അവരെ സത്യവഴിയിൽ നടത്തുകയും ചെയ്യേണ്ടതുകൂടാതെ കഴിയുന്നതായിരുന്നാൽ ഓരോരുത്തരുടെ പ്രവൃത്തികളും അകമെയുള്ള സ്ഥിതിയും ഏതുപ്രകാരം ഇരിക്കുന്നു എന്നു് അറിഞ്ഞു പ്രത്യേകം ഓരോരുത്തർക്കുവേണ്ടിയിരിക്കുന്നപ്രകാരമുള്ള ഗുണദോഷങ്ങൾ പറഞ്ഞുകൊടുത്തു് അവരെ വഴിതെറ്റിൽനിന്നു തിരിപ്പിക്കയും അവരുടെ പാപങ്ങളെക്കുറിച്ച് ഒരു പിതാവിനെപ്പോലെ സ്നേഹത്തോടുകൂടെ ശാസിക്കയും നോമ്പ് ധർമ്മം മുതലായി ഓരോരുത്തർക്കു തക്കതായ ചില പ്രായശ്ചിത്തങ്ങൾ

---

8-ാം സംഗതി

(1) മലാഖി 2, 7. എന്തുകൊണ്ടെന്നാൽ പട്ടക്കാരന്റെ അധരങ്ങൾ അറിവിനെ പൊടിപ്പിക്കുന്നു. അവർ അവന്റെ വായിൽനിന്നു ന്യായപ്രമാണത്തെ ചോദിക്കുന്നു.

www.malankaralibrary.com

നിശ്ചയിക്കയും കൎത്താവിന്റെ നീതിയെ ചൂണ്ടിക്കാണിച്ചു ഭയപ്പെടുത്തുകയും തന്റെ കരുണയെ കാണിച്ചു കൃപയിൽ ആശ്രയിപ്പിച്ചു് ആശ്വസിപ്പിക്കയും (2) അവരുടെമേൽ പാപപരിഹാരത്തിന്റെ പ്രാൎത്ഥന കഴിച്ചു കൎത്താവിന്റെ നാമത്തിൽ അവരെ അനുഗ്രഹിക്കയും ചെയ്യേണ്ടതു് എത്രയും യോഗ്യവും മുറയും ആകുന്നു. ഇപ്രകാരം പട്ടക്കാരൻ ചെയ്യേണ്ടതിനു് ഓരോരുത്തരുടെ പ്രവൃത്തികളും സ്ഥിതിയും ഏതുപ്രകാരം ഇരിക്കുന്നു എന്നു് അറിവാൻ ആവശ്യമാകയാൽ (3) കുമ്പസാരിക്കുന്നവർ തങ്ങളുടെ സകല പാപങ്ങളേയും മനസ്സാക്ഷിയുടെ സ്ഥിതിയേയും പട്ടക്കാരനോടു വെളിപ്പെടുത്തേണ്ടതാകുന്നു (4) കുമ്പസാരത്തിൽ

---

എന്തുകൊണ്ടെന്നാൽ, അവൻ സൎവ്വശക്തിയുള്ള കൎത്താവിന്റെ ദൂതൻ ആകുന്നു ഹെസ. 3. 17—21. മനുഷ്യപുത്രാ! നീ എന്റെ വായിൽനിന്നു വചനങ്ങളെ കേട്ടു് എന്നിൽനിന്നു് അവരെ ഓൎമ്മപ്പെടുത്തുവാനായിട്ടു് ഇസ്രായേൽ ഭവനക്കാൎക്കു ഞാൻ നിന്നെ ഒരു കാവല്ക്കാരനായി കൊടുത്തിരിക്കുന്നു. പാപിയോടു നീ മരിക്കുമെന്നു ഞാൻ പറയുമ്പോൾ നീ അവനെ ഓൎമ്മപ്പെടുത്താതെയും പാപിയോടു് അവൻ അവന്റെ വഴിയിൽനിന്നു സൂക്ഷ്മപ്പെട്ടു ജീവിപ്പാൻ നീ പറയാതെയും ഇരുന്നാൽ ആ പാപി അവന്റെ അന്യായത്തിൽ മരിക്കും, നിന്റെ കൈകളിൽനിന്നു് അവന്റെ രക്തത്തെ ഞാൻ പ്രതിപകരം ചോദിക്കയും ചെയ്യും ഇത്യാദി. തീത്തോ. 1,9 അവൻ തന്റെ സൗഖ്യോപദേശത്താൽ ആശ്വസിപ്പിപ്പാനും തൎക്കിക്കുന്നവരെ ശാസിപ്പാനും കഴിവാനായിട്ടു വിശ്വാസവചനത്തിന്റെ ഉപദേശത്തെക്കുറിച്ചു താല്പൎയ്യമുള്ളവനും ആയിരിക്കണം. 1 തീമോ. 5 20. മനുഷ്യരിൽ ശേഷംപേരും ഭയപ്പെടുവാനായിട്ടു പാപം ചെയ്യുന്നവരെ എല്ലാവരുടേയും മുമ്പാകെ ശാസിക്ക

(2) ലേവ്യ 5. 5—6 ഇവയിൽ ഒന്നിൽ അവൻ പാപം ചെയ്യുമ്പോൾ താൻ അതിൽ ചെയ്തുപോയി എന്നു് ഏറ്റു

www.malankaralibrary.com

പട്ടക്കാരനോട് ഏററുപറയുന്ന രഹസ്യപാപങ്ങളെ പട്ടക്കാരൻ ഒരുത്തനോടും വെളിപ്പെടുത്തുകയും അരുത്. വെളിപ്പെടുത്തുന്ന പട്ടക്കാരൻ ശിക്ഷാവിധിക്ക യോഗ്യനായിത്തീരുകയും ചെയ്യും. (5) പട്ടക്കാൎക്ക പാപങ്ങളെ മോചിപ്പാനുള്ള അധികാരം അവരുടെ സ്വന്ത നീതിയാലോ അധികാരത്താലോ അല്ല, (6) അവരുടെ ഗുണദോ

---

പറയണം ഇത്യാദി........ പട്ടക്കാരൻ അതിന്റെ പാപത്തിൽനിന്ന് അവനുവേണ്ടി പരിഹാരം ചെയ്കയും വേണം.

(3) ആവൎത്ത. 26. 3-10 ആ നാളുകളിലിരിക്കുന്ന പട്ടക്കാരന്റെ അടുക്കൽ നീ വന്ന് അവനോടു പറയേണ്ടതു് എന്തെന്നാൽ ഇത്യാദി,........സങ്കീ 111 1 ഞാൻ സഭയിൽ നേരുള്ളവരുടെ ഗുണദോഷത്താൽ എന്റെ പൂൎണ്ണഹൃദയത്തോടെ കൎത്താവിനോട് ഏററു പറയും. മത്താ 3. 6. അവർ തങ്ങളുടെ പാപങ്ങളെ ഏററുപറഞ്ഞുകൊണ്ടു യോൎദ്ദാൻ നദിയിൽ അവനാൽ മാമോദീസാമുങ്ങുകയും ചെയ്തു. മത്താ 8. 4. യേശു അവനോടു പറഞ്ഞു. നോക്ക നീ ഒരുത്തനോടും പറയരുത്, എന്നാൽ നീ പോയി നിന്നെത്തന്നെ പട്ടക്കാൎക്ക കാണിച്ച് അവരുടെ സാക്ഷിക്കായി മോശ കല്പിച്ചിട്ടുള്ള പ്രകാരം കാഴ്ച അണയ്ക്കു അപ്പോ. 19. 18 വിശ്വസിച്ചവരിൽ പലരും വന്നു തങ്ങളുടെ പിഴകളെ അറിയിക്കയും ചെയ്തു. യാക്കോ 5. 16. നിങ്ങൾ സൌഖ്യപ്പെടുവാനായിട്ടു തമ്മിൽ തമ്മിൽ നിങ്ങളുടെ പിഴകളെ ഏററുപറകയും ഒരുത്തനുവേണ്ടി ഒരുത്തൻ പ്രാൎത്ഥിക്കയും ചെയ്‌വിൻ എന്തുകൊണ്ടെന്നാൽ നീതിമാന്റെ പ്രാൎത്ഥനയുടെ ശക്തി വലിയതാകുന്നു. സംഖ്യ 5. 6, 7. ലേവ്യ 13. സദൃ. 28. 13

(4) സദൃ. 11-13 ഏഷണിക്കാരൻ രഹസ്യത്തെ വെളിപ്പെടുത്തുന്നു. തന്റെ ആത്മാവിൽ വിശ്വാസമുള്ളവൻ വചനത്തെ മറയ്ക്കുന്നു. സദൃ 25 9. നീ നിന്റെ സഖിയോടു വ്യ

www.malankaralibrary.com

ഷത്താലും (7) പ്രാൎത്ഥനയാലും (5) കത്താവിൽനിന്നു് അവൎക്കു ലഭിച്ചിട്ടുള്ള നൽവരത്താലും അവർ വഴിയായി പാപികൾക്കു മോചനം ലഭിക്കുന്നതിനെക്കുറിച്ചു പറയുന്ന തത്രെ പത്രോസിന്റെ പ്രാൎത്ഥനയാൽ കൎത്താവു് ഉയൎപ്പിച്ചു സ്ത്രീയെ പത്രോസ് ഉയൎപ്പിച്ചു എന്നു പറയുന്നതു നീതിയെങ്കിൽ കുമ്പസാരത്തിലും മററും പട്ടക്കാർ വഴിയായി കൎത്താവു ചെയ്തുകൊടുക്കുന്ന പാപമോചനത്തെക്കുറിച്ചു

---

(5) അപ്പോ 3. 12. ശിമഒാൻ കണ്ടപ്പോൾ ഉത്തരമായിട്ടു് അവരോടു പറഞ്ഞു. ഇസ്രായേൽ പുത്രന്മാരായ പുരുഷന്മാരെ ഇവനിൽ എന്തുകൊണ്ടു നിങ്ങൾ അത്ഭുതപ്പെടുന്നു, അല്ലെങ്കിൽ ഇവൻ നടപ്പാനായിട്ടു ഞങ്ങളുടെ ശക്തിയാലോ ഞങ്ങളുടെ അധികാരത്താലോ ഇതു് ഞങ്ങൾ ചെയ്തപ്രകാരം ഞങ്ങളിൽ എന്തിനു നിങ്ങൾ സൂക്ഷിക്കുന്നു!

(6) യാക്കോ 5. 19,20 എന്റെ സഹോദരന്മാരെ! നിങ്ങളിൽ ഒരുത്തൻ സത്യത്തിന്റെ വഴിയിൽനിന്നു തെററിപ്പോകയും അവന്റെ വഴിത്തെററിൽനിന്നു് ഒരുത്തൻ അവനെ തിരിപ്പിക്കയും ചെയ്താൽ പാപിയെ അവന്റെ വഴിതെററിൽനിന്നു തിരിപ്പിക്കുന്നവൻ മരണത്തിൽനിന്നു അവന്റെ ആത്മാവിനെ ജീവിപ്പിക്കുന്നു. എന്നും അവന്റെ പാപങ്ങളുടെ ബഹുത്വത്തെ മായിച്ചുകളയുന്നു എന്നും അറിഞ്ഞുകൊള്ളട്ടെ

(7) 1 തീമോ. 2—1 ആകയാൽ നിന്നോടു ഞാൻ അപേക്ഷിക്കുന്നു. നീ സകലത്തിനും മുമ്പെ എല്ലാ മനുഷ്യൎക്കും വേണ്ടി അപേക്ഷയും പ്രാൎത്ഥനയും യാചനയും സ്തോത്രവും ദൈവത്തിനു് അണയ്ക്കണം,

www.malankaralibrary.com

പട്ടക്കാൎക്ക പാപങ്ങളെ മോചിപ്പാൻ അധികാരം ഉണ്ടെന്നു പറയുന്നതു് "നിങ്ങൾ ഒരുത്തനോട്ട പാപങ്ങളെ ക്ഷമിക്കമെങ്കിൽ അവനോട്ട ക്ഷമിക്കപ്പെട്ടും" എന്നുള്ള കൎത്താവിന്റെ കല്പനയ്ക്കു ചേരുന്നതെന്നല്ലാതെ യാതൊരു പ്രകാരത്തിലും ദൈവദൂഷണമായിത്തീരുന്നതല്ല.

---

9-ാം സംഗതി

വിശുദ്ധ തൈലങ്ങളെക്കുറിച്ചു്

(1) മാമോദീസായിൽ നാം മിശിഹായെ ധരിക്കയും 2) വെള്ളത്തിൽനിന്നുമാത്രം അല്ല ശുദ്ധമുള്ളറൂഹായിൽനിന്നുകൂടെ വീണ്ടും ജനിക്കയും (3) അവനാൽ അഭിഷേ

---

(8) യോഹ. 20. 22, 23 ഇവ താൻ പറഞ്ഞിട്ട അവരിൽ ഊതി അവരോട്ട പറഞ്ഞു: നിങ്ങൾ ശുദ്ധമുള്ള റൂഹായെ കൈക്കൊൾവിൻ നിങ്ങൾ ഒരുത്തനോട്ട പാപങ്ങളെ ക്ഷമിക്കമെങ്കിൽ അവനോട്ട ക്ഷമിക്കപ്പെട്ടും ഒരുത്തന്റേതു പിടിക്കമെങ്കിൽ അവ പിടിക്കപ്പെട്ടിരിക്കയും ചെയ്യും. 1 തീമോ. 4. 14. ദീൎഘദൎശനത്താലും കശീശ്ശുസായുടെ കൈവെപ്പാലും നിനക്ക നൽകപ്പെട്ടിട്ടുള്ളതായി നിന്നിലുള്ള നൽവരത്തിൽ നീ നിന്ദിക്കരുതു്.

9-ാം സംഗതി.

(1) ഗലാ. 3. 27 എന്തുകൊണ്ടെന്നാൽ മിശിഹായിൽ മാമോദീസാ മുങ്ങിയവരായ നിങ്ങൾ മിശിഹായെ ധരിച്ചിരിക്കുന്നു.

(2) യോഹ. 3. 5. ഒരുത്തൻ വെള്ളത്തിൽനിന്നും ആത്മാവിൽനിന്നും ജനിക്കുന്നില്ലെങ്കിൽ അവനു ദൈവത്തിന്റെ രാജ്യത്തിലേക്ക പ്രവേശിപ്പാൻ കഴികയില്ല.

(3) എഫെ. 1. 13. തന്നിൽ നിങ്ങൾ വിശ്വസിക്ക

www.malankaralibrary.com

ഷം ചെയ്യപ്പെട്ട ജീവങ്കലേക്ക മുദ്ര കുത്തപ്പെടുകയും ചെയ്യേണ്ടത്തു് ആവശ്യം ആകയാൽ അവയുടെ ദൃഷ്ടാന്തത്തിനായി ശുദ്ധമുള്ള മൂറോൻ ശുദ്ധീകരിക്കപ്പെട്ട സൈത്തു് എന്ന വി. തൈലങ്ങളാൽ അഭിഷേകം ചെയ്യപ്പെടുകയും മുദ്ര കുത്തപ്പെടുകയും ചെയ്യേണ്ടതാകുന്നു. (4) പ്രധാന മേല്പട്ടക്കാരനാൽ മാത്രം ശുദ്ധീകരിക്കപ്പെടുന്ന മൂറോൻ മാമോദീസായിൽ ഉപയോഗിച്ചുവരുന്നതു കൂടാതെ പള്ളിക്കൂദാശ, തബിലൈത്താ കൂദാശ ഇവകളിലും മേല്പട്ടക്കാരാൽ ശുദ്ധീകരിക്കപ്പെടുന്ന സൈത്തു മാമോദീസായിലും ഉപയോഗിച്ചുവരുന്നു. എന്നാൽ ഈ വിശുദ്ധതൈലങ്ങൾ കൊണ്ടുള്ള ഉപയോഗം നാം മിശിഹായെ ധരിക്കയും ശുദ്ധമുള്ള റൂഹായാൽ വീണ്ടും ജനിക്കയും തന്നാൽ ജീവങ്കലേക്ക മുദ്രകുത്തപ്പെടുകയും ചെയ്യണമെന്നു പഠിപ്പിക്കയും അങ്ങനെ ചെയ്യുന്നു എന്നു ക്രിയയാൽ ദൃഷ്ടാന്തപ്പെടുത്തി കാണിക്കയും ചെയ്യുന്നു. ഇങ്ങനെ ഉപയോഗിക്കുമ്പോൾ ആത്മാവിലും അപ്രകാരം ഫലിക്കത്തക്കവണ്ണം വിശ്വാസത്തോടും ഭക്തിയോടും കൂടെ അവയെ ഉപയോഗിക്കേണ്ടതാകുന്നു.

---

യും വാഗ്ദത്തം ചെയ്യപ്പെട്ട ശുദ്ധമുള്ള റൂഹായാൽ മുദ്രകുത്തപ്പെടുകയും ചെയ്തു.

(4) പുറ. 30. 22—23. കർത്താവു മോശയോടു സംസാരിച്ചു അവനോടു പറഞ്ഞു ഇത്യാദി. പാട്ടു 3. 6. മൂരുകൊണ്ടും കുന്തുരുക്കംകൊണ്ടും സകലവിധ പരിമളപ്പൊടികൾ കൊണ്ടും പരിമളപ്പെട്ടിരിക്കുന്ന പുകയാവിപോലെ വനത്തിൽനിന്നു കരേറിവരുന്ന ഇവൾ ആരാകുന്നു. 1 യോഹ 2. 27. തന്നിൽനിന്നു നിങ്ങൾ കൈക്കൊണ്ടിട്ടുള്ള അഭിഷേകം നിങ്ങളുടെ പക്കൽ താമസിക്കുന്നെങ്കിൽ ഒരുത്തനും

www.malankaralibrary.com

## 10–ാം സംഗതി

### പട്ടത്വത്തെക്കുറിച്ച്

(1) പട്ടക്കാർ ഭൂമിക്കടുത്തവരെ സ്വർഗ്ഗത്തിന്നടുത്തവരും മൃഗസ്വഭാവികളെ ദൈവസ്വഭാവികളുമാക്കിത്തീർക്കുന്നതിനുള്ള വഴികാട്ടികളും (2) കാണപ്പെടാവതല്ലാത്ത ദൈവത്തിൻെറ സ്ഥാനപതികളും (3) തൻെറ സഭയ്ക്ക് ഏൽപ്പിക്കപ്പെട്ടിരിക്കുന്ന വി. കൂദാശകളെ ശുശ്രൂഷിക്കുന്നവരും ആകുന്നു. (4) ഒരുത്തനു സ്വമേധയാ തനിക്കായിട്ടു ഈ സ്ഥാനത്തെ പ്രാപിപ്പാൻ കഴിയുന്നതല്ല (5) ദൈവത്തിൻെറ ഇഷ്ടപ്രകാരം തെരഞ്ഞെടുക്കപ്പെടുന്നവരും മിശിഹായിൽനിന്നുള്ള കൈവെപ്പ്‌വഴിയായി മേൽപ്പ

---

നിങ്ങളെ പഠിപ്പാപ്പാൻ ആവശ്യമില്ല. എന്നാലോ അഭിഷേകം ദൈവത്തിൽനിന്ന് ആയിരിക്കുന്ന പ്രകാരം അതു സകലത്തെക്കുറിച്ചും നിങ്ങളെ പഠിപ്പിക്കും. അതു സത്യമുള്ളതാകുന്നു; അതിൽ വ്യാജമില്ല, അതു നിങ്ങളെ പഠിപ്പിച്ചപ്രകാരം തന്നിൽ നിങ്ങൾ പാർപ്പിൻ.

10–ാം സംഗതി

(1) 28–ാം പുറം (3) അക്കം സാക്ഷികൾ നോക്കുക
(2) 2 കോരി. 5. 20. ആകയാൽ ഞങ്ങൾ മിശിഹായ്ക്കു വേണ്ടി സ്ഥാനപതികൾ ആകുന്നു. അപ്പോഴോ ദൈവം ഞങ്ങളെക്കൊണ്ടു നിങ്ങളോട് അപേക്ഷിപ്പിക്കുന്ന പ്രകാരം ദൈവത്തോടു യോജ്യതപ്പെടുവിൻ. എന്നു മിശിഹായിക്കു പകരം ഞങ്ങൾ അപേക്ഷിക്കുന്നു.

(3) അപ്പോ. 6. 4. ഞങ്ങളോ പ്രാർത്ഥനയിലും വചനത്തിൻെറ ശുശ്രൂഷയിലും മുട്ടിക്കപ്പെട്ടിരിക്കും.

(4) എബ്രാ 5, 4. അഹറോൻ എന്നപോലെ ദൈവത്താൽ വിളിക്കപ്പെടുന്നവൻ അല്ലാതെ ആരും ബഹുമാനത്തെ തനിക്കായിട്ടുതന്നെ എടുക്കുന്നില്ല.

www.malankaralibrary.com

ട്ടക്കാരിൽനിന്ന കൈവെപ്പു പ്രാപിച്ചവരുമായവൎമാത്രം അത്ര ഇരിക്കുന്നതാകുന്നു (6) ഇപ്രകാരമുള്ള കൈവെപ്പും അനുവാദവും കൂടാതെ ഒരുത്തനും സഭയിൽ ശുശ്രൂഷചെയ്‌വനോ പരസ്യമായി പ്രസംഗിപ്പാനോ അധികാരമില്ലം സഭയുടെ പട്ടത്വത്തിന്നടുത്തമേലധികാരം കാതോലിക്കാ സിംഹാസനത്തിന്മേൽ വാഴുന്ന മോറാൻ മാർ കാതോലിക്ക ബാവാ തിരുമനസ്സിലേക്ക് ഇരിക്കുന്നതാകുന്നു.

(7) പട്ടത്വത്തിന്നടുത്തവർ സുന്നഹദോസുകളാലൊ താൻതാങ്ങളുടെ മേലാധികാരികളാലൊ തള്ളപ്പെട്ടുകയൊ മുടക്കപ്പെട്ടുകയൊ ചെയ്യാതിരിക്കുമ്പോൾ അയോഗ്യന്മാരായിരുന്നാലും അവരാൽ ശുശ്രൂഷിക്കപ്പെട്ടുന്ന കൂദാശകളുടെ ഫലത്തെക്കുറിച്ച സംശയിക്കയൊ അവയിൽ സംബന്ധിക്കാതിരിക്കുകയൊ ചെയ്‌വാൻ ഒരുത്ത

---

(5) 1.തിമോ. 4 14 ദീർഘദൎശനത്താലും കശീശ്ശുസായുടെ കൈവെപ്പാലും നിനക്ക നല്കപ്പെട്ടിട്ടുള്ളതായി നിന്നിലുള്ള നൽവരത്തിൽ നീ നിന്ദിക്കരുതു് യോഹ. 20 22, 23 അപ്പോ 13. 2, 3, 2 തിമോ 2, തീത്തോ 1.5

(6) യറമി. 23 21. ദീർഘദൎശിമാരെ ഞാൻ അയച്ചില്ല; അവർ പോയി. ഞാൻ അവരോട പറയാതെ ദീർഘദൎശനം പറഞ്ഞു.

(7) മത്താ. 23. 2, 3, താൻ അവരോട പറഞ്ഞു.സാപ്രേന്മാരും പ്രീശേന്മാരും മോശയുടെ സിംഹാസനത്തിന്മേൽ ഇരുന്നു, ആകയാൽ നിങ്ങൾ ആചരിപ്പാനായി അവർ നിങ്ങളോട്ട പറയുന്ന സകലത്തേയും ആചരിച്ചു ചെയ്‌വീൻ;എന്നാൽ അവരുടെ പ്രവൃത്തികളിൻ പ്രകാരം നിങ്ങൾ ചെയ്യരുതു്.

(8) ലേവ്യ 21.12, എന്തുകൊണ്ടെന്നാൽ അവന്റെ

www.malankaralibrary.com

നം ന്യായമില്ല (8) ശുദ്ധമുള്ള അഭിഷേകം അവരിൽ ഉള്ള തുകൊണ്ടും കൂദാശകൾ മ്ശിഹായുടെ നാമത്തിൽ ശുശ്രൂഷിക്കപ്പെടുന്നവയാകകൊണ്ടും അവയുടെ ഫലം അവയെ ശുശ്രൂഷിക്കുന്ന പട്ടക്കാരന്റെ നീതിയിൽ അല്ലായ്കകൊണ്ടും നല്ല ആന്തരത്തോടും സത്യവിശ്വാസത്തോടുംകൂടെ അവയിൽ സംബന്ധിക്കുന്നവൎക്ക് അവയുടെ ഫലം ലഭിക്കയും അയോഗ്യതയോടെ ശുശ്രൂഷിക്കുന്ന പട്ടക്കാൎക്ക് അവ ശിക്ഷാവിധിക്കായി തീരുകയുംചെയ്യുന്നു. (9)എന്നാൽ ദോഷികളായി കണ്ടെത്തപ്പെടുന്നവരെ മുടക്കേണ്ടതും മുടക്കിയതിന്റെശേഷം അവർ യാതൊരു കൂദാശകളും കഴിച്ചുകൂടാത്തതും ശങ്ക തീൎന്നു കഴിക്കുന്നവരോടുകൂടെ വിശ്വാസികൾ സംബന്ധിച്ചു കൂടാത്തതുമാകുന്നു.

---

ദൈവത്തിന്റെ അഭിഷേകതൈലത്തിൻ കിരീടം അവന്റെ മേൽ ഉണ്ട്. മത്താ 7. 22,23. ആ ദിവസത്തിൽ പലരും എന്നോട് എന്റെ കൎത്താവേ! എന്റെ കൎത്താവെ! നിന്റെ നാമത്തിൽ ഞങ്ങൾ ദീൎഘദൎശനം പറകയും നിന്റെ നാമത്തിൽ പിശാചുക്കളെ പുറത്താക്കയും നിന്റെ നാമത്തിൽ വളരെ ശക്തികളെ ചെയ്കയും ചെയ്തില്ലയോ എന്നു പറയും; അപ്പോൾ ഞാൻ ഒരുനാളും നിങ്ങളെ അറിഞ്ഞിട്ടില്ല; അന്യായം പ്രവൎത്തിക്കുന്നവരെ, എങ്കൽനിന്നു അകന്നുപോകുവിൻ എന്നു ഞാൻ അവരോടു തീൎത്തുപറകയും ചെയ്യും.

(9) മത്താ. 18. 17. അവൻ അവരേയും കേൾക്കാതിരുന്നാൽ സഭയോടു പറക എന്നാൽ അവൻ സഭയേയും കേൾക്കാതിരുന്നാൽ അവൻ നിനക്കു ചുങ്കക്കാരനും പുറജാതിയുമെന്നപോലെ ഇരിക്കട്ടെ. 1കോരി. 5. 11.

www.malankaralibrary.com

## 11-ാം സംഗതി

### വിവാഹത്തെക്കുറിച്ചു്

വിവാഹം എന്നതു പുരുഷനും സ്ത്രീയും തമ്മിൽ വേർതിരിഞ്ഞു കൂടാത്തവണ്ണം ആത്മപ്രകാരം അവരെ ബന്ധിക്കയും അവർക്കും അവരുടെ സന്തതികൾക്കും ദൈവത്തിൽ നിന്നു് അനുഗ്രഹങ്ങളും വാഴ്വുകളും കൊടുക്കയും ചെയ്യുന്ന ഒരു വിശുദ്ധ കൂദാശയാകുന്നു. (1) വിവാഹം നല്ലതും (2) വിവാഹം ചെയ്യരുതെന്നു് ഒരുത്തനോടും വിരോധിച്ചുകൂടാത്തതുമത്രെ. (3) എന്നാൽ തന്റെ ഭാര്യ ജീവനോടിരിക്കെ വേറൊരു സ്ത്രീയെ കൂടെ വിവാഹം കഴിക്കയോ, സഭയാൽ അംഗീകരിക്കപ്പെട്ടിരിക്കുന്ന ഹൂദായുടെ കാനോനിൽ വിവരിച്ചിരിക്കുന്ന കാരണങ്ങളാൽ ഒഴികെ തന്റെ ഭാര്യയെ ഉപേക്ഷിക്കയോ അതിൽ വിരോധിച്ചിരിക്കുന്ന സംബന്ധമുറകളിൽ നിന്നു വിവാഹം കഴിക്കയോ ചെയ്‌വാൻ ഒരുത്തനും ന്യായമില്ല. (4) വിവാഹം ഒരു ഉടമ്പ

---

11-ാംസംഗതി

(1) എബ്രാ. 13.4 വിവാഹം എല്ലാവരിലും ബഹുമാനമുള്ളതും അവരുടെ കട്ടിൽ വെടിപ്പുള്ളതും ആകുന്നു. എന്നാൽ വേശ്യാസംഘക്കാരെയും വ്യഭിചാരികളെയും ദൈവം ന്യായം വിധിക്കുന്നു.

(2) 1 തിമോ 4. 3 വിവാഹം ചെയ്‌വാൻ വിരോധിക്കയും വിശ്വസിച്ചു സത്യത്തെ അറിയുന്നവർക്ക പെരുമാററത്തിന്നും സ്തോത്രത്തിനുമായി ദൈവം സൃഷ്ടിച്ചിട്ടുള്ള ഭക്ഷണങ്ങളിൽനിന്നു് അകററുകയും ചെയ്യുന്നു.

(3) മത്താ. 19. 4-9 എന്നാറെ താൻ ഉത്തരമായിട്ടു് അവരോടു പറഞ്ഞു. ആദിയിൽ ഉണ്ടാക്കിയവൻ ആണും

www.malankaralibrary.com

ടി എന്നു മാത്രമല്ല (5) ഒരു വി. കൂദാശയും പുരുഷനു സ്ത്രീ വിവാഹം പറഞ്ഞു ബോധിപ്പിക്കപ്പെടുന്നതും അവർ ഇരുവരും ഒരു ജഡമായി ഇണചേർക്കപ്പെടുന്നതും ദൈവത്താലും ആകെ കൊണ്ടു ദൈവത്തിന്റെ സ്ഥാനപതിയായ പട്ടക്കാരൻ കൂടാതെ വിവാഹകൂദാശ നിവൃത്തിക്കപ്പെടാവുന്നതുമല്ല.

---

### 12-ാം സംഗതി.

### രോഗികളുടെ തൈലാഭിഷേകത്തെക്കുറിച്ച്

(1) ഒരുത്തനുവേണ്ടി ഒരുത്തൻ പ്രാത്ഥിക്കയും (2) തമ്മിൽ തമ്മിൽ ഭാരം വഹിക്കയും ചെയ്യേണ്ടതു കൂടാ

---

പെണ്ണുമായി അവരെ ഉണ്ടാക്കി എന്നു നിങ്ങൾ വായിച്ചിട്ടില്ലയോ ഇത്യാദി ലേവ്യാ. 18.

(1) റോമാ, 7 2 എന്നാൽ അവളുടെ ഭർത്താവു മരിച്ചാൽ അവൾ അവളുടെ ഭത്താവിന്റെ ന്യായപ്രമാണത്തിൽനിന്നു സ്വാതന്ത്ര്യപ്പെട്ടു

(5) മത്താ. 19 6. ആകയാൽ ദൈവം ഇണചേർത്തതിനെ മനുഷ്യൻ വേർതിരിക്കരുതു്. സദൃ. 19. 14. പുരുഷനു സ്ത്രീ വിവാഹം പറഞ്ഞു ബോധിക്കപ്പെടുന്നതു കർത്താവിനാൽ ആകുന്നു.

12—ാം സംഗതി.

(1) യാക്കോ. 5, 16. ഒരുത്തനുവേണ്ടി ഒരുത്തൻ പ്രാത്ഥിക്കയും ചെയ്‌വിൻ 1 തെസ്സ 1. 2 ഞങ്ങൾ നിങ്ങളെല്ലാവർക്കുംവേണ്ടി എല്ലായ്പ്പോഴും ദൈവത്തെ സ്തോത്രം ചെയ്കയും ഞങ്ങളുടെ പ്രാത്ഥനകളിൽ ഇടവിടാതെ നിങ്ങളെ ഓർക്കയും ചെയ്യുന്നു.

(2) ഗലാ 6 2. നിങ്ങൾ തമ്മിൽ തമ്മിൽ ഭാരം വഹിപ്പിൻ എന്തുകൊണ്ടെന്നാൽ ഇപ്രകാരം മിശിഹായുടെ ന്യായപ്രമാണത്തെ നിങ്ങൾ നിവൃത്തിക്കുന്നു

www.malankaralibrary.com

ഒഗ(3) രോഗികളായിരിക്കുന്നവൎക്കുവേണ്ടി പ്രത്യേകം പ്രാൎത്ഥിക്കയും പട്ടക്കാർ രോഗികളോട് ഗുണദോഷിച്ചു ആത്മാവിൽ ധൈൎയ്യപ്പെടുത്തുകയും അവരുടെ ആത്മാവിന്റെയും ശരീരത്തിന്റെയും സ്വസ്ഥതയ്ക്കുവേണ്ടി പ്രാൎത്ഥിക്കയും കൎത്താവിന്റെ നാമത്തിൽ അവരെ സൈത്തു പൂശുകയും ചെയ്യേണ്ടതാകുന്നു. മേല്പട്ടക്കാരാലോ കന്തീലായുടെ ക്രമപ്രകാരം സൈത്തു ശുദ്ധീകരിപ്പാൻ അനുവാദം ലഭിച്ചിട്ടുള്ള പട്ടക്കാരാലോ ശുദ്ധീകരിക്കപ്പെടുന്നതും കൃപയുടെ എണ്ണയെന്നുപേരുപറയപ്പെടുന്നതുമായ ഈ സൈത്തു രോഗികളുടെ മേൽ പൂശുന്നതും ഈ കൂദാശ നിവൃത്തിയ്ക്കുന്നതും മരണനേരത്തിൽ ഉണ്ടാകുന്ന സാത്താന്റെ പരീക്ഷകളെ ജയിക്കുന്നതിനു രോഗികളെ ധൈൎയ്യപ്പെടുത്തുവാനും ഈ ലോകമോഹങ്ങളെ ഉപേക്ഷിച്ചു തങ്ങളുടെ ആത്മാക്കൾ ദൈവകൃപയാകുന്ന എണ്ണകൊണ്ടു പൂശപ്പെട്ടിരിക്കണമെന്നു കാണിപ്പാനും പാപമോചനത്തിനു മാത്രമല്ല, കൎത്താവിനു് ഇഷ്ടമുണ്ടെങ്കിൽ രോഗശാന്തതയ്ക്കുംകൂടെ ഒരു കാരണമായിത്തീരുവാനും ആകുന്നു.

---

(3) യാക്കോ. 5. 14, 15. രോഗിയായിരിക്കുന്നു എങ്കിൽ അവൻ സഭയുടെ കശീശന്മാരെ വിളിക്കയും അവർ അവനുവേണ്ടി പ്രാൎത്ഥിച്ചു നമ്മുടെ കൎത്താവിന്റെ നാമത്തിൽ അവനെ എണ്ണപൂശുകയും ചെയ്യട്ടെ. വിശ്വാസമുള്ള പ്രാൎത്ഥന രോഗിയായിരിക്കുന്നവനെ സൌഖ്യമാക്കുന്നു, നമ്മുടെ കൎത്താവു് അവനെ എഴുന്നേല്പിക്കുന്നു. അവനാൻ പാപങ്ങൾ ചെയ്യപ്പെട്ടിട്ടുണ്ടെങ്കിൽ അവ അവനോടു ക്ഷമിക്കപ്പെടുകയും ചെയ്യുന്നു മൎക്കോ. 6. 13. അവർ വളരെ പിശാചുക്കളെ പുറത്താക്കുകയും അനേകം രോഗികളെ എണ്ണപൂശി സൌഖ്യമാക്കുകയും ചെയ്തു.



www.malankaralibrary.com

13-ാംസംഗതി

ശവസംസ്ക്കാരത്തെക്കുറിച്ച്.

മനുഷ്യൻ ശരീരത്തോടുകൂടെ ഇരിക്കുമ്പോൾ ചെയ്യുന്ന നന്മയ്ക്കും തിന്മയ്ക്കും ഉയർപ്പിന്റെശേഷം (1) പ്രകൃതി വ്യത്യാസത്തോടു കൂടെയെങ്കിലും ശരീരത്തോടുകൂടെതന്നെ ഭാഗ്യമോ ശിക്ഷയോ അനുഭവിക്കുന്നതാകുന്നു. അതിനാൽ മരിച്ചുപോകുന്ന ആളുകളുടെ ശരീരങ്ങളെ മൃഗങ്ങളുടേതുപോലെ യാതൊരു കർമ്മവും പ്രാർത്ഥനയും കൂടാതെ കുഴിച്ചിടുന്നതു യോഗ്യമല്ല. (2) എന്നാലോ നമുക്കു ഉയർപ്പിന്റെ ശരണം ഉള്ളതിനാൽ (3) മേൽപ്പട്ടക്കാർ പട്ടക്കാർ, ദയറായക്കാർ, അയ്മേനികൾ മുതലായവരെ അവരവരുടെ പദവിക്കു തക്കപോലെ സഭയിൽ നിയമിക്ക

---

13-ാംസംഗതി,

(1) 1കോരി. 15. 53. എന്തുകൊണ്ടെന്നാൽ നശിച്ചുപോകുന്ന ഇതു നാശമില്ലായ്മയെ ധരിപ്പാനും മരിച്ചുപോകുന്ന ഇതു മരണമില്ലായ്മയെ ധരിപ്പാനുമിരിക്കുന്നു 2 കോരി 5 10 എന്തെന്നാൽ നന്മയെങ്കിലും തിന്മയെങ്കിലും ഓരോരുത്തൻ ചെയ്തിട്ടുള്ളതു അവനവന്റെ ശരീരത്തിൽ പ്രതിഫലം കൈക്കൊള്ളുവാനായിട്ടു നാം എല്ലാവരും മിശിഹായുടെ സിംഹാസനത്തിൻമുമ്പാകെ നില്പാനിരിക്കുന്നു.

(2) 1 തെസ്സ. 4 13. എന്നാൽ എന്റെ സഹോദരന്മാരെ! ഉറങ്ങിപ്പോകുന്നവരെക്കുറിച്ചു ശരണം ഇല്ലാത്ത ശേഷം മനുഷ്യരെപ്പോലെ നിങ്ങൾക്കു ദുഃഖം ഉണ്ടാകരുതെന്നു് അറിവാൻ ഞാൻ ആഗ്രഹിക്കുന്നു.

(3) പ്രസംഗം 6. 3. ഒരു മനുഷ്യൻ നൂറു പൈതങ്ങളെ ജനിപ്പിക്കയും അവൻ അനേകം സംവത്സരങ്ങൾ ജീവി

www.malankaralibrary.com

പ്പെട്ടിരിക്കുന്ന കർമ്മങ്ങളോടും പ്രാർത്ഥനകളോടും കബറ ടക്കേണ്ടതും മരിച്ചവരെ കബറടക്കുന്നതിൽ വളരെ താൽപ്പര്യവും ഭക്തിയും ഉണ്ടായിരിക്കേണ്ടതും ആകുന്നു. അ പ്രകാരം തന്നെ ക്രിസ്ത്യാനികളുടെ കുട്ടികൾ മാമോദീസാ മുങ്ങാതെ മരിക്കുന്നതിന്നു ഇടയായാൽ അവർ വിശ്വാസികളുടെ മക്കളാകകൊണ്ടു അവരെയും പ്രാർത്ഥനയോടുകൂടെ കബറടക്കേണ്ടതാകുന്നു.

---

## 14–ാം സംഗതി.

### പ്രാർത്ഥനയെക്കുറിച്ച്.

പ്രാർത്ഥന എന്നതു മനുഷ്യർ തങ്ങളുടെ സ്രഷ്ടാവിന്റെ കർത്തവ്യത്തെയും തന്നിൽനിന്നു് അനുഭവിക്കുന്ന നന്മകളേയും തിരിച്ചറിഞ്ഞു സ്തുതിപാടി തന്റെ ഇഷ്ടം സമ്പാദിക്കയും തങ്ങളുടെ ആത്മാക്കളുടെ രക്ഷയ്ക്കും ശരീരത്തിന്റെ പുലർച്ചയ്ക്കും ആവശ്യമുള്ള കാര്യങ്ങളെ തന്നോടു ചോദിച്ചു വാങ്ങിക്കയും ചെയ്വാനായിട്ടു തങ്ങളുടെ ഹൃദയങ്ങളെ സ്രഷ്ടാവായ ദൈവത്തിങ്കലേക്കു് ഉയർത്തി തന്നോടുകൂടെ സംസർഗ്ഗം ചെയ്യുന്നതാകുന്നു. പൊതുവെ എല്ലാവർക്കും ചേരുന്നതായി അതാതു ദിവസങ്ങ

---

ച്ചിരുന്നു് അവന്റെ ആണ്ടുകളുടെ ദിവസങ്ങൾ വർദ്ധിക്കയും ചെയ്താലും അവന്റെ ആത്മാവു നന്മകൾ കൊണ്ടു തൃപ്തിപ്പെടാതിരിക്കയും അവനു ശവസംസ്കാരം ഉണ്ടാകാതിരിക്കയും ചെയ്യുന്നു എങ്കിൽ ഗർഭം അലസിപ്പോകുന്നപിണ്ഡം അവനെക്കാൾനല്ലതെന്നു ഞാൻ പറഞ്ഞു. 2 ശമു. 2.5. ദാവീദു യാബേശു ഗിലയാദിലെ മനുഷ്യരുടെ അടുക്കലേക്കു സ്ഥാനപതികളെ അയച്ചു അവരോടു പറയിച്ചു. നിങ്ങൾ നിങ്ങളുടെ യജമാനനായ ശൗലിനോടു് ഈ ദയ ചെയ്തു അവനെ കബറടക്കിയതുകൊണ്ടുനിങ്ങൾ കർത്താവിനാൽ അനുഗ്രഹിക്കപ്പെട്ടവരാകുന്നു. അപ്പോ 8.2

www.malankaralibrary.com

ളിലും യാമങ്ങളിലും പ്രാർത്ഥിപ്പാൻവേണ്ടി ഓരോ വിധിതാക്കന്മാരാൽ ഉണ്ടാക്കപ്പെട്ടതും വിശുദ്ധ സഭയിൽ പൊതുവെ അംഗീകരിച്ചു നടത്തിവരുന്നതുമായ പ്രാർത്ഥനയ്ക്കു സാധാരണയായ പരസ്യ പ്രാർത്ഥനയെന്നു പേരു പറയപ്പെടുന്നു. ഓരോരുത്തനു പ്രത്യേകമായി ദൈവം ചെയ്തുകൊടുക്കുന്ന നന്മകൾക്ക് അവനവൻ ദൈവത്തിനു വിശേഷാൽ നന്ദിപറകയും താന്താങ്ങൾക്കു തനതായുള്ള ആവശ്യങ്ങളെ യാചിക്കയും ചെയ്യുന്നതിനു രഹസ്യ പ്രാർത്ഥനയെന്നും പേരു പറയപ്പെടുന്നു (1) ഈ രണ്ടു വിധത്തിലുള്ള പ്രാർത്ഥനകളും ഭക്തിയോടും വിശ്വാസത്തോടുംകൂടെ കഴിക്കേണ്ടതാകുന്നു. (2) സാധാരണ

---

14—ാംസംഗതി

(1) യാക്കോ. 1. 6. 7. 8. എന്നാൽ സംശയിക്കാതെ വിശ്വാസത്തോടുകൂടെ ചോദിക്കട്ടെ. എന്തുകൊണ്ടെന്നാൽ സംശയിക്കുന്നവൻ കാററ് ഇളക്കുന്ന സമുദ്രത്തിലെ ഓളങ്ങൾക്കു സദൃശമാകുന്നു. തന്റെ നിരൂപണയിൽ സംശയമുള്ളവനും തന്റെ സകല വഴികളിലും കലങ്ങിയിരിക്കുന്നവനുമായ മനുഷ്യൻ കർത്താവിൽ നിന്നു വല്ലതും എടുക്കാമെന്നു നിരൂപിക്കേണ്ട. മത്താ. 21. 22 പ്രാർത്ഥനയിൽ നിങ്ങൾ ചോദിക്കയും വിശ്വസിക്കയും ചെയ്യുമെന്ന സകലവും നിങ്ങൾക്കു ലഭിക്കും.

(2) അപ്പൊ. 3. 1. ഒമ്പതാംമണിനേരത്തെ പ്രാർത്ഥനസമയത്തു ശെമഓൻകീഫായും യോഹന്നാനും ഒരുമിച്ചു ദൈവാലയത്തിലേക്കു കരേറിപ്പോകുമ്പോൾ ഉണ്ടായതു് എന്തെന്നാൽ, മത്ത. 18. 20, എന്തുകൊണ്ടെന്നാൽ എന്റെ നാമത്തിൽ ഇരുവരോ മൂവരോ എവിടെ കൂടിയിരിക്കുന്നുവോ അവിടെ അവരുടെ ഇടയിൽ ഞാനുണ്ടു്.

www.malankaralibrary.com

യായ പരസ്യപ്രാൎത്ഥന പള്ളികളിലോ അതിനു കഴി വില്ലാത്തപക്ഷം ഭവനങ്ങളിലോ ഒന്നിച്ചുകൂടാൻ കഴി വുള്ളവർ ഒക്കെയും ഒന്നിച്ചുകൂടി പ്രാൎത്ഥിക്കുന്നതു വള രെ യോഗ്യമായിട്ടുള്ളതത്രെ. (3) നമ്മുടെ കൎത്താ വിന്റെ കല്പനപ്രകാരവും കാനോനായിലും പള്ളിക്രമങ്ങളിലും ചട്ടപ്പെടുത്തിയിരിക്കുന്നപ്രകാരവും പതിവാ യിനിന്നുകൊണ്ടു പ്രാൎത്ഥിക്കയും, മുട്ടുകുത്തി വന്ദിക്കയും കുമ്പസാരം, പട്ടാഭിഷേകം, പെന്തിക്കൊസ്തി ഞായറാഴ്ചയിലെ ശുശ്രൂഷ മുതലായ ചില ദിവസങ്ങളിലും സമ യങ്ങളിലും മുട്ടുകുത്തി പ്രാൎത്ഥിക്കയും ചെയ്യേണ്ടതാകുന്നു. ഞായറാഴ്ചകളിലും മാറാനായപ്പെരുനാളുകളിലും ഉയൎപ്പു ഞായറാഴ്ചമുതൽ പെന്തിക്കൊസ്തി ഞായറാഴ്ചവരെയുള്ള ദിവസങ്ങളിലും മുട്ടുകുത്തി വന്ദിപ്പാൻ ന്യായമില്ലാത്ത തിനാൽ അതനുസരിച്ചു് ആചരിക്കേണ്ടതുമാകുന്നു.

---

## 15-ാംസംഗതി

### നോമ്പിനെക്കുറിച്ചു്.

(1) നോമ്പു ദൈവം ആദ്യമെ ആദാമിനു കൊടു ത്തിരുന്ന കല്പനയും (2) യഹൂദസഭയിൽ ദൈവകല്പന

---

(1) മക്കൊ. 11, 25. നിങ്ങൾ പ്രാൎത്ഥിപ്പാനായിട്ടു നില്ക്കുമ്പോൾ ഒരുത്തന്റെ നേരെ നിങ്ങൾക്കുള്ളതിനെ ക്ഷമിപ്പിൻ. സ്വൎഗ്ഗത്തിലുള്ള നിങ്ങളുടെ പിതാവു നിങ്ങ ളുടെ കുററങ്ങളെ നിങ്ങളോടും ക്ഷമിപ്പാനായിട്ടു തന്നെ ലൂക്കൊ. 18. 10-13. രണ്ടു മനുഷ്യർ പ്രാൎത്ഥിപ്പാനായിട്ടു ദൈവാലയത്തിലേക്കു കരേറിപ്പോയി, ഒരുത്തൻ പ്രീശനും മററവൻ ചുങ്കക്കാരനും. ആ പ്രീശൻ തങ്കൽ തന്നെ നിന്നു കൊണ്ടു് ഇവയെ പ്രാൎത്ഥിച്ചു, ഇത്യാദി.

www.malankaralibrary.com

പ്രകാരം നടത്തിവന്നതും (3) നമ്മുടെ കർത്താവു കല്പിച്ചും പ്രവർത്തിച്ചും പഠിപ്പിച്ചിരിക്കുന്നതും (4) തന്റെ ശ്ലീഹന്മാർ ആചരിച്ചുവന്നതും ശുദ്ധമുള്ള സഭയിൽ കല്പിച്ചു സ്ഥിരപ്പെടുത്തി നടന്നുവരുന്നതും ആകുന്നു. (5) എന്നാൽ തിന്മകളിൽനിന്നു് ഒഴിഞ്ഞു് ആത്മാവിലുംകൂടെ നോമ്പു നോല്ക്കാതെ ഭക്ഷണങ്ങളിൽനിന്നു് ഒഴിഞ്ഞു ശരീരത്തിൽമാത്രം നോമ്പു നോററാൽ പോരാത്തതത്രെ. (6) നോമ്പിന്റെ ആന്തരം ജഡകാര്യങ്ങളെക്കാൾ ആത്മകാര്യങ്ങളെ വിലമതിക്കേണ്ടതെന്നു പഠിപ്പിപ്പാനും ജഡമോഹങ്ങളെ കീഴടക്കി ആത്മാവിനെ പുഷ്ടിയാക്കുവാനും, ജഡമോഹങ്ങളെ നിരോധിച്ചുകൊണ്ടു് ആത്മാവിനെ ദൈവീകകാര്യങ്ങളിലേക്കു് ഉണർത്തുവാനും, സാത്താനെ ജയിക്കുന്നതിനു് ഒരു ആയുധമായിരിപ്പാനും അത്രെ. ഉദര

---

15-ാം സംഗതി

(1) ഉല്പ. 2. 17. നന്മതിന്മയുടെ അറിവിന്റെ വൃക്ഷത്തിൽനിന്നു നീ ഭക്ഷിക്കരുതു്.

(2) യോയേ 2. 12. ഇനി കർത്താവു പറയുന്നു: നോമ്പാലും കരച്ചിലാലും വിലാപങ്ങളാലും നിങ്ങൾ പൂർണ്ണഹൃദയത്തോടുകൂടെ എങ്കലേക്കു തിരിവിൻ. സഖ 7. 58. അ. 19

(3) മത്താ. 4. 2. താൻ നാല്പതു പകലും നാല്പതു രാവും നോമ്പുനോററു, എന്നാൽ അവസാനം തനിക്കു വിശന്നു. മത്താ 9. 15. എന്നാൽ മണാളൻ അവരിൽനിന്നു എടുക്കപ്പെടുന്ന ദിവസങ്ങൾ വരും അപ്പോൾ അവർ നോമ്പു നോക്കും.

(4) അപ്പോ 13. 2 അവർ നോമ്പുനോററു ദൈവത്തോടു് അപേക്ഷിച്ചുകൊണ്ടിരിക്കുമ്പോൾ ശുദ്ധമുള്ള റൂഹാ അവരോടു് പറഞ്ഞു; ശൗലിനേയും ബർനാബായേയും താൻ വിളിച്ചിട്ടുള്ള വേലയ്ക്കു് എനിക്കായി വേർതിരിപ്പിൻ.

(5) മത്താ. 6. 16 എന്നാൽ നിങ്ങൾ നോമ്പുനോക്കു

www.malankaralibrary.com

സ്നേഹം അനേക പാപങ്ങളുടെ മറുവാകയാൽ അതിൽനിന്നുണ്ടാകാവുന്ന പാപങ്ങളെ തടുപ്പാൻ നോമ്പ് ഒരു നല്ല വഴിയും ആകുന്നു. (7) അതിനാൽ ആഴ്ചതോറും ബുധനാഴ്ചയും വെള്ളിയാഴ്ചയും നോമ്പായി ആചരിക്കേണ്ടതു കൂടാതെ കഷ്ടാനുഭവ ആഴ്ച ഉൾപ്പെടെ അമ്പതു നോമ്പ്, ഇരുപത്തഞ്ചുനോമ്പ്, പതിനഞ്ചുനോമ്പ്, ശ്ലീഹാനോമ്പ്, മൂന്നുനോമ്പ് ഇങ്ങനെ അഞ്ചു നോമ്പുകൾ ആണ്ടിൽ നിശ്ചയിച്ചിരിക്കുന്നു. അവയുടെ കാലത്തു (8) വിവാഹസംബന്ധം, മത്സ്യമാംസം ആദിയായവയിൽനിന്ന് ഒഴിഞ്ഞിരിക്കേണ്ടതും. ദിവസം ഒരുനേരം ഭക്ഷിക്ക, ഉച്ചവരെ ഉപവസിക്ക മുതലായ വ്രതങ്ങൾ അവനവൻെറ ശക്തിപോലെയും സഭയുടെ ശട്ടംകെട്ടു പോലെയും അനുഷ്ഠിക്കേണ്ടതും ആകുന്നു.

---

പോൾ കപട ഭക്തിക്കാരെപ്പോലെ മുഖവാട്ടമുള്ളവരായിരിക്കരുത്. ഏശാ. 8. സഖ. 7

(6) ഫിലിപ്യ 3. 19. അവരുടെ അവസാനം നാശമാകുന്നു അവരുടെ ദൈവം അവരുടെ വയറും അവരുടെ മഹത്വം അവരുടെ ലജ്ജയും ആകുന്നു. അവരുടെ വിചാരം ഭൂമിയിൽ ആകുന്നു. മത്താ. 17. 21. എന്നാൽ ഈ വർഗ്ഗം നോമ്പാലും പ്രാർത്ഥനയാലും അല്ലാതെ പുറപ്പെട്ടു പോകുന്നില്ല.

(7) ലൂക്കോ. 18, 12. എന്നാലോ ആഴ്ചയിൽ രണ്ടു വട്ടം ഞാൻ നോമ്പുനോക്കുകയും ഞാൻ നേടുന്ന സകലത്തിലും പത്തിലൊന്നു കൊടുക്കയും ചെയ്യുന്നു.

(8) 1 കോരി 7.5. ആകയാൽ നോമ്പിനും പ്രാർത്ഥനയ്ക്കും നിങ്ങൾ സ്ഥിരപ്പെട്ടിരിക്കേണ്ടുന്നതിന് ചിലപ്പോൾ നിങ്ങൾ ഇരുവരും യോജ്യതപ്പെടുമ്പോൾ അല്ലാതെ നിങ്ങൾ തമ്മിൽ തമ്മിൽ മുടങ്ങുകയും അരുത്. നിങ്ങ

www.malankaralibrary.com

## 16-ാം സംഗതി.

### ഞായറാഴ്ചകളേയും

### മാറാനായപ്പെരുന്നാളുകളേയുംകുറിച്ച്

നമ്മുടെ കർത്താവിൻെറ ഉയർത്തെഴുന്നേല്പ്, തൻെറ അത്ഭുതപ്രവൃത്തികൾ വി. സഭയുടെ ശുദ്ധീകരണം മുതലായവയുടെ ഓർമ്മയ്ക്ക് ഞായറാഴ്ചകളേയും, തൻെറ ജനനം, മാമോദീസാ, ദൈവാലയത്തിൽ തന്നെ കാഴ്ചവച്ചതു മുതലായ സംഗതികളുടെ ഓർമ്മയ്ക്ക് മാറാനായ [പ്രധാന] പെരുനാളുകളായി നിശ്ചയിച്ചിരിക്കുന്ന തിയതികളേയും (1) ഭക്തിയായും ബഹുമാനത്തോടും ആചരിക്കണമെന്നു ശുദ്ധമുള്ള ശ്ലീഹന്മാരും സഭാപിതാക്കന്മാരും ശട്ടംകെട്ടിയിരിക്കുന്നു. ഈ ദിവസങ്ങളിൽ ലോകവേലകളിൽനിന്ന് ഒഴിഞ്ഞിരിക്കേണ്ടതും, കർബാന, വേദപുസ്തകവായന, പ്രാർത്ഥന, ദൈവഗീതങ്ങൾ മുതലായ ആത്മീകവേലകളിൽ ഉൾപ്പെട്ടിരിക്കേണ്ടതും ആകുന്നു. (2) ഈ വിശുദ്ധ ദിവസങ്ങളെ ക്രിസ്ത്യാനിമര്യാദപ്രകാരം അല്ലാതെ യഹൂദമര്യാദപ്രകാരമോ പുറജാതിമര്യാദപ്രകാരമോ ആചരിക്കയോ അവയിൽ ആത്മീകവേലകളിൽ സംബന്ധിക്കാതെ മടിയായിരുന്നു സമയം വൃഥാ ചെലവഴിക്കയോ ചെയ്യരുതാത്തതുമാകുന്നു.

---

ളുടെ ശരീരത്തിൻെറ മോഹം നിമിത്തം സാത്താൻ നിങ്ങളെ പരീക്ഷിക്കാതിരിപ്പാനായി വീണ്ടും ആ കാര്യത്തിലേക്കുതന്നെ നിങ്ങൾ തിരിഞ്ഞുകൊൾവിൻ 2 ശമു 1. 12 ദാനിയേൽ 1. 8,

16-ാം സംഗതി

---

(1) കോരി 11. 20 അപ്പോഴൊ നിങ്ങൾ ഒന്നിച്ചു കൂടുമ്പോൾ കർത്താവിൻെറ ദിവസത്തിനു യോഗ്യമായിരിക്കുന്ന പ്രകാരം ഭക്ഷിച്ചു കുടിക്കുന്നില്ല അപ്പോ 20. 7, 16,

www.malankaralibrary.com

## 17-ാംസംഗതി

### പരിശുദ്ധന്മാരുടെ ഓർമ്മദിവസങ്ങളെക്കുറിച്ച്.

(1) ദൈവമാതാവു്, ശ്ലീഹന്മാർ, സഹദേന്മാർ, പരിശുദ്ധന്മാർ, പരിശുദ്ധ സ്ത്രീകൾ എന്നിവരുടെ ഓർമ്മ കഴിക്കേണ്ടതു മുറയും യോഗ്യവും ആകുന്നു. (2) അവരുടെ ഓർമ്മ നമുക്കു് അനുഗ്രഹത്തിനും അവരുടെ പ്രാർത്ഥന സഹായവും ആയിരിക്കും. മാറാനായപ്പെരുന്നാളുകളെപ്പോലെ ആചരിക്കേണ്ടവയായി നിശ്ചയിച്ചിരിക്കുന്ന ചില ദിവസങ്ങളിൽ അല്ലാതെ ഈ ഓർമ്മദിവസങ്ങളിൽ ഒക്കെയും വേലകാര്യങ്ങളിൽനിന്നും മുടക്കിയിരിക്കണമെന്നില്ലെങ്കിലും കുർബാന, പ്രത്യേക നമസ്കാരം, മുതലായവ കഴിക്കയും (3) അതാതു പരിശുദ്ധരുടെ വിശ്വാസസ്ഥിരതയേയും നടപടികളേയും കുറിച്ചു ധ്യാനിക്കയും അവരുടെ പിന്നടികളിൽ നടപ്പാൻ ശ്രമിക്കയും ചെയ്യേണ്ടതാകുന്നു.

---

(2) 1 കോരി 5 8 ഇതു ഹേതുവായിട്ടു നാം പെരുന്നാൾ ആചരിക്കണം. ആയതു പഴയ പുളിമാവാൽ അല്ലാ. തിന്മയുടെയും കൈപ്പിന്റെയും പുളിമാവാലും അല്ല, വെടിപ്പിന്റെയും ശുദ്ധതയുടെയും പുളിമാവാൽ അത്രെ കോലോ 2. 16.

17—ാംസംഗതി.

(1) ന്യായാ. 11. 40. ഇസ്രായേൽ പുത്രിമാർ ആണ്ടിൽ നാലു ദിവസം ഗലയാദ്കാരനായ നപ്താഹിന്റെ പുത്രിയെക്കുറിച്ചു ആണ്ടുതോറും പോയി കരയുകയും വിലപിക്കയും ചെയ്ക പതിവായിരുന്നു. സങ്കീ. 112. 6 മത്താ 23. 29 ലൂക്കോ. 1. 48

(2) സുഭാ. 10. 7. നീതിമാന്റെ ഓർമ്മ വാഴ്വിനായി തീരും.

www.malankaralibrary.com

## 18-ാം സംഗതി.

### ദൈവമാതാവിനെക്കുറിച്ചു്.

(1) വചനമായ ദൈവം മാലാഖായുടെ അറിയിപ്പോടുകൂടെ കന്യകയുടെ ഗർഭത്തിൽ ജഡമായിത്തീരുകയും ഗർഭത്തിൽവച്ചുതന്നെ (2) ദൈവത്വവും മനുഷ്യത്വവും തമ്മിൽ ഒരിക്കലും വേർതിരിയപ്പെടാത്തപ്രകാരം ഒന്നിക്കപ്പെടുകയും (3) പൂർണ്ണദൈവവും പൂർണ്ണമനുഷ്യനുമായ ഇമ്മാനുവേലിനെ കന്യക പ്രസവിക്കയും ചെയ്തതിനാൽ (4) അവളെ ദൈവമാതാവെന്നു വിളിക്കേണ്ടതാകുന്നു ശുദ്ധമുള്ള കന്യക തന്റെ ഗർഭപാത്രം ദൈവപുത്രനു സിംഹാസനമായിത്തീരുവാൻ തക്കവണ്ണം യോഗ്യമുള്ളവളായിത്തീർന്നതിനാൽ (5) പുരുഷനെ അ

---

(3) എബ്രാ. 13. 7. നിങ്ങളോടു ദൈവവചനത്തെ സംസാരിച്ചിട്ടുള്ളവരായ നിങ്ങളുടെ ഭരണക്കാരെ ഓർത്തുകൊൾവിൻ. അവരുടെ നടപടികളുടെ അവസാനത്തിൽ പരിശോധിച്ചു അവരുടെ വിശ്വാസത്തിൽ സദൃശപ്പെടുവിൻ. എബ്രാ. 6. 12.

18-ാം സംഗതി

(1) ലൂക്കോ. 1. 35. മാലാഖാ ഉത്തരമായിട്ടു അവളോടു പറഞ്ഞു. ശുദ്ധമുള്ള റൂഹാവരും. അത്യുന്നതനായവന്റെ ശക്തി നിന്റെ മേൽ ആവസിക്കും. ഇതു ഹേതുവായിട്ടു നിന്നിൽ നിന്നു ജനിക്കുന്നവൻ പരിശുദ്ധനാകുന്നു. ദൈവത്തിന്റെ പുത്രനെന്നു വിളിക്കപ്പെടുകയും ചെയ്യും.

(2) 5-ാംപുറം (12)അക്കം സാക്ഷികൾ നോക്കുക

(3) എശാ. 7. 14. കണ്ടാലും കന്യക ഗർഭം ധരിച്ചു ഒരു പുത്രനെ പ്രസവിക്കും അവന്റെ പേരു അമ്മാനുവേൽ എന്നു വിളിക്കപ്പെടുകയും ചെയ്യും.

(4) ലൂക്കോ. 1 43. എന്റെ കർത്താവിന്റെ അമ്മ

www.malankaralibrary.com

റിയാതെ എന്നേക്കും കന്യകയായിരിക്കുകയും ചെയ്തു. (6) മാലാഖയുടെ വചനപ്രകാരം ഈ വിശുദ്ധ മാതാവിനു നാം ഭാഗ്യം കൊടുക്കയും നമുക്കുവേണ്ടിയുള്ള അവളുടെ പ്രാർത്ഥനയ്ക്കായി പ്രത്യേകം യാചിക്കയും ചെയ്യേണ്ടതാകുന്നു.

---

## 19-ാം സംഗതി

### പരിശുദ്ധന്മാരോടുള്ള പ്രാർത്ഥനയെക്കുറിച്ച്.

(1) മരിച്ചുപോയ പരിശുദ്ധന്മാർ ആത്മാവിൽ ജീവനുള്ളവരാകയാൽ (2) ജീവനോടിരിക്കുന്ന പരിശുദ്ധന്മാരെപ്പോലെതന്നെ അവരേയും മ്ശിഹായുടെ നിമിത്തം ബഹുമാനിക്കയും സ്നേഹിക്കയും ചെയ്യേണ്ടതു മുറയാകുന്നു. അവർ കർത്താവിന്റെ ഇഷ്ടന്മാരാകയാൽ

---

എന്റെ അടുക്കൽ വരുന്നതിനു ഇതു എനിക്കു എവിടെ

(5) യോഹ. 19. 26-27 എന്നാൽ യേശു തന്റെ അമ്മയും താൻ സ്നേഹിച്ചിരുന്ന ശിഷ്യനും നില്ക്കുന്നതു കണ്ടിട്ട് സ്ത്രീയേ കണ്ടാലും നിന്റെ മകൻ എന്നു തന്റെ അമ്മയോടു പറഞ്ഞു. ആ നാഴിക മുതൽ ആ ശിഷ്യൻ അവളെ തന്റെ അടുക്കലേക്കു കൂട്ടിക്കൊണ്ടു പോകയും ചെയ്തു. ഹെസ്സ. 44. 1-3

(6) ലൂക്കോ. 1. 28. മാലാഖാ അവളുടെ അടുക്കൽ പ്രവേശിച്ചു അവളോടു പറഞ്ഞു, കൃപ നിറഞ്ഞവളെ! നിനക്കു സമാധാനം, നമ്മുടെ കർത്താവ് നിന്നോടുകൂടെ, നീ സ്ത്രീകളിൽ വാഴ്ത്തപ്പെട്ടവളാകുന്നു. 48. എന്തുകൊണ്ടെന്നാൽ കണ്ടാലും ഇതുമുതൽ സകല വംശങ്ങളും എനിക്കു ഭാഗ്യം തരും.

19-ാം സംഗതി.

(1) ലൂക്കൊ. 20. 38. എന്നാൽ ദൈവം ജീവനുള്ള

www.malankaralibrary.com

അവരെ നാം ബഹുമാനിക്കയും സ്നേഹിക്കയും ചെയ്യുന്നതു കർത്താവിനെ ബഹുമാനിക്കയും സ്നേഹിക്കയും ചെയ്കയാകുന്നു. (3) അബ്രഹാം, ഇസ്സഹാക്ക്, യാക്കോബ്, ദാവീദ് മുതലായ ദൈവത്തിന്റെ ഇഷ്ടന്മാരായ പൂർവ്വപിതാക്കന്മാരെ ഓർത്ത് ഞങ്ങളോടു കരുണയുണ്ടാകണമേ എന്ന് അവരുടെ സന്തതികൾ പ്രാർത്ഥിക്കയും ദൈവം അതിനെ കേട്ട് അവരുടെ യാചന നൽകുകയും ചെയ്ത പ്രകാരം ആത്മാവിൽ നമ്മെ ജനിപ്പിച്ചവരും ജീവന്റെ വഴി നമുക്ക് കാണിച്ചുതന്നവരും മ്ശിഹായ്ക്കു വേണ്ടി തങ്ങളുടെ രക്തം ചിന്തിയവരുമായ പരിശുദ്ധന്മാരെ ഓർത്തു ഞങ്ങളോടു കരുണയുണ്ടാകണമേ എന്നു നാം പ്രാർത്ഥിക്കുന്നതു നല്ലതും ദൈവത്തിന്റെ മുമ്പാകെ കൈക്കൊള്ളപ്പെടുന്നതും ആകുന്നു, (4) മരണം എന്നതു്

---

വരുടെ അല്ലാതെ മരിച്ചവരുടെ അല്ല എന്തെന്നാൽ എല്ലാവരും തനിക്കു ജീവനുള്ളവരാകുന്നു. 1. പത്രോ,3.19. പാതാളത്തിൽ പിടിക്കപ്പെട്ടിരുന്ന ആത്മാക്കളോട് താൻ പ്രസംഗിച്ചു.

(2) മത്താ. 10. 40, 41. നിങ്ങളെ കൈക്കൊള്ളുന്നവൻ എന്നെ കൈക്കൊള്ളുന്നു, എന്നെ കൈക്കൊള്ളുന്നവൻ എന്നെ അയച്ചവനെ കൈക്കൊള്ളുന്നു. ദീർഘദർശിയുടെ നാമത്തിൽ ദീർഘദർശിയെ കൈക്കൊള്ളുന്നവൻ ദീർഘദർശിയുടെ കൂലി പ്രാപിക്കുന്നു. നീതിമാന്റെ നാമത്തിൽ നീതിമാനെ കൈക്കൊള്ളുന്നവൻ നീതിമാന്റെ കൂലി പ്രാപിക്കുന്നു.

(3) ആവർത്ത. 9. 27. എന്നാലൊ നിന്റെ ദാസന്മാരായ അബ്രഹാമിനെയും ഇസാക്കിനെയും യാക്കോബിനെയും ഓർത്തു ഈ ജനത്തിന്റെ കഠിനതയിലും അതിന്റെ അന്യായത്തിലും പാപങ്ങളിലും നീ തിരിഞ്ഞു നോക്കാതെ. എശാ 37. 35. ഞാൻ എന്റെ നിമിത്തവും എന്റെ ദാസനായ ദാവീദിന്റെ നിമിത്തവും ഈ പട്ടണത്തിന്മേൽ അധിവസിച്ചു അതിനെ രക്ഷിക്കും.

www.malankaralibrary.com

ആത്മാവും ശരീരവും തമ്മിലുള്ള വേർതിരിവ് എന്ന
ല്ലാതെ ആത്മാവിനെ ഇല്ലാതാക്കുന്ന ഒരു സംഭവം
അല്ലാത്തതിനാലും (5) പരിശുദ്ധന്മാരുടെ ആത്മാക്കൾ
ദൈവം അവർക്കു കൊടുത്തിട്ടുള്ള അച്ചാരമായ ശുദ്ധമുള്ള
റൂഹായുടെ നൽവരത്തോടുകൂടെ (6) സന്തോഷങ്ങളുടെ
സ്ഥലത്തു ഇരുന്നുകൊണ്ടു (7) മാലാഖമാരെപ്പോലെ
ദൈവത്തെ സ്തുതിക്കയും ലോകത്തിലുള്ളവരുടെ രക്ഷയ്ക്കു
വേണ്ടി ആഗ്രഹിക്കയും പ്രാർത്ഥിക്കയും ചെയ്യുന്നതി
നാലും ഇപ്രകാരമുള്ള പരിശുദ്ധന്മരോടു നിങ്ങൾ ഞങ്ങ
ൾക്കുവേണ്ടി ദൈവത്തോടു അപേക്ഷിപ്പിൻ എന്നു പറ
യുന്നതും പ്രയോജനമുള്ളതാകുന്നു. (8) ദൈവം പരിശു

---

(4) സങ്കീ. 13, 4 ഞാൻ മരണത്തിന്നു ഉറങ്ങാതിരിപ്പാൻ എന്റെ കണ്ണുകളെ പ്രകാശിപ്പിക്കേണമെ. പ്രസംഗം 12. 7 മണ്ണു അതായിരുന്ന പ്രകാരം ഭൂമിയിലേക്കു തിരിയും. ആത്മാവു അതിനെ നൽകിയ ദൈവത്തിന്റെ അടുക്കലേക്കു തിരിച്ചുപോകയും ചെയ്യും യോഹ. 8 51 ഞാൻ സത്യമായിട്ടു സത്യമായിട്ടു നിങ്ങളോടു പറയുന്നു. എന്റെ വചനത്തെ ആചരിക്കുന്നവൻ എന്നേക്കും മരണം കാണുകയില്ല

(5) യോഹ. 14, 16. ഞാൻ എന്റെ പിതാവിനോടു അപേക്ഷിക്കയും എന്നേക്കും നിങ്ങളോടു കൂടെ ഇരിപ്പാനായിട്ടു മറ്റൊരു ആശ്വാസപ്രദനെ ഞാൻ നിങ്ങൾക്കു തരികയും ചെയ്യും.

(6) ലൂക്കോ. 23. 43 യേശു അവനോടു പറയുന്നു. നീ ഇന്നു എന്നോടു കൂടെ പർദൈസായിൽ ആയിരിക്കുമെന്നു ഞാൻ സത്യമായിട്ടു നിന്നോടു പറയുന്നു. ഫിലിപ്പ്യാ. 1. 21. 23. ഞാൻ മരിക്കുമെങ്കിൽ അതു എനിക്കു പ്രയോജനമാകുന്നു. മിശിഹായോടുകൂടെ ആയിരിപ്പാനായിട്ടു വാങ്ങിപ്പോകുവാൻ ഞാൻ ആഗ്രഹിക്കുന്നു, അതു എനിക്കു ഏറ്റം നല്ലതായിരുന്നു.

(7) യോബു. 16. 19–20 ഇപ്പോഴും കണ്ടാലും

www.malankaralibrary.com

ദ്ധന്മാരുടെ അപേക്ഷയിൽ മാത്രമല്ല, അവരുടെ സഹാ
യത്തെ യാചിക്കുന്നവരുടെ വിശ്വാസത്തിലും ആന്തര
ത്തിലും കൂടെ സൂക്ഷിച്ച് അവരുടെ യാചന നൽകുന്നവനാ
കുന്നു. അതിനാൽ ഏതു വിധം വിചാരിച്ചാലും പരിശു
ദ്ധന്മാരോടുള്ള പ്രാർത്ഥന വളരെ നല്ലതും പ്രയോജനമു
ള്ളതും ആകുന്നു. (9) നാം പരിശുദ്ധന്മാരെ ദൈവത്തിനു

---

എന്റെ സാക്ഷിക്കാർ സ്വർഗ്ഗത്തിലും എന്നെ അറിയുന്നവർ ഉന്നതത്തിലും ആകുന്നു. എന്റെ സഹോദരന്മാരും എന്റെ സ്നേഹിതന്മാരുമെ! ദൈവത്തിന്റെ അടുക്കലേക്കു കണ്ണുചിന്തിയിരിക്കുന്നു. സങ്കീ. 30, 12. ഇതു ഹേതുവായിട്ടു ഞാൻ നിനക്കു സ്തുതി പാടും. ഞാൻ മൌനമായിരിക്കയില്ല. എന്റെ ദൈവമായ കർത്താവേ! ഞാൻ നിനക്കു എന്നേക്കും സ്തോത്രം ചെയ്യും. സങ്കീ. 115, 17–18. മരിച്ചവർ കർത്താവിനെ സ്തുതിക്കയില്ല, അന്ധകാരത്തിലേക്കു ഇറങ്ങുന്ന ഒരുത്തനുമില്ല, എന്നാൽ നാം ഇതുമുതൽ എന്നേക്കുംകർത്താവിനെ വാഴ്ത്തും. സഖറി 1, 12. കർത്താവിന്റെ മാലാഖാ ഉത്തരമായിട്ടു പറഞ്ഞു. സർവ്വശക്തനായ കർത്താവെ! ഈ എഴുപതു സംവത്സരങ്ങൾ നീ അവയുടെ മേൽ കോപിച്ചിട്ടുള്ള ഊർശ്ലേമിലും യഹൂദായുടെ നഗരങ്ങളിന്മേലും എത്രത്തോളം കരുണ ചെയ്യാതിരിക്കും. ലൂക്കൊ 16, 9. ഞാനും നിങ്ങളോടു പറയുന്നു. അന്യായത്തിന്റെ ഈ ധനംകൊണ്ടു നിങ്ങൾക്കു സ്നേഹിതന്മാരെ ഉണ്ടാക്കിക്കൊൾവിൻ, അതു അവസാനിക്കുമ്പോൾ എന്നേക്കുമുള്ള അവരുടെ കൂടാരങ്ങളിൽ നിങ്ങളെ അവർ കൈക്കൊൾവാനായിട്ടുതന്നെ. ലൂക്കൊ. 16, 27. അവർ അവനോടു പറയുന്നു. എന്നാൽ എന്റെ പിതാവെ! അവനെ എന്റെ ഭവനത്തിലേക്കു അയയ്ക്കണമെന്നു നിന്നോടു ഞാൻ അപേക്ഷിക്കുന്നു. യെറമി. 31, 15. റാഹേൽ അവളുടെ മക്കളെക്കുറിച്ചു കരയുന്നു. അവർ ഇല്ലായ്കകൊണ്ടു അവൾക്കു ആശ്വാസപ്പെടുവാൻ മനസ്സില്ല. ന്യായാ, 13, 17, മ്നൊഹ കർത്താവിന്റെ ദൂതനോടു പറഞ്ഞു, നിന്റെ വചനം സംഭവിക്കുമ്പോൾ ഞങ്ങൾ നിന്നെ വിളിപ്പാനായിട്ടു നിന്റെ പേരു എന്തു യെമറി. 15, 1. മത്താ. 27, 46–49.

www.malankaralibrary.com

സമന്മാരാകാതെ തൻെറ ഇഷ്ടന്മാരെന്നുള്ള സ്ഥിതിയിൽ അവരോടു ചെയ്യുന്ന സകലവും ദൈവത്തിൻെറ മുമ്പാകെ നല്ലതും പ്രസാദമുള്ളതും ആകുന്നു (10) ലോകത്തിൽ നടക്കുന്ന സംഗതികളെ ദൈവദൂതന്മാരും പരിശുദ്ധന്മാരുടെ ആത്മാക്കളും അറിയുന്നതു ദൈവം അവർക്കു കൊടുത്തിട്ടുള്ള ആത്മശക്തിയാൽ അല്ലാതെ ദൈവത്തെപ്പോലെ സ്വഭാവേനയുള്ള സർവ്വവ്യാപിത്വം മൂലം അല്ല. (11) സാത്താൻെറ വീഴ്ചയ്ക്കുമുമ്പ് അവനുണ്ടായിരുന്ന ഈ ശക്തി അവൻെറ വീഴ്ചയുടെ ശേഷവും അവനിൽനിന്നു എടുത്തുകളയപ്പെടാതിരിക്കുമ്പോൾ പരിശു

---

(8) നടപ്പ്. 5, 14–16. ശെമഓൻ വരുമ്പോൾ അവൻെറ നിഴൽ എങ്കിലും അവരുടെ മേൽ ആവസിപ്പാനായിട്ടു രോഗികളെ കട്ടിലുകളിൽ ഇട്ടുകൊണ്ടു് തെരുവീഥികളിൽ പുറത്തുകൊണ്ടുവരുവാൻ തക്കവണ്ണം കർത്താവിൽ വിശ്വസിച്ചവരായ പുരുഷരുടെയും സ്ത്രീകളുടെയും കൂട്ടം എത്രയും വർദ്ധിച്ചു. ഊർശ്ലേമിനു ചുററുമുള്ള നഗരങ്ങളിൽ നിന്നു രോഗികളേയും അശുദ്ധാത്മാക്കൾ ഉണ്ടായിരുന്നവരേയും കൂട്ടിക്കൊണ്ടു പലരും അവരുടെ അടുക്കൽ വന്നു, അവർ എല്ലാവരും സൌഖ്യപ്പെടുകയും ചെയ്തു.

(9) മത്താ, 5, 40 രാജാവു് ഉത്തരമായിട്ടു് അവരോടു പറഞ്ഞു. ചെറിയവരായ ഈ എൻെറ സഹോദരന്മാരിൽ ഒരുത്തനു നിങ്ങൾ ചെയ്തത്രയും എനിക്കു നിങ്ങൾ ചെയ്തുയെന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു.

(10) 2 ശമു. 14, 20. ഭൂമിയിലുള്ള സകലത്തേയും അറിവാനായിട്ടു് ദൈവദൂതന്മാരുടെ ജ്ഞാനം പോലെ എൻെറ യജമാനൻ ജ്ഞാനമുള്ളവനാകുന്നു. ലൂക്കോ. 15. 10. എബ്രാ. 12. 22–24 യറമി 31. 15.

www.malankaralibrary.com

ദ്ധൂതന്മാർക്കും പരിപൂർണ്ണന്മാരായ ശുദ്ധിമാന്മാരുടെ ആത്മാക്കൾക്കും തങ്ങളെ സംബന്ധിച്ച കാര്യങ്ങൾപോ ലും അറിവാനുള്ള ശക്തി കൊടുക്കപ്പെട്ടിട്ടില്ലെന്നു പറ യുന്നതു ദൈവത്തേയും തന്റെ ദാസന്മാരെയും അപമാ നിക്കയത്രെ. തമ്മിൽ തമ്മിലുള്ള പ്രാൎത്ഥന കൽപിക്ക പ്പെട്ടിരിക്കുന്നതാകയാലും മരിച്ചുപോയ പരിശുദ്ധന്മാ രും ജീവനോടിരിക്കുന്നവരും മററുള്ളവർക്കുവേണ്ടി പ്രാ ൎത്ഥിക്കുന്നതും പ്രാർത്ഥിപ്പാനായിട്ടു അവരോടു പറയുന്ന തും മ്ശിഹായുടെ ഏക മദ്ധ്യസ്ഥതവഴിയായിട്ടല്ലാതെ അതിനു എതിരായിട്ടൊ അതിനെ നിഷേധിച്ചിട്ടൊ അല്ലായ്കയാലും പരിശുദ്ധന്മാരോടുള്ള പ്രാർത്ഥന യാ തൊരുപ്രകാരത്തിലും മ്ശിഹായുടെ ഏക മദ്ധ്യസ്ഥതയു ടെ ശക്തിയെ കുറയ്ക്കുന്നതൊ നിന്ദിക്കുന്നതൊ ആയിതീ രുന്നതല്ല. എന്തെന്നാൽ മരിച്ചുപോയ പരിശുദ്ധന്മാ രോടു "നിങ്ങൾ ഞങ്ങൾക്കുവേണ്ടി അപേക്ഷിപ്പിൻ" എന്നു പറയുന്നതിനാൽ മ്ശിഹായുടെ മദ്ധ്യസ്ഥതയെ നിന്ദിക്കുന്നുണ്ടെങ്കിൽ ജീവനോടിരിക്കുന്നവരോടു നിങ്ങ ൾ ഞങ്ങൾക്കുവേണ്ടി അപേക്ഷിപ്പിൻ എന്നു പറയുന്ന തിനാലും ആ മദ്ധ്യസ്ഥതയെ നിന്ദിക്കയത്രെ. അതിനാൽ ജീവനോടിരിക്കുന്നവരുടെ മദ്ധ്യസ്ഥത മ്ശിഹായുടെ മദ്ധ്യസ്ഥതയെ നന്ദിക്കുന്നില്ലെന്നും മരിച്ചുപോയ പരി ശുദ്ധന്മാരുടെ മദ്ധ്യസ്ഥത നിന്ദിക്കുന്നുവെന്നും പറയുന്ന വരുടെ യുക്തി ചേർച്ചയായിവരുന്നതു എങ്ങിനെയെന്നു അറിവാൻ വളരെ പ്രയാസം. എന്നാലൊ തമ്മിൽതമ്മി ലും മരിച്ചുപോയ പരിശുദ്ധന്മാരോടും ഉള്ള പ്രാർത്ഥന ആദികാലം മുതലെ പതിവുണ്ടായിരുന്നതും വേദസത്യ ത്തിനു ചേരുന്നതും ശുദ്ധമുള്ള സഭയിൽ ഇന്നേയോളം

www.malankaralibrary.com

നടത്തിവരുന്നതും ഇതിനാൽ വളരെ പ്രയോജനമുള്ളതായി കണ്ടുവരുന്നതും ആകയാൽ ഇതിനെ ഭക്തിപൂർവ്വം നടത്തേണ്ടതു മുറയും യോഗ്യവും ആകുന്നു.

---

## 20–ാംസംഗതി.

### മരിച്ചവർക്കുവേണ്ടിയുള്ള പ്രാത്ഥനയെക്കുറിച്ച്.

(1) നമ്മുടെ കത്താവു മനുഷ്യനായി ജനിച്ചതും നോമ്പുനോററതും തന്നെത്താൻ ബലി നൽകിയതും പാതാളത്തിലേയ്ക്കു ഇറങ്ങി പ്രസംഗിച്ചതും ഉയർത്തെഴുന്നേററു സ്വർഗ്ഗത്തിലേക്കു കരേറി തൻെറ പിതാവിൻെറ വലത്തുഭാഗത്തു് ഇരുന്നുകൊണ്ടു മദ്ധ്യസ്ഥത പറയുന്നതുമായ തൻെറ സകല നടപടികളും ആദാംമുതൽ അവസാനനാളുംവരെയുള്ള സകല മനുഷ്യർക്കുംവേണ്ടിയത്രെ. താൻ ഇവയൊക്കെ പ്രവർത്തിച്ചതും പ്രവർത്തിക്കുന്നതും തൻെറ സൃഷ്ടികളായ മനുഷ്യരോടുള്ള സ്നേഹത്തിൻെറ പൂണ്ണത നിമിത്തം അവരെ രക്ഷിപ്പാൻവേണ്ടി (2) കൃപയോടും

---

(1) മത്താ. 4, 6. എന്തുകൊണ്ടെന്നാൽ നിന്നെക്കുറിച്ചു താൻ തൻെറ ദൂതന്മാരോടു കല്പിക്കുമെന്നും കല്ലിൽ നിൻെറ കാൽ ഉറസ്സാതിരിപ്പാനായിട്ടു അവരുടെ കൈകളിന്മേൽ നിന്നെ അവർ വഹിക്കുമെന്നും എഴുതപ്പെട്ടിരിക്കുന്നു. ആദ്യ 3, 1. യോബു്. 1,

20–ാംസംഗതി.

(1) റോമ. 5. 18 ആകയാൽ ഒരുത്തൻെറ പിഴ നിമിത്തം സകല മനുഷ്യർക്കും ശിക്ഷാവിധി ഉണ്ടായ പ്രകാരംതന്നെ ഒരുത്തൻെറ നീതിനിമിത്തം സകല മനുഷ്യർക്കും ജീവൻെറ കുററമില്ലായ്മയും ഉണ്ടാകും. 1പത്രോ. 3. 19. യോഹ. 17, 20. ലൂക്കോ. 7. 14, 15.

www.malankaralibrary.com

നീതിയോടും കൂടിയ ഒരു പ്രതിശാന്തി ഉണ്ടാകുവാനും. (3) സകല മനുഷ്യർക്കും കുററമില്ലാത്തതും കുറവില്ലാത്തതുമായ ഒരു നല്ല ദൃഷ്ടാന്തം നൽകുവാനും ആകയാൽ പൂൎണ്ണസ്നേഹത്തിന്റെ ലക്ഷണപ്രകാരം നാമും നമ്മുടെ ഗുരുവായ രക്ഷകൻ നമുക്കു കാണിച്ചുതന്നിരിക്കുന്ന ദൃഷ്ടാന്തം പോലെ ആദാംമുതലുള്ള സകല മനുഷ്യരുടേയും രക്ഷയ്ക്കുവേണ്ടി ആഗ്രഹിക്കയും അപേക്ഷിക്കയും ചെയ്യേണ്ടിയവരാകുന്നു. (4) തലയായിരിക്കുന്ന മ്ശിഹാ ആദാം മുതൽ അവസാനംവരെയുള്ള സകല മനുഷ്യരേയും തന്റെ ശരീരമായി കണക്കിട്ട് അവരുടെ എല്ലാവരുടേയും കാൎയ്യം അന്വേഷിക്കുന്നപ്രകാരം ആദാംമുതൽ അവസാനംവരെയുള്ളവരായ എല്ലാവരും തമ്മിൽ തമ്മിൽ അവയവങ്ങളാകയാൽ അവയവങ്ങളെപ്പോലെ

---

(2) 1 പത്രോ. 2: 24. നാം പാപത്തിനു മരിച്ചു തന്റെ നീതിമൂലം ജീവിപ്പാനായിട്ടു നമ്മുടെ സകലപാപങ്ങളേയും താൻ വഹിച്ചു തന്റെ ശരീരത്തിൽ സ്ലീബായിലേക്ക് അവയെ കരേററി, എന്തുകൊണ്ടെന്നാൽ തന്റെ പാടുകളാൽ നിങ്ങറം സൗഖ്യപ്പെട്ടിരിക്കുന്നു.

(3) 1 പത്രോ. 2. 21, എന്തുകൊണ്ടെന്നാൽ ഇതിനായിട്ടു നിങ്ങറം വിളിക്കപ്പെട്ടിരിക്കുന്നു. മിശിഹായും നമുക്കുവേണ്ടി മരിച്ചു ഈ ദൃഷ്ടാന്തത്തെ നമുക്കു വച്ചിരിക്കുന്നു. ആയതു നിങ്ങറം അവന്റെ പിന്നടികളിൽ നടപ്പാനായിട്ടുതന്നെ യോഹ. 13. 15

(4) എഫേ. 5. 23. എന്തുകൊണ്ടെന്നാൽ മിശിഹാ സഭയുടെ തലയും ശരീരത്തിന്റെ രക്ഷകാരനും ആയിരിക്കുന്ന പ്രകാരം പുരുഷൻ സ്ത്രീയുടെ തലയാകുന്നു. 29. എന്തെന്നാൽ ഒരുത്തനും തന്റെ ശരീരത്തെ ഒരിക്കലും പോഷിക്കുന്നില്ല എന്നാലൊ മിശിഹാ സഭയുടേതു് എന്നപോലെ അവൻ അതിനെ പുലർത്തി അതിനുള്ളതു് ഉത്സാഹിക്കുന്നു. 1 കോരി. 12, 12—27. ഗലാ. 6.2.

www.malankaralibrary.com

അന്യോന്യം ഭാരംവഹിക്കയും ഒരുത്തനുവേണ്ടി ഒരുത്തൻ അപേക്ഷിക്കയും ചെയ്‌വാൻ ന്യായമാകുന്നു. നാം നമുക്കു വേണ്ടിയും ജീവനോടിരിക്കുന്നവരായ നമ്മുടെ സഹോദരന്മാർക്കുവേണ്ടിയും ''ഞങ്ങളുടെ പാപങ്ങളെ ഞങ്ങളോടു ക്ഷമിക്കേണമെ'' എന്നു് അപേക്ഷിക്കുന്നതു നാം ഇനി ജഡത്തിൽ ജീവിച്ചിരുന്നു നന്മയിൽ വളരാവുന്നവരാകയാൽ നമ്മോടു ക്ഷമിപ്പാൻ ന്യായം ഉണ്ടെന്നുള്ള ആന്തരത്തിൽ അല്ലല്ലൊ. തിരിയെ ജീവിക്കുമെന്നുള്ള ആശയില്ലാത്തപ്രകാരം മരണശ്വാസത്തിൽ കിടക്കുന്ന രോഗികളുടെ പാപമോചനത്തിനുവേണ്ടി അപേക്ഷിക്കുന്നതും മേലാൽ അവർ ജഡത്തിൽ ജീവിച്ചിരുന്നു നന്മചെയ്യുവാൻ സംഗതിയാക്കിക്കൊണ്ടു് അവരുടെ കഴിഞ്ഞ പാപങ്ങളെ ക്ഷമിക്കണമെന്നല്ലല്ലോ, മരിക്കുന്നുയെങ്കിലും ജീവിക്കുന്നുയെങ്കിലും ചെയ്തുപോയ പാപങ്ങൾക്കു മോചനം യാചിക്കുന്നതു ദൈവം തന്റെ കൃപമൂലം ക്ഷമിക്കണമെന്നത്രെ. അപ്രകാരംതന്നെ മരിച്ചുപോയ നമ്മുടെ സഹോദരന്മാർക്കുവേണ്ടി അപേക്ഷിക്കുന്നതും തന്റെ കൃപമൂലം അവർക്കു മോചനം നൽകണമെന്നത്രെ. ന്യായവിധിയുടെ ദിവസംവരെ കൃപയുടെ കാലമായി ദൈവം നിശ്ചയിച്ചിരിക്കുന്നതു ജീവനോടിരിക്കുന്നവർക്കു മാത്രമല്ല, മരണശ്വാസത്തിൽ കിടക്കുന്നവർക്കുമാത്രവും അല്ല. 5) ആശയുള്ളവരായി മരിച്ചുപോയവർക്കും കൂടെയത്രെ.

---

(5) രൂഥ്. 2. 20. ജീവനുള്ളവരിൽനിന്നും മരിച്ചവരിൽ നിന്നും തന്റെ കരുണയെ നീക്കിക്കളയാത്ത കർത്താവു വാഴ്ത്തപ്പെട്ടവനാകുന്നു. സങ്കീ 88, 10–12, കണ്ടാലും മരിച്ചവർക്കു അത്ഭുതങ്ങളെ പ്രവർത്തിക്കുന്നു. പരാക്രമന്മാർ എഴുന്നേററു നിനക്കു സ്തോത്രം ചെയ്യും. കബറുകളി

www.malankaralibrary.com

(6) മരിച്ചവർക്കവേണ്ടിയുള്ള പ്രാൎത്ഥനയും ബലിയും യഹൂദസഭയിൽ നടത്തിവന്നതും (7) നമ്മുടെ കർത്താവു പ്രവൃത്തിയിൽക്കൂടെ ചെയ്തു പഠിപ്പിച്ചിട്ടുള്ളതും (8) തന്റെ ശ്ലീഹന്മാർ നടത്തിവന്നതും ശുദ്ധമുള്ള സഭയിൽ ആദ്യകാലംമുതൽ ഇന്നേവരെ നടത്തിവരുന്നതും അത്രെ. മരിച്ചുപോയവർക്ക നമ്മുടെ പ്രാൎത്ഥന മുഖാന്തിരം രക്ഷയ്ക്കുള്ള ആശ വർദ്ധിക്കയും പാപങ്ങൾ മോചിക്കപ്പെട്ട് ആശ്വാസം ലഭിക്കയും ചെയ്യുന്നതാകുന്നു. അതിനാൽ മരിച്ചവർക്കവേണ്ടിയുള്ള പ്രാർത്ഥന എത്രയും യോഗ്യവും മുറയും പ്രയോജനമുള്ളതും അത്രെ. എന്നാൽ

---

ലുള്ളവർ നിന്റെ കൃപയേയും നാശത്തിൽ നിന്റെ വിശ്വാസത്തെയും വിവരമായി അറിയിക്കും. അന്ധകാരത്തിൽ നിന്റെ അത്ഭുതവും മറക്കപ്പെട്ട ഭൂമിയിൽ നിന്റെ നീതിയും അറിയിക്കപ്പെടും. 1പത്രോ. 3. 19.

(6) ആവൎത്ത. 33, 6 റൂബേൻ ജീവിക്കട്ടെ. അവൻ മരിക്കരുതെ. അവൻ എണ്ണത്തിൽ ആകയും ചെയ്യട്ടെ. 2 മക്കാ: 12, 42–43, ഇതുനിമിത്തം പൂർണ്ണ പാപമായി ഇതു അവർക്ക് എഴുതപ്പെടരുതെന്ന് എല്ലാവരും ദൈവത്തോട പ്രാൎത്ഥിപ്പാനും അപേക്ഷിപ്പാനും തുടങ്ങി. എന്നാൽ പരാക്രമനായ ഈഹൂദാ സകല ജനത്തോടും അവർ പാപങ്ങളിൽനിന്നു തങ്ങളെത്തന്നെ കാത്തു സൂക്ഷ്മപ്പെട്ടുകൊൾവാൻ അപേക്ഷിച്ചു അവരോട പറഞ്ഞതു: കണ്ടാലും ഇവൎക്ക സംഭവിച്ചതു നിങ്ങളുടെ കണ്ണുകളുടെ മുമ്പാകെ നിങ്ങൾ കണ്ടിരിക്കുന്നുവല്ലൊ. പണം കൊടുക്കേണ്ടുന്നതിനു അവൻ സകല ജനത്തിലും വരിയിട്ടു മൂവായിരം പണം പിരിച്ചെടുത്തു അവർക്കവേണ്ടി കാഴ്ചകൾ അണപ്പാനായിട്ടു അവയെ ഊർശ്ലേമിലേക്ക കൊടുത്തയച്ചു. 46 ഇതു ഹേതുവായിട്ട് ഉറങ്ങിപ്പോയവരുടെ പാപങ്ങൾക്കവേണ്ടി പരിഹാരം ചെയ്വാനായിട്ടു അവർ കൊടുത്തയച്ചു.

(7) 49-ാം പുറം 1) അക്കം സാക്ഷികൾ നോക്കുക.

www.malankaralibrary.com

ഞാൻ ജീവനോടിരിക്കുമ്പോഴും മരിച്ചതിന്റെ ശേഷവും മററുള്ളവർ എനിക്കവേണ്ടി അപേക്ഷിച്ചുകൊള്ളുമല്ലൊ എന്നുള്ള വിചാരത്തോടുകൂടെ ജഡമയനായ ഒരുത്തൻ നടക്കുന്നു എങ്കിൽ ആയതു മരണത്തിനുള്ള പാപങ്ങളിൽ ഒന്നാകയാൽ (9) സകല പരിശുദ്ധന്മാരും ദീർഘദർശിമാരും ലോകത്തിലുള്ളവരൊക്കെയും അവനുവേണ്ടി അപേക്ഷിച്ചാലും അവൻ കൃപെക്കു യോഗ്യനായിത്തീരുന്നതല്ല. (10) അവൻ കൃപ വർദ്ധിപ്പാനായിട്ടു പാപത്തിൽതന്നെ പാർക്കയെന്നുള്ള വിപരീതയുക്തിക്കു അനുരൂപമാകയാൽ കൃപയററവനും ആകുന്നു. എന്തെന്നാൽ ജീവനോടിരിക്കുമ്പോഴും മരിച്ചതിന്റെശേഷവും മററുള്ളവരുടെ പ്രാർത്ഥനമൂലം കൃപ ലഭിക്കുന്നതു മരണത്തിനല്ലാത്ത പാപങ്ങൾ ചെയ്തുപോയിട്ടുള്ളവരെങ്കിലും മ്ശിഹായിൽ സ്ഥിരമുള്ള വിശ്വാസത്തോടുകൂടെ കൃപെക്കു പാത്രവാന്മാരായി നടക്കുന്നവർക്കുമാത്രം ആകുന്നു.

---

(8) 2 തീമൊ. 1, 16-18. ഓനേസിപ്പോറോസിന്റെ ഭവനത്തിനു നമ്മുടെ കർത്താവു അനുഗ്രഹങ്ങൾ നല്കുമാറാകട്ടെ. എന്തുകൊണ്ടെന്നാൽ അവൻ പല പ്രാവശ്യവും എന്നെ ആശ്വസിപ്പിച്ചു. എന്റെ ബന്ധനങ്ങളുടെ ചങ്ങലകളിൽ അവൻ ലജ്ജിച്ചില്ല. എന്നാലൊ അവൻ റോമായിലേക്കു വന്നപ്പോൾ താല്പര്യത്തോടെ എന്നെ അന്വേഷിച്ചു എന്നെ കണ്ടെത്തി, ആ ദിവസത്തിൽ നമ്മുടെ കർത്താവിന്റെ പക്കൽ അവൻ അനുഗ്രഹങ്ങൾ കണ്ടെത്തുവാനായിട്ടു നമ്മുടെ കർത്താവു അവനു നൽകുമാറാകട്ടെ. കോറി. 15, 29. അപ്പൊ. 20, 10.

(9) സങ്കീ 109, 14. അവരുടെ പിതാക്കന്മാരുടെ അന്യായം ഓർക്കപ്പെടും, അവരുടെ മാതാക്കന്മാരുടെ പാപങ്ങൾ മായിക്കപ്പെടുകയുമില്ല. യെറമി, 15, 1. 16, 6-7 17, 1

www.malankaralibrary.com

## 21–ാം സംഗതി.

### മരിച്ചവൎക്കവേണ്ടിയുള്ള നോമ്പു, കുൎബ്ബാന, ധൎമ്മങ്ങൾ മുതലായവയെ കുറിച്ചു്.

കൎത്താവിൽ മരിക്കുന്നവരായ മാതാപിതാക്കന്മാൎക്കവേണ്ടിയും സഹോദരസഹോദരിമാൎക്കവേണ്ടിയും പ്രാൎത്ഥന കഴിക്കുന്നതു കൂടാതെ (1) അവൎക്കവേണ്ടി നോമ്പു നോക്കുക, അവരുടെ ഓൎമ്മദിവസങ്ങളിൽ നമ്മുടെ കൎത്താവിന്റെ ബലിയെ ഓൎപ്പിച്ചു കൃപ യാചിക്കുന്നതായ (2) കുൎബ്ബാന കഴിപ്പിക്ക (3) ദൈവത്തിൽനിന്നുള്ള കൃപയ്ക്കു പാത്രീഭവിക്കുന്നതായ ദാനധൎമ്മങ്ങൾ കൊടുക്ക മുതലായവ ചെയ്യുന്നതു നല്ലതും ദൈവത്തിന്റെ മുമ്പാകെ പ്രസാദമുള്ളതും ആകുന്നു. (4) നമ്മുടെ കൎത്താവു നടത്തീട്ടുള്ള സകല പ്രവൃത്തികളും തന്റെ ബലിയും ജീവനുള്ളവൎക്ക

---

(10) റോമാ 6, 1. ആകയാൽ നാം എന്തു പറയും? കൃപ വൎദ്ധിപ്പാനായിട്ടു പാപത്തിൽതന്നെ നാം പാൎക്കയെന്നോ? 21–ാംസംഗതി.

(1) 1 ശമു. 31, 13. അവർ അവരുടെ അസ്ഥികളെ എടുത്തു യാബേശിലുള്ള പുന്നവൃക്ഷത്തിൻ കീഴിൽ കബറടക്കി ഏഴുദിവസം നോമ്പു നോക്കുകയും ചെയ്തു. 2 ശമു 1, 12 അവർ ശാവൂലിനുവേണ്ടിയും അവന്റെ പുത്രനായ യോനാഥാനുവേണ്ടിയും കൎത്താവിന്റെ ജനത്തിനുവേണ്ടിയും വാളാൽ വീണുപോയിട്ടുള്ള ഇസ്രായേൽ പുത്രന്മാൎക്കവേണ്ടിയും വിലപിച്ചു കരകയും സന്ധ്യവരെ നോമ്പു നോക്കുകയും ചെയ്തു.

(2) 52–ാംപുറം (6) അക്കം സാക്ഷികൾ നോക്കുക.
(3) അപ്പോ. 10—4. മാലാഖാ അവനോടു പറഞ്ഞു, നിന്റെ പ്രാൎത്ഥനകളും ധൎമ്മങ്ങളും ദൈവത്തിന്റെ മുമ്പാ

www.malankaralibrary.com

വേണ്ടി മാത്രം അല്ല, മരിച്ചുർവക്കുവേണ്ടിയും കൂടെയത്രെ. താൻ നമുക്കു കാണിച്ചുതന്നിട്ടുള്ള ദൃഷ്ടാന്തപ്രകാരം നാം നമുക്കു വേണ്ടിയും ജീവനോടിരിക്കുന്നവരായ ശേഷം പേൎക്കു വേണ്ടിയും മാത്രമല്ല, നമ്മുടെ മരിച്ചവർക്കുവേണ്ടിയും കൂടെ വിചാരത്താലും വാക്കാലും പ്രവൃത്തിയാലും നമ്മാൽ കഴിയുന്നതു ചെയ്യേണ്ടതാകുന്നു. എന്നാൽ മ്ശിഹായിൽ വിശ്വാസം ഇല്ലാതെയും ദൈവത്തിൽനിന്നുള്ള കൃപക്കു യോഗ്യന്മാരല്ലാതെയും മരിച്ചുപോകുന്ന ആളുകൾക്കു വേണ്ടി നിത്യം കർബ്ബാന ചൊല്ലിക്കയും തങ്ങൾക്കുള്ള സമ്പത്തു മുഴുവനും ദരിദ്രന്മാരെ തീറ്റുകയും ചെയ്താലും അവർക്കു യാതൊരു പ്രയോജനവും ഉണ്ടാകുന്നതല്ല. ഇപ്രകാരമുള്ള നല്ല പ്രവൃത്തികൾ ചെയ്യുന്നവർ നല്ല ആന്തരത്തോടുകൂടെ ചെയ്യുന്നതായിരുന്നാൽ തങ്ങൾക്ക് അവ ഫലമുള്ളവയായിതീരുകയും ചെയ്യും.

---

## 22-ാംസംഗതി.

### തിരുശേഷിപ്പുകളെക്കുറിച്ച്

(1) നമ്മുടെ കർത്താവിന്റെ കബറിടത്തേയും ശുദ്ധിമാന്മാരുടെ അസ്ഥികൾ മുതലായവയേയും ബഹുമാനത്തോടും ഭക്തിയോടുംകൂടെ വിചാരിപ്പാനുള്ളതാകുന്നു. (2) നമ്മുടെ കർത്താവിന്റെ ശക്തിയേയും തന്റെ പരി

---

കെ ഓർമ്മയ്ക്കായി കരേറിയിരിക്കുന്നു. ദാനി, 4, 27.

(4) 49-ാം പുറം (1) അക്കം സാക്ഷികൾ നോക്കുക. 22-ാംസംഗതി.

---

(1) 1 രാജാ. 13, 31. അവർ അവനെ കബറടക്കിയതിന്റെ ശേഷം അവൻ അപ്പന്റെ പുത്രന്മാരോടു പറഞ്ഞു,

www.malankaralibrary.com

ശ്ലീഹന്മാർക്കു കൊടുത്തിട്ടുള്ള നൽവരങ്ങളേയും ഓർത്തു് ഇവയെ ഭക്തിപൂർവ്വം പെരുമാറുന്നവർക്കു ദൈവത്തിൽ നിന്നു് അനുഗ്രഹവും തങ്ങളുടെ രോഗങ്ങൾ മുതലായവയ്ക്കു് ആശ്വാസവും ലഭിക്കുന്നതാകുന്നു.

## 23-ാം സംഗതി

### കുരിശുവരയേയും കുരിശുവന്ദനയേയും കുറിച്ചു്.

(1) നാം നമ്മുടെ കാവലിന്നും രക്ഷയ്ക്കും വേണ്ടി മ്ശിഹായുടെ കുരിശുമരണത്തിൽ സങ്കേതപ്പെടേണമെന്നും തന്റെ കഷ്ടാനുഭവങ്ങളായ കുരിശിനെ എല്ലായ്പോഴും നമ്മിൽ വഹിച്ചിരിക്കണമെന്നും തന്റെ കുരിശു ക്രിസ്ത്യാനികളായ നമ്മുടെ അടയാളവും പ്രശംസയും ആകുന്നു എന്നും നമ്മെ ഓർപ്പിപ്പാനും അപ്രകാരം വിശ്വസിച്ചു പ്രവൃത്തിക്കുന്നോ എന്നു അറിയിപ്പാനും വേണ്ടി കുരിശിന്റെ അടയാളം നമ്മിൽ വരയ്ക്കേണ്ടതാകുന്നു. മനുഷ്യകുലം മുഴുവനും രക്ഷപ്പെട്ടതു ദൈവപുത്രന്റെ കുരിശുമൂലം ആകയാൽ നാം വന്ദിക്കേണ്ടതും ആകുന്നു. നാം വന്ദി

---

ഞാൻ മരിക്കുമ്പോൾ ദൈവത്തിന്റെ ദീർഘദർശി അടക്കപ്പെട്ടിരിക്കുന്ന കബറിൽ തന്നെ എന്നെ അടക്കുവിൻ. അവന്റെ അസ്ഥികളേയും ഇടുവിൻ. അവന്റെ അസ്ഥികളുടെ അരികെ എന്റെ അസ്ഥികളേയും ഇടുവിൻ 2 രാജാ. 23, 17-18. പുറപ്പാ. 13, 19.

(2) 2 രാജാ. 13, 21 അവർ ഒരു മനുഷ്യനെ കബറടക്കുമ്പോൾ കവർച്ചക്കൂട്ടങ്ങളെ കണ്ടിട്ടു ആ മനുഷ്യനെ എലീശായുടെ കല്ലറയിൽ ഇട്ടു അവർ എലീശായുടെ അസ്ഥികളിന്മേൽ തട്ടിയാറെ ജീവിച്ചു് അവന്റെ കാലുകളിന്മേൽ നിന്നു. മത്താ. 9. 20-21. 14, 36 അപ്പോ. 5, 5, 19—12

www.malankaralibrary.com

ക്കൊണ്ടു കുരിശു പൊന്നു്, വെള്ളി, കല്ലു്, മരം മുതലായവകൊണ്ടു കുരിശിന്റെ മാതൃകയിൽ ഉണ്ടാക്കി വച്ചിരിക്കുന്നവ അല്ല. അവ ഓർമ്മയ്ക്കും അറിവിനുമായി ഉണ്ടാക്കപ്പെട്ടിരിക്കുന്നവയത്രെ. കുരിശു കുദാശ ചെയ്യപ്പെടാത്തതിന്റെ മുഖ്യ കാരണങ്ങളിൽ ഒന്നും ഇതു തന്നെ ആകുന്നു. എന്നാൽ കാണപ്പെടാവതല്ലാത്തവനുമായ രൂപാന്തരപ്പെടുത്താവതല്ലാത്തവനുമായ മഹാദൈവത്തെ നമ്മുടെ ഹൃദയത്തിന്മേൽ രൂപപ്പെടുത്തികൊണ്ടു് ആത്മീയകണ്ണാൽ നോക്കി വന്ദിക്കുന്ന പ്രകാരം ദൈവപുത്രന്റെ കുരിശിനെ ഹൃദയത്തിന്റെ പലകമേൽ രൂപപ്പെടുത്തികൊണ്ടു് ആത്മീയകണ്ണാൽ നോക്കിവന്ദിക്കേണ്ടതാകുന്നു. (2) കുരിശിന്റെ മുമ്പാകെ വന്ദിക്കുന്നതു കുരിശിൽ തറയ്ക്കപ്പെട്ട കർത്താവിനേയും തന്റെ കുരിശുമരണത്തേയും വന്ദിക്കയത്രെ. സാക്ഷിയുടെ പെട്ടിക്കുമുമ്പാകെ ദാവീദു് ചെയ്തസകലവും വിഗ്രഹാരാധനയായി വിചാരിക്കപ്പെടാതെ ദൈവത്തിന്റെ മുമ്പാകെ ചെയ്തതായി എണ്ണപ്പെട്ടപ്രകാരം തന്നെ കുരിശിന്റെ മുമ്പാകെ കർത്താവിനേയും തന്റെ

---

23-ാംസംഗതി

(1) ഗലാ. 6, 14. എന്നാൽ നമ്മുടെ കർത്താവായ യേശുമിശിഹായുടെ സ്ലീപ്പായിൽ അല്ലാതെ എനിക്കു പ്രശംസിപ്പാൻ ഉണ്ടാകരുതെ. അവനാൽ ലോകം എനിക്കു കുരിശിക്കപ്പെട്ടിരിക്കുന്നു ഞാൻ ലോകത്തിന്നും കുരിശിക്കപ്പെട്ടിരിക്കുന്നു. 1കോരി 1 18 എബ്രാ. 13, 13. മത്താ. 16, 24. ഫീലിപ്യാ. 3, 18.

(2) എബ്രാ. 11, 21. വിശ്വാസത്താൽ യാക്കോബു മരിക്കുമ്പോൾ യൌസേപ്പിന്റെ പുത്രന്മാരിൽ ഓരോരുത്തനെ എല്ലാം അനുഗ്രഹിച്ചു് അവന്റെ വടിയുടെ അറ്റത്തു വന്ദിച്ചു. 2 ശമു 1ൽ 14—16,

www.malankaralibrary.com

കുരിശു മരണത്തെയും വന്ദിക്കുന്നതു വിഗ്രഹാരാധനയായി വിചാരിക്കപ്പെടാതെ അനുഗ്രഹമായിട്ടു് എണ്ണപ്പെടുന്നതാകുന്നു. (3) വന്ദിപ്പാനായി ബിംബങ്ങളെ ഉണ്ടാക്കുകയും അവയെ വന്ദിക്കുകയും ചെയ്യരുതെന്നല്ലാതെ (4) വേദപുസ്തകസംഭവങ്ങളുടെ ഓൎമ്മെക്കും അറിവിനും പള്ളികളുടെ അലങ്കാരത്തിനും വേണ്ടി കുരിശുമുതലായ സാമാനങ്ങളെ ഉണ്ടാക്കുന്നതും (5) പള്ളികളേയും പള്ളി ഉപകരണങ്ങളേയും ബഹുമാനത്തോടും ഭക്തിയോടും കൂടെ പെരുമാറുന്നതും യാതൊരു പ്രകാരത്തിലും വിഗ്രഹാരാധനയായി വിചാരിക്കപ്പെടുന്നതല്ല.

---

## 24--ാം സംഗതി.

## കന്യാവ്രതത്തെക്കുറിച്ചു്,

(1) വിവാഹം ചെയ്യരുതെന്നു് ഒരുത്തനോടും വിരോധിച്ചുകൂടാത്തതെങ്കിലും (2) ഒരുത്തൻ തന്റെ സ്വന്ത

---

(3) പുറ. 20, 4-5. നിനക്കു് ഒരു വിഗ്രഹത്തെയും ഉണ്ടാക്കരുതു്. മീതെ സ്വൎഗ്ഗത്തിലും താഴെ ഭൂമിക്കു കീഴെ വെള്ളത്തിലും ഉള്ള യാതൊരു പ്രതിമയേയും അരുതു്. നീ അവറ്റെ വന്ദിക്കയും അവയെ സേവിക്കയും അരുതു്. 2 രാജാ. 18, 4.

(4) പുറ. 25, 18. പൊന്നുകൊണ്ടുള്ള രണ്ടു ക്രൂബകളെ ഉണ്ടാക്കുക. സംഖ്യ. 21, 8. കൎത്താവു മോശയോടു പറഞ്ഞു നീ പിച്ചളകൊണ്ടു് ഒരു ഹർമ്മാനാ സൎപ്പത്തെ നിനക്കു് ഉണ്ടാക്കി അതിനെ അടയാളത്തിനായി വെക്കു യോശു. 4, 3-7.

(5) ലേവ്യ 12, 4. അവളുടെ ശുദ്ധീകരണദിവസങ്ങൾ തികയുന്നതുവരെ യാതൊരു ശുദ്ധ വസ്തുവിനെയും അവൾ തൊടരുതു. ശുദ്ധസ്ഥലത്തേക്കു പ്രവേശിക്കയും അരുതു്. 2 ശമു. 6, ദാനി. 5

www.malankaralibrary.com

മനസ്സാൽ വിവാഹം ഉപേക്ഷിച്ചു തന്റെ ആത്മാവിനെയും ശരീരത്തെയും ദൈവത്തിന്റെ മുമ്പാകെ വെടിപ്പോടുകൂടെ കാത്തു ദൈവത്തിനു വേല ചെയ്യുന്നു എങ്കിൽ ഏറ്റം നല്ലതാകുന്നു. (3) ഒരുവൻ കന്യാവ്രതനേർച്ചയിൽ ഉൾപ്പെട്ടതിന്റെ ശേഷം തന്റെ ആദ്യത്തെ നേർച്ചയെ ഉപേക്ഷിച്ചു വിവാഹം ചെയ്താൽ ഇതു മൂലം രക്ഷക്കു് അയോഗ്യനായിത്തീരുന്നില്ലെങ്കിലും കുറ്റമില്ലാത്തവനായി വിചാരിക്കപ്പെടുന്നതല്ല. അപ്രകാരമുള്ളവരെ സഭയിൽ അവർക്കുള്ള ബഹുമാനത്തിൽനിന്നും സ്ഥാനത്തിൽനിന്നും തള്ളേണ്ടതുമാകുന്നു.

---

## 25-ാം സംഗതി.

### പട്ടക്കാരുടെ വിവാഹത്തെക്കുറിച്ചു്.

(1) വിവാഹം അശുദ്ധമുള്ളതായിട്ടല്ല, എന്നാൽ പാത്രിയർക്കീസ്, കാസോലിക്കാ, മെത്രാൻമുതലായ സ്ഥാ

---

24-ാം സംഗതി.

(1) 31-ാം പുറം (2) അക്കം സാക്ഷിനോക്കുക.

(2) 1 കോരി. 7, 7–8, 32, 33. എന്തുകൊണ്ടെന്നാൽ എല്ലാ മനുഷ്യരും എന്നെപ്പോലെ വെടിപ്പോടിരിപ്പാൻ ഞാൻ ആഗ്രഹിക്കുന്നു, എന്നാലൊ എല്ലാവനും ദൈവത്തിൽനിന്നു വരം കൊടുക്കപ്പെട്ടിരിക്കുന്നു. ഇപ്രകാരം ഉള്ളവനും അപ്രകാരം ഉള്ളവനും ഉണ്ടു്. എന്നാൽ തങ്ങൾക്കു സ്ത്രീകൾ ഇല്ലാത്തവരോടും വിധവമാരോടും ഞാൻ പറയുന്നു: അവർ എന്നെപ്പോലെ പാർത്താൽ അവർക്കുകൊള്ളാം. എന്തുകൊണ്ടെന്നാൽ ഭാര്യ ഇല്ലാത്തവൻ തന്റെ യജമാനനു ഇഷ്ടമാകുവാനായിട്ടു തന്റെ യജമാനന്റെ കാര്യത്തിൽ നിരൂപിക്കുന്നു. ഭാര്യ തനിക്കുള്ളവൻ തന്റെ ഭാര്യക്കു ഇഷ്ടമാകുവാനായിട്ടു ലോകകാര്യത്തെ ഉത്സാഹിക്കുന്നു. മത്താ. 19, 12.

(3) തീമോ. 5. 12. അവർ അവരുടെ ആദ്യവിശ്വാസത്തെ നിരസിച്ചതിനാൽ അവരുടെ ന്യായവിധി നിലനിൽക്കുന്നു.

www.malankaralibrary.com

നികാം സഭയുടെ പ്രത്യേക ചുമതലക്കാരും ഭാരവാഹികളും സദാനേരവും അതിനുവേണ്ടി താല്പര്യപ്പെടേണ്ടിയവരും ആകയാൽ ഇപ്രകാരമുള്ളവർ (2) ജഡമോഹങ്ങളിൽ നിന്നു് ഒഴിഞ്ഞു തങ്ങളുടെ ദേഹത്തേയും ദേഹിയേയും മുഴുവനും ദൈവിക വേലയ്ക്കായി ഒഴിഞ്ഞു കൊടുത്തിരിക്കുന്ന നല്ല പതിവ്രതയുള്ള വ്രതക്കാർ ആയിരിക്കേണമെന്നും, പള്ളികാം ഭരിക്കുന്ന കശീശന്മാർ പുരുഷന്മാരോടെന്നപോലെതന്നെ സ്ത്രീകളോടും അടുത്തു പെരുമാറേണ്ടിയവരും (3) മനുഷ്യസ്വഭാവം ബലഹീനമുള്ളതും പരീക്ഷയിൽ അകപ്പെടുവാൻ എളുപ്പമുള്ളതും ആകയാൽ (4) അവർ വിവാഹം ചെയ്യുവരും പുനർവിവാഹത്തിലും വിധവാവിവാഹത്തിലും ഉാംപ്പെടാത്തവരുമായ ഉത്തമന്മാർ ആയിരിക്കണമെന്നും സഭ നിശ്ചയിച്ചിരിക്കുന്നതു് എത്രയും യുക്തമായിട്ടുള്ളതാകുന്നു.

---

25-ാംസംഗതി.

(1) 2 -ാം പുറം (1) അക്കം സാക്ഷിനോക്കുക.

(2) 53-ാം പുറം (1) അക്കം സാക്ഷി നോക്കുക.

(3) 1 കോരി 7, 5—6. നിങ്ങളുടെ ശരീരത്തിൻെറ മോഹം നിമിത്തം സാത്താൻ നിങ്ങളെ പരീക്ഷിക്കാതിരിപ്പാനായിട്ടു വീണ്ടും ആ കാര്യത്തിലേക്കുതന്നെ നിങ്ങാം തിരിഞ്ഞുകൊാംവിൻ എന്നാൽ ബലഹീനന്മാരോടെന്നപോലെ ഇതു ഞാൻ പറയുന്നു. കല്പനയായിട്ടല്ല

(4) 1 തീമോ. 3, 2. എന്നാൽ കശീശാ തന്നിൽ കുററം കണ്ടെത്തപ്പെടാത്തവനും ഏകഭാര്യയുടെ ഭർത്താവായിരിക്കുന്നവനും തൻെറ നിരൂപണയിൽ ഉണൎച്ചയുള്ളവനും പരിപാകമുള്ളവനും ക്രമമുള്ളവനും അതിഥിപ്രിയനും പഠിപ്പിക്കുന്നവനും ആയിരിപ്പാൻ വേണ്ടിയിരിക്കുന്നു ലോഭ്യ

www.malankaralibrary.com

## 26-ാം സംഗതി.

### മനുഷ്യന്റെ ആത്മാവിനെക്കുറിച്ചു്.

(1) ദൈവം മനുഷ്യനു ശിക്ഷയും രക്ഷയും നിശ്ചയിച്ചിരിക്കുന്നതു ശരീരത്തിനും ആത്മാവിനും കൂടെ അല്ലാതെ ശരീരത്തിനു മാത്രമോ ആത്മാവിനു മാത്രമോ അല്ല. (2) ശരീരം ദൈവത്തിന്റെ സൃഷ്ടിയായിരിക്കുന്ന പ്രകാരം ആത്മാവും തന്റെ സൃഷ്ടിയത്രെ. ആയതു ദൃഢബുദ്ധിയോടുകൂടിയതും അവസാനം ഇല്ലാത്തതുമായി സൃഷ്ടിക്കപ്പെട്ടിരിക്കുന്നു എങ്കിലും തുടസ്സം ഇല്ലാത്തതല്ല. എന്നാൽ ആത്മാവു ദൈവത്തിന്റെ ഒരു അംശം അല്ലാതെ സൃഷ്ടിക്കപ്പെട്ടതല്ലെന്നും അതിനാൽ ആയതു ശിക്ഷക്കു പാത്രമായി തീരുന്നതല്ലെന്നും ചിലർപറയുന്ന ഉപദേശം വലിയ വേദവിപരീതവും മനുഷ്യരെ വലിയതായ ആപത്തിലേക്കു വലിച്ചുകൊണ്ടുപോകുന്നതും അത്രെ.

---

21, 13-14 ഇവൻ ഒരു കന്യകയെ പരിഗ്രഹിക്കണം, വിധവയും ഉപേക്ഷിക്കപ്പെട്ടവളും വേശ്യാസംഗത്താൽ അശുദ്ധപ്പെടാത്തവളുമായവരിൽ ഒരുത്തിയേയും പരിഗ്രഹിക്കരുതു് എന്നാലൊ തന്റെ ജനത്തിൽനിന്നു് ഒരു കന്യകയെ ഭാര്യയായി പരിഗ്രഹിക്കണം തീമോ. 1, 6. 1 കോരി 7. 8, 27.

26—ാം സംഗതി

(1) മത്താ. 10 28 ശരീരത്തെ കൊല്ലുന്നവരിൽനിന്നു നിങ്ങൾ ഭയപ്പെടേണ്ടാ, ആത്മാവിനെകൊല്ലുവാൻ അവൎക്കു കഴികയില്ല. എന്നാൽ ആത്മാവിനേയും ശരീരത്തേയും നരകത്തിൽ നശിപ്പിപ്പാൻ കഴിയുന്നവനിൽനിന്നു പ്രത്യേകം ഭയപ്പെട്ടുകൊൾവീൻ

(2) ഉല്പ 1, 27 ദൈവം തന്റെസാദൃശത്തിൽ ആദാമിനെ സൃഷ്ടിച്ചു, ദൈവത്തിന്റെ സാദൃശത്തിൽ താൻ അവനെ സൃഷ്ടിച്ചു. താൻ അവരെ ആണുംപെണ്ണുമായി സൃഷ്ടിച്ചു

www.malankaralibrary.com

## 27-ാം സംഗതി.

### പാപത്തെക്കുറിച്ചു്.

(1) ആദിപാപംമൂലം സകല മനുഷ്യരും ശിക്ഷാവിധിക്കു യോഗ്യന്മാരായിത്തീൎന്നതുകൂടാതെ കൎമ്മപാപം മൂലവും സകലരും ദൈവസന്നിധിയിൽ കുററക്കാരായിരിക്കുന്നു, മനുഷ്യരിൽ ഒരുത്തൻപോലും പാപം ഇല്ലാത്തവൻ ഇല്ലെങ്കിലും (2) പാപം എന്നതു മനുഷ്യരിൽ പ്രകൃതിയാ

---

സഖറി 12 1, ആകാശത്തെ വിരിക്കയും ഭൂമിയുടെ അടിസ്ഥാനങ്ങളെ സ്ഥിരപ്പെടുത്തുകയും മനുഷ്യന്റെ ആത്മാവിനെ അവന്റെ ഉള്ളിൽ സൃഷ്ടിക്കയും ചെയ്ത കൎത്താവു പറയുന്നു.

27-ാം സംഗതി.

(1) റോമാ 5, 18 ആകയാൽ ഒരുത്തന്റെ പിഴ നിമിത്തം സകല മനുഷ്യൎക്കും ശിക്ഷാവിധി ഉണ്ടായപ്രകാരം തന്നെ ഒരുത്തന്റെ നീതിനിമിത്തം സകല മനുഷ്യൎക്കും ജീവന്റെ കുററമില്ലായ്മയും ഉണ്ടാകും. റോമാ 3, 9 12 അപ്പോഴൊ നമുക്കു എന്തു വിശേഷതയുള്ളു. എന്തുകൊണ്ടെന്നാൽ യഹൂദന്മാരെക്കുറിച്ചും പുറജാതിക്കാരെക്കുറിച്ചും അവർ എല്ലാവരും പാപത്തിൻ കീഴിൽ ആകുന്നു എന്നു ഞങ്ങൾ മുമ്പേതന്നെ തീൎച്ചപ്പെടുത്തിയല്ലൊ. എഴുതപ്പെട്ടിരിക്കുന്ന പ്രകാരം നീതിമാൻ ഇല്ല ഒരുത്തൻപോലുമില്ല തിരിച്ചറിയുന്നവൻ ഇല്ല ദൈവത്തെ അന്വേഷിക്കുന്നവനും ഇല്ല എല്ലാവരും ഒന്നുപോലെ വഴിതെററി നിരസിക്കപ്പെട്ടു നന്മ ചെയ്യുന്നവൻ ഇല്ല ഒരുത്തൻ പോലുമില്ല ഗലാ 3, 22 എന്നാലൊ വിശ്വസിക്കുന്നവൎക്കു വാഗ്ദത്തം യേശുമിശിഹായിലുള്ള വിശ്വാസംമൂലം കൊടുക്കപ്പെടുവാനായിട്ടു പുസ്തകം സകലത്തേയും പാപത്തിൻകീഴിൽ ഇട്ടടച്ചു. സങ്കീ: 14, 3 1 യോഹ: 18, 1 രാജാ 8, 46 പ്രസംഗം 7, 2.1

(2) പ്രസംഗം 7, 29 എന്നാലും ദൈവം മനുഷ്യരെ ചൊ

www.malankaralibrary.com

ലെ സൃഷ്ടിക്കപ്പെട്ടിട്ടുള്ളതല്ല; (3) അത്രു കല്പന സംബന്ധമായുള്ളതും കല്പനലംഘനത്താൽ ഉണ്ടായതും അത്രെ. (4) മനുഷ്യൻ നന്മയോ തിന്മയോ ചെയ്യുന്നതു തനിക്കുള്ള സ്വാതന്ത്ര്യംമൂലം അല്ലാതെ സൃഷ്ടിപ്പിലുള്ള പ്രകൃതവ്യത്യാസത്താൽ അല്ല. ദൈവം ഒരുത്തനേയും പാപിയായി സൃഷ്ടിച്ചിട്ടില്ല. (5) ബലബന്ധത്താൽ ഒരുത്തനെക്കൊണ്ടും നന്മയോ തിന്മയോ ചെയ്യിച്ചുകൊണ്ടു് അതിനു പ്രതിഫലം കൊടുക്കുന്നതുമില്ല (6) എന്നാലൊ നന്മയും

---

വുള്ളവരായി ഉണ്ടാക്കിയെന്നും അവർ അനേകം നിരൂപണങ്ങളെ അന്വേഷിച്ചു എന്നും ഞാൻ കണ്ടെത്തീട്ടുള്ള ഇതിനെ കാണുക

ഉല്പ: 1, 26—7, 31.

(3) 1 കോരി. 15, 56. എന്നാൽ മരണത്തിന്റെ ആണി പാപം ആകുന്നു. പാപത്തിന്റെ ശക്തി ന്യായപ്രമാണവും ആകുന്നു. റോമ. 4. 15. എന്തുകൊണ്ടെന്നാൽ ന്യായപ്രമാണം കോപത്തെ ഉണ്ടാക്കുന്നതാകുന്നു. എന്തെന്നാൽ ന്യായപ്രമാണം ഇല്ലാത്തിടത്തു ന്യായപ്രമാണലംഘനവും ഇല്ല. റോമ 5, 13. എന്തുകൊണ്ടെന്നാൽ ന്യായപ്രമാണം വരെ ലോകത്തിൽ പാപം ഉണ്ടായിരുന്നിട്ടും ന്യായപ്രമാണം ഇല്ലാതിരുന്നതിനാൽ പാപം എണ്ണപ്പെട്ടിരുന്നില്ല.

(4) ആവർത്ത 11, 26, 27, 28. ഇന്നു ഞാൻ നിങ്ങളുടെ മുമ്പാകെ അനുഗ്രഹങ്ങളേയും ശാപങ്ങളേയും തരുന്നുവെന്നു കണ്ടുകൊൾവിൻ ഇന്നു ഞാൻ നിങ്ങളോടു കല്പിക്കുന്നു നിങ്ങളുടെ ദൈവമായ കർത്താവിന്റെ കല്പനകളെ നിങ്ങൾ അനുസരിക്കുമെങ്കിൽ അനുഗ്രഹങ്ങളും, നിങ്ങളുടെ ദൈവമായ കർത്താവിന്റെ കല്പനകളെ അനുസരിക്കാതെ ഇന്നു ഞാൻ നിങ്ങളോടു കല്പിക്കുന്ന വഴിയിൽനിന്നു തെറ്റി നിങ്ങൾ അറിയാത്ത മറ്റു ദേവന്മാരുടെ പിന്നാലെ പോകുമെങ്കിൽ ശാപങ്ങളും തന്നെ ആവർത്ത 30. 15—20.

(5) യാക്കോ. 1. 13, 14, 15, ഒരുത്തൻ പരീക്ഷിക്ക

www.malankaralibrary.com

തിന്മയും ഇന്നതെന്നു് അറിയിക്കയും നന്മയിലേക്കു തിരി യുന്നതിനും നന്മചെയ്യുന്നതിനും ആഗ്രഹിക്കയും സഹാ യിക്കയും തിന്മ ചെയ്യുന്നതിൽ ഇഷ്ടം ഇല്ലായ്കയാൽ ആ യതിനു സഹായിക്കാതെയും (7) അവനവൻെറ ഇഷ്ട ത്തിനു വിട്ടുകൊടുക്കയും ചെയ്യുന്നു. (8) ഒരുത്തനെ കൊണ്ടും ബലബന്ധത്താൽ പാപംചെയ്യിക്കുന്നതിനു

---

പ്പെടുമ്പോറം ഞാൻ ദൈവത്താൽ പരീക്ഷിക്കപ്പെടുന്നു എന്നു പറയരുതു് എന്തുകൊണ്ടെന്നാൽ ദൈവംതി ന്മകളാൽ പരീക്ഷിക്കപ്പെട്ടവനല്ല താൻ ഒരുത്തനേയും പ രീക്ഷിക്കുന്നുമില്ല. എന്നാലൊ ഓരോരുത്തൻ പരീക്ഷിക്ക പ്പെടുന്നതും മോഹിക്കുന്നതും ആകർഷിക്കപ്പെടുന്നതും അ വൻെറ മോഹത്താൽ ആകുന്നു. ഈ മോഹം ഗർഭം ധരി ച്ചു പാപത്തെ പ്രസവിക്കുന്നു. എന്നാൽ പാപം പൂർത്തിയാ യാകുമ്പോറം മരണത്തെ പ്രസവിക്കുന്നു. 1 പത്രോസ്5. 2. നിങ്ങറംക്കു് ഏല്പിക്കപ്പെട്ടിരിക്കുന്ന ദൈവത്തിൻെറ ഇടവ കയെ മേയിച്ചു് ആത്മീയ പ്രകാരം ഭരിപ്പിൻ. ആയത്തു മനസ്സോടെ അല്ലാതെ ബലത്താൽ അരുതു്, നിങ്ങളുടെ പൂ ൎണ്ണഹൃദയത്തോടെ അല്ലാതെ അശുദ്ധ ലാഭങ്ങറംക്കായിട്ടും അരുതു്, എശാ. 1. 19, 20 2 കോരി, 97.

(6) മീഖാ. 6. 8. മനുഷ്യാ! പ്രയോജനമുള്ളതിനെ ഞാൻ നിന്നോടു് അറിച്ചിരിക്കുന്നു നീ ന്യായത്തെ ചെ യ്കയും കൃപയെ സ്നേഹിക്കയും നിൻെറ ദൈവത്തി ൻെറ പിന്നാലെ പോകുവാൻ ഒരുങ്ങിയിരിക്കയും ചെയ്യു ണമെന്നുള്ളതിനെ കർത്താവു നിന്നോടു ചോദിക്കുന്നു. 1 തീ മോ. 2. 4. താൻ എല്ലാ മനുഷ്യരും ജീവിപ്പാനും സത്യത്തി ൻെറ അറിവിലേക്കു തിരിവാനും ആഗ്രഹിക്കുന്നു. റോമ. 8. 28,

(7) അപ്പോ 14. 16. താൻ ആദ്യതലമുറകളിൽ സക ല പുറ ജാതികളും അവരുടെ സ്വന്ത വഴികളിൽ നടപ്പാനാ യിട്ടു സമ്മതിച്ചു. സങ്കീ. 81:12,

www.malankaralibrary.com

സാത്താനും അധികാരം കൊടുത്തിട്ടില്ല. (9) സാത്താൻ മനുഷ്യരെ പാപത്തിലേക്കു വീഴിക്കുന്നതു് അവൻെറ വശീകരണത്താൽ മാത്രം ആകുന്നു. വിശ്വാസം നല്ല പ്രവൃത്തികൾ എന്നിവയ്ക്കു് വലിപ്പച്ചെറുപ്പം ഉള്ള പ്രകാരം തന്നെ (10) പാപത്തിനും വലിപ്പച്ചെറുപ്പം ഉണ്ടു്. (11) എന്നല്ലാതെ അനുതാപത്താൽ ക്ഷമിക്കപ്പെടാത്ത പാപം ഇല്ല. മരണത്തിനുള്ളതെന്നും ശുദ്ധമുള്ള റൂഹായ്ക്കു വിരോധമായിട്ടുള്ളതെന്നും പറയപ്പെടുന്ന പാപങ്ങൾ അനുതപിക്കാത്തവയും തങ്ങളെ നിരാശ്രയത്തിലേക്കു തള്ളിക്കളവാൻ എളുപ്പമുള്ളവയും മററുള്ളവരുടെ പ്രാർത്ഥനയാൽ മാത്രം ക്ഷമിക്കപ്പെടാത്തവയുമായ പാപങ്ങൾ ആകുന്നു. അതിനാൽ യാതൊരു പാപത്തെക്കുറിച്ചും നിരാശപ്പെടാതെ പ്രത്യേകം ഹൃദയതകർച്ചയോടും നിലവിളിയോടുംകൂടെ കരുണയുള്ള ദൈവത്തോടു് അനുതപിക്കേണ്ടതാകുന്നു.

---

(8) യാക്കോ. 4.7 ആകയാൽ നിങ്ങൾ ദൈവത്തിനു കീഴടങ്ങുവിൻ. സാത്താനോടു് എതിർത്തുനിൽപിൻ. അവൻ നിങ്ങളിൽ നിന്നു് ഓടിപ്പോകും

(9) എഫെ. 6.11 നിങ്ങൾക്കു് ആകൽക്കറുസായുടെ തന്ത്രങ്ങൾക്കു വിരോധമായി നിൽപ്പാൻകഴിവുണ്ടാകുവാനായിട്ടു ദൈവത്തിൻെറ സർവ്വായുധവർഗ്ഗത്തെ ധരിച്ചുകൊൾവിൻ.

(10) യോഹ. 19.11 ഇതു ഹേതുവായിട്ടു് എന്നെ നിനക്കു് ഏൽപിച്ചുതന്നവൻെറ പാപം നിൻേറതിനേക്കാൾ വലിയതാകുന്നു.

(11) യറമി 3.12 നീ പോയി വടക്കുദേശത്തിൽ ഈ വചനങ്ങൾ പ്രസംഗിച്ചു പറക. ഇസ്രായേലിൻെറ കുടിയിരിപ്പുകാരാ, നീ അനുതപിക്ക എന്നു് കർത്താവു പറയുന്നു. ഞാൻ എൻെറ മുഖത്തെ നിങ്ങളിൽ കാനപ്പെടുത്തുകയില്ല. എന്തെന്നാൽ ഞാൻ നല്ലവനാകുന്നു. ഞാൻ എന്നേക്കും കോപിക്കയുമില്ല എന്നു കർത്താവു പറയുന്നു.



www.malankaralibrary.com

## 28—ാം സംഗതി.

### അനുതാപത്തെക്കുറിച്ചു്.

(1) ഒരുത്തൻ താൻ ചെയ്തുപോയ പാപത്തെക്കുറിച്ചു് അനുതപിക്കാതിരിക്കയും മേലാലും അതിൽനിന്നു വിട്ടുമാറുവാൻ മനസ്സില്ലാതെ അതിൽതന്നെ നിലനില്ക്കയും ചെയ്യുമ്പോൾ അപ്രകാരമുള്ളവന്റെ പാപം മരണത്തിനുള്ളതെന്നും ശുദ്ധമുള്ള റൂഹാസ്സു വിരോധമായിട്ടുള്ളതെന്നും പറയപ്പെടുന്നു. (2) എങ്കിലും ഏതു പാപിയും സത്യ അനുതാപത്തോടുകൂടെ ദൈവത്തിങ്കലേക്കു തിരിയുന്നുവെങ്കിൽ അവന്റെ പാപങ്ങൾ ഏതുവിധമുള്ളവയായിരുന്നാലും ക്ഷമിക്കപ്പെടാതിരിക്കില്ല. സത്യ അനുതാപം എന്നതു ചെയ്തുപോയ പാപങ്ങൾക്കുവേണ്ടി 1. ദുഖിച്ചു മാപ്പുചോദിക്കയും 2. ചെയ്തുവരുന്ന പാപങ്ങളിൽ 3. നിന്നു് ഒഴികയും 4. മേലാൽ ദൈവത്തിനു് ഇഷ്ടമാംവണ്ണം പരമാത്ഥമുള്ള അനുസരണത്തിൽ നടക്കണമെന്നു മനസ്സിൽ ഉറയ്ക്കയും ചെയ്യുന്നതാകുന്നു. ഏതു പാപികളും അനുതാപത്തിന്റെ വാതിൽ അടയ്ക്കപ്പെടുവാനുള്ള

---

28—ാം സംഗതി

(1) ലൂക്കൊ. 12.10. മനുഷ്യന്റെ പുത്രനു വിരോധമായി പറയുന്ന വചനം എല്ലാവനോടും ക്ഷമിക്കപ്പെടും, എന്നാൽ ശുദ്ധമുള്ള റൂഹാസ്സു വിരോധമായി ദൂഷണം പറയുമെന്നവനോടു ക്ഷമിക്കപ്പെടുകയില്ല. 1 യോഹ. 6.16. തന്റെ സഹോദരൻ മരണത്തിനു കടപ്പെടാത്ത പാപം ചെയ്യുന്നതിനെ ഒരുത്തൻ കണ്ടാൽ അവൻ അപേക്ഷിക്കട്ടെ. അവനു ജീവൻ നല്കപ്പെടുന്നു. ആയതു മരണത്തിനു പാപം ചെയ്യുന്നതുപോലെ അല്ലാത്തവർക്കു തന്നെ എന്തുകൊണ്ടെന്നാൽ മരണത്തിന്റെ പാപം ഉണ്ടു്. ഇതിനുവേണ്ടി ഒരുത്തൻ അപേക്ഷിക്കണമെന്നു ഞാൻ പറയുന്നില്ല. മത്താ 12,31,32 എബ്രാ. 6.4,5,6.

www.malankaralibrary.com

തല്ല. മാമോദീസാക്കു പിമ്പുമുള്ള പാപങ്ങൾ ശുദ്ധമുള്ള റൂഹായ്ക്കു വിരോധമായുള്ളവയും മരണത്തിന്റെ പാപങ്ങളും ആകയാൽ അവ ക്ഷമിക്കപ്പെടുകയില്ലെന്നുള്ള നാവാത്തിനരുടെ ഉപദേശംപോലെ വിശ്വസിക്കയോ നിരാശപ്പെട്ടു് അനുതാപത്തിൽനിന്നു പിൻവലിക്കയോ ചെയ്യാതെ (3) ഏതു സമയത്തും ഏതു സ്ഥിതിയിലും ചെയ്തു പോയിട്ടുള്ള സകലവിധ പാപങ്ങളെക്കുറിച്ചും നല്ല ശരണത്തോടും സത്യവിശ്വാസത്തോടും കൂടെ അനുതപിച്ചു കരുണയുള്ള ദൈവത്തിങ്കലേക്കു് അടുത്തുചെല്ലേണ്ടതാകുന്നു.

---

(2) ഏശാ. 1. 18. വരുവിൻ നാം തമ്മിൽ സംസാരിക്കാമെന്നു കർത്താവു പറയുന്നു. നിങ്ങളുടെ പാപങ്ങൾ ചുവപ്പുപട്ടുപോലെ ആയിരിക്കുമെങ്കിലും അവ തൽഗാപോലെ വെണ്മയുള്ളവയായിത്തീരും. അവ രക്താംബരം പോലെ ചുവപ്പുള്ളവയായിരിക്കുമെങ്കിലും പഞ്ഞിപോലെ ആയിത്തീരും. 1 യോഹ. 1,9. എന്നാൽ നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നു എങ്കിൽ നമ്മുടെ പാപങ്ങളെ നമ്മോടു ക്ഷമിപ്പാനും നമ്മുടെ സകല അന്യായത്തിൽ നിന്നും നമ്മെ വെടിപ്പാക്കുവാനും താൻ വിശ്വസ്തനും നീതിമാനും ആകുന്നു. മീഖ. 7.18, 19. ഹോശ. 14,4,5,6, യറമി. 3,12.

(3) മത്താ. 18. 21. 22 അപ്പോൾ കീപ്പാ തന്റെ അടുക്കൽ അടുത്തുവന്നു് തന്നോടു പറഞ്ഞു. എന്റെ കർത്താവെ! എന്റെ സഹോദരൻ എത്ര പ്രാവശ്യം എന്നിൽ കുററം ചെയ്താൽ ഞാൻ അവനോടു ക്ഷമിക്കേണ്ടു. ഏഴു പ്രാവശ്യത്തോളമോ? യേശു അവനോടു പറയുന്നു. ഏഴു് എഴുപതു പ്രാവശ്യത്തോളമെന്നല്ലാതെ ഏഴോളമെന്നു ഞാൻ നിന്നോടു പറയുന്നില്ല. മത്താ. 26. 74, 75. അപ്പോൾ അവൻ ഞാൻ ആ മനുഷ്യനെ അറിയുന്നില്ല എന്നു ശപിപ്പാനും ആണയിടുവാനും തുടങ്ങി. ആ നാഴികയിൽ തന്നെ പൂവൻകോഴി കൂകി. എന്നാറെ കീപ്പാ പൂവൻ കോ

www.malankaralibrary.com

## 29-ാം സംഗതി.

### നീതീകരണത്തെക്കുറിച്ച്.

(1) പ്രവൃത്തികൾ കൂടാത്ത വിശ്വാസം ജീവനില്ലാത്തതായിരിക്കുന്ന പ്രകാരംതന്നെ (2) നല്ല ആന്തരത്തിൽനിന്നും വിശ്വാസത്തിൽനിന്നും അല്ലാത്ത പ്രവൃത്തികളും ജീവനില്ലാത്തവയാകുന്നു (3) മനുഷ്യവർഗ്ഗത്തിന്മേലുള്ള ദൈവത്തിന്റെ കൃപ പക്ഷഭേദം ഇല്ലാത്തതും എല്ലാവർക്കും ഒന്നുപോലെ കൊടുക്കുന്നതും ആകുന്നു. ഒരുത്തനു താൻ സൗജന്യമായി കൃപ കൊടുക്കയും മറ്റൊരുത്തനു കൊടുക്കാതിരിക്കയുമില്ല. അതിനാൽ മനുഷ്യൻ നീതീകരിക്കപ്പെടുന്നതു പ്രവൃത്തികൾ കൂടാത്ത വിശ്വാസത്താൽ മാത്രമോ വിശ്വാസം കൂടാത്ത പ്രവൃത്തികളാൽ മാത്രമോ

---

ഴി കൂകുന്നതിനുമുമ്പ നീ മൂന്നു പ്രാവശ്യം എന്നെ ഉപേക്ഷിച്ചു പറയുമെന്നു യേശു അവനോടു പറഞ്ഞിട്ടുള്ള വചനത്തെ ഓർത്തു് അവൻ പുറത്തേക്കു പോയി കൈപ്പോടെ കരകയും ചെയ്തു.

29-ാം സംഗതി

(1) യാക്കോ. 2, 17, 26. അപ്രകാരംതന്നെ പ്രവൃത്തികൾ കൂടാത്ത വിശ്വാസവും അതു തനിച്ചു മരിച്ചതാകുന്നു ആത്മാവില്ലാത്ത ശരീരം മരിച്ചതായിരിക്കുന്ന പ്രകാരം തന്നെ പ്രവൃത്തികൾ ഇല്ലാത്ത വിശ്വാസവും മരിച്ചതാകുന്നു.

(2) റോമ 14. 32. എന്തുകൊണ്ടെന്നാൽ വിശ്വാസത്തിൽനിന്നു് അല്ലാത്ത സകലവും പാപം ആകുന്നു. മത്താ. 6.3. എന്നാൽ നീ ധർമ്മം ചെയ്യുമ്പോൾ നിന്റെ വലത്തു കൈ എന്തു ചെയ്യുന്നു എന്നു നിന്റെ ഇടത്തുകൈ അറിയരുതു്.

(3) റോമ 3, 22. എന്നാൽ ദൈവത്തിന്റെ നീതി യേശുമിശിഹായിലുള്ള വിശ്വാസത്താൽ അത്രെ. ആയതു്

www.malankaralibrary.com

സൗജന്യമായ കൃപയാൽ മാത്രമോ അല്ല, (4) എന്നാലോ സൗജന്യമായ കൃപമൂലം പ്രവൃത്തികളോടു കൂടിയ വിശ്വാസത്താൽ അത്രെ.

---

30-ാം സംഗതി.

ശിക്ഷയ്ക്കും രക്ഷയ്ക്കും

ഏറെക്കുറവു് ഉണ്ടെന്നുള്ളതിനെക്കുറിച്ചു്.

(1) സകല മനുഷ്യരുടെയും വിശ്വാസവും നീതിയും ഒരു അളവിൻപ്രകാരം അല്ല അങ്ങനെതന്നെ എല്ലാവരുടേയും പാപങ്ങളും ഒരു അളവിൻപ്രകാരം അല്ല. വിശ്വാസം, നീതി, പാപം എന്നിവയ്ക്കു് വലിപ്പച്ചെറുപ്പം ഉണ്ടു്. (2) ന്യായവിധിയുടെ ദിവസത്തിൽ ദൈവം മ

---

എല്ലാവർക്കും തന്നിൽ വിശ്വസിക്കുന്ന എല്ലാവർമേലും ഉണ്ടു്. എന്തുകൊണ്ടെന്നാൽ പക്ഷഭേദം ഇല്ല. റോമ. 10. 11, 12; 13

(4) യാക്കോ 2 21, 22. നമ്മുടെ പിതാവായ അബ്രഹാം അവന്റെ പുത്രനായ ഇസ്സഹാക്കിനെ ബലിപീഠത്തിന്മേൽ കരേററിയതിനാൽ പ്രവൃത്തികളാൽ അല്ലയൊ അവൻ നീതീകരിക്കപ്പെട്ടതു്. അവന്റെ വിശ്വാസം അവന്റെ പ്രവൃത്തികൾക്കു സഹായിച്ചു എന്നും പ്രവൃത്തികളാൽ അവന്റെ വിശ്വാസം പൂർണ്ണമായി എന്നും നീ കാണുന്നു. എഫെ. 2. 8. എന്തുകൊണ്ടെന്നാൽ വിശ്വാസത്താൽ നാം രക്ഷിക്കപ്പെട്ടതു തന്റെ കൃപമൂലം അത്രെ.

30-ാം സംഗതി

(1) റോമ 12 6, എന്നാലൊ നൽകപ്പെട്ട കൃപയിൻ പ്രകാരം നമുക്കു പലതരമായ നൽവരങ്ങൾ ഉണ്ടു്. തന്റെ വിശ്വാസത്തിന്റെ അളവിൻ പ്രകാരം ദീർഘദർശനത്തിന്റെ ഉണ്ടു്. മത്താ 8. 10 എന്നാൽ യേശു കേട്ടപ്പോൾ അത്ഭുതപ്പെട്ടു തന്നോടുകൂടെ വരുന്നവരോടു പറഞ്ഞു, ഈ

www.malankaralibrary.com

നുഷ്യർക്ക ശിക്ഷയും രക്ഷയും കൊടുക്കുന്നതും എല്ലാവർക്കും ഒന്നുപോലെയല്ല, അവനവൻെറ വിശ്വാസത്തിൻെറയും പ്രവൃത്തികളുടെയും അളവിൻപ്രകാരം കൂടുതൽകുറവായിട്ടത്രെ. (3) ആയതു നിത്യശിക്ഷയും നിത്യരക്ഷയും ആകുന്നു. (4) ഒരുത്തൻ നന്മയിൽനിന്നു തിന്മയിലേക്ക തിരിയുന്നുയെങ്കിൽ അവൻെറ ആദ്യത്തെ നന്മയും തിന്മയിൽനിന്നു നന്മയിലേക്ക തിരിയുന്നു എങ്കിൽ അവൻെറ ആദ്യത്തെ തിന്മയും ഓർക്കപ്പെടുന്നതല്ല. എന്നാലോ അതിൽ അവനവൻ നിൽക്കുന്നതായുള്ള നന്മയുടെയോ തിന്മയുടെയോ വലിപ്പച്ചെറുപ്പംപോലെ നിത്യരക്ഷയോ നിത്യശിക്ഷയോ അനുഭവിക്കുന്നതാകുന്നു (5) കരുണയുംനീ

---

വിശ്വാസംപോലെ ഇസ്രായേലിലും ഞാൻ കണ്ടിട്ടില്ലെന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു. മത്താ. 14 31, 5, 22, 7, 3 യോഹ. 19, 11

(2) മത്താ 7. 2. എന്തുകൊണ്ടെന്നാൽ നിങ്ങൾ വിധിക്കുന്ന വിധിയാൽ നിങ്ങൾ വിധിക്കപ്പെടും. നിങ്ങൾ അളക്കുന്ന അളവാൽ നിങ്ങൾക്ക് അളക്കപ്പെടുകയും ചെയ്യും ലൂക്കൊ. 12. 47. 48 1 കോറി 15 41. 42. യോഹ. 14. 2.

(3) മത്താ 25. 46. ഇവർ എന്നേക്കുമുള്ള അതിവേദനയിലേക്കും നീതിമാന്മാർ എന്നേക്കുമുള്ള ജീവങ്കലേക്കും പോകും. യോഹ. 3. 16, 36.

(4) ഹെസ 18. 21, 22-24. എന്നാൽ അന്യായക്കാരൻ അവൻ ചെയ്തിട്ടുള്ള സകല പാപങ്ങളിൽനിന്നും തിരിഞ്ഞ് എൻെറ സകല കല്പനകളേയും ആചരിക്കയും ന്യായത്തേയും നീതിയേയും പ്രവൃത്തിക്കയും ചെയ്താൽ അവൻ ജീവിക്കും മരിക്കയില്ല അവൻ ചെയ്തിട്ടുള്ള അവൻെറ സകല പാപങ്ങളും അവനോട് ഓർക്കപ്പെടുകയുമില്ല. എന്നാലൊ അവൻ പ്രവൎത്തിച്ചിട്ടുള്ള നീതിയാൽ അവൻ ജീവിക്കും. നീതിമാൻ അവൻെറ നീതിയിൽനിന്നു

www.malankaralibrary.com

തിയും നിറഞ്ഞിരിക്കുന്നതായ ദൈവത്തിന്റെ ഈ നിശ്ചയം അനുതാപികൾക്കു ആശയും താല്പര്യവും ജനിപ്പിക്കുന്നതത്രെ. എന്നാൽ രക്ഷ ദൈവത്തിന്റെ മുൻനിയമം അനുസരിച്ചു സൗജന്യമായ കൃപ മൂലം ആകയാൽ എല്ലാവർക്കും ഒന്നുപോലെ ആകുന്നു എന്നുള്ള ചിലരുടെ ഉപദേശം നീതിമാനായ ദൈവത്തെ നീതിയില്ലാത്തവനാക്കിത്തീർക്കുന്നതാകുന്നു.

---

### 31-ാം സംഗതി.

### ഉയിർപ്പിനെക്കുറിച്ചു.

മരണത്താൽ ആത്മാവും ശരീരവും തമ്മിൽ വേർതിരിക്കയും ശരീരം പൂഴിയായിത്തീരുകയും ചെയ്യുന്നു എങ്കിലും (1) അവസാന ദിവസത്തിൽ ശരീരം വീണ്ടും ഉയ

---

തിരിഞ്ഞു പാപി ചെയ്തിട്ടുള്ളവയെപോലെ അന്യായവും അശുദ്ധവും പ്രവത്തിച്ചാൽ അവൻ ചെയ്തിട്ടുള്ള അവന്റെ സകല നീതിയും അവനോടു ഓർക്കപ്പെടുകയില്ല. എന്നാലോ അവൻ പ്രവൃത്തിച്ചിട്ടുള്ള അന്യായത്തിലും അവൻ ചെയ്തിട്ടുള്ള പാപങ്ങളിലും അവൻ മരിക്കും.

(5) ലൂക്കോ. 15. 17, 18, 19. അവനു സുബുദ്ധിയുണ്ടായിട്ടു പറഞ്ഞു: ഇപ്പോഠം എന്റെ പിതാവിന്റെ ഭവനത്തിൽ അപ്പം തങ്ങൾക്കു ശേഷിപ്പുള്ളവരായി എത്രയോ കൂലിക്കാർ ഉണ്ടു. ഞാനോ ഇവിടെ എന്റെ വിശപ്പുകൊണ്ടു നശിച്ചുപോകുന്നു. ഞാൻ എഴുന്നേററു എന്റെ പിതാവിന്റെ ആടുക്കലേക്കുപോയി അവനോടു, എന്റെ പിതാവെ! ഞാൻ സ്വർഗ്ഗത്തിലും നിന്റെ മുമ്പാകെയും പാപം ചെയ്തു; ഇനി നിന്റെ പുത്രനെന്നു വിളിക്കപ്പെടുവാൻ ഞാൻ യോഗ്യനല്ല നിന്റെ കൂലിക്കാരിൽ ഒരുത്തനെപ്പോലെ എന്നെ ആക്കിക്കൊള്ളേണമെ എന്നു പറയും.

www.malankaralibrary.com

ത്തെഴുന്നേല്ക്കയും ആത്മാവും ശരീരവും തമ്മിൽ ഒന്നിച്ചു ചേർന്നു നാശമില്ലായ്മയെ ധരിക്കയും നിത്യരക്ഷയോ നിത്യശിക്ഷയോ അനുഭവിക്കയും ചെയ്യുന്നതാകുന്നു. ഇപ്രകാരം അല്ലാതെ ചില വേദവിപരീതികളെപ്പോലെയും പുറജാതികളെപ്പോലെയും ഉയർപ്പ് ഇല്ലെന്നോ നീതിമാന്മാർക്കു മാത്രമെ ഉയർപ്പ് ഉള്ളു എന്നോ ഉയർപ്പ് എന്നു പറയുന്നതു് ആത്മാവ് ഒരു ശരീരത്തിൽനിന്നു വേറൊരു ശരീരത്തിലേക്കു പ്രവേശിക്കയാകുന്നു എന്നോ യാതൊരു പ്രകാരത്തിലും വിശ്വസിച്ചുപോകരുതാത്തതത്രെ.

---

## 32-ാം സംഗതി.

## സ്വാതന്ത്ര്യസൃഷ്ടി, മുന്നറിവ്, മുൻനിയമം എന്നിവയെക്കുറിച്ച്.

മനുഷ്യൻ പ്രകൃതിയാലെ നന്മയിലേക്കോ തിന്മയിലേക്കോ ചായാവുന്നതായ ഒരു സ്വഭാവം ഉള്ളവനെങ്കിലും (1) അതിനെ അവനവന്റെ മനസ്സുപോലെ പെരു

---

31-ാം സംഗതി.

(1) എശാ. 26; 19. നിന്റെ മരിച്ചവർ ജീവിക്കും. അവരുടെ ശവങ്ങൾ എഴുന്നേല്ക്കുകയും ചെയ്യും. പൂഴിയിൽ കിടക്കുന്നവർ ഉണർന്നു മഹത്വപ്പെടുത്തും. എന്തുകൊണ്ടെന്നാൽ നിന്റെ മഞ്ഞു് പ്രകാശത്തിന്റെ മഞ്ഞാകുന്നു. പരാക്രമന്മാരുടെ ഭൂമിയെ നീ മറിച്ചുകളയും ദാനി 12, 2. പൂഴിയിൽ ഉറങ്ങുന്നവരായ അനേകരും ചിലർ നിത്യജീവനും ചിലർ നിത്യനാശത്തിന്നും തങ്ങളുടെ സഖിമാരുടെ നിന്ദക്കും ഉണരും. യോഹ. 5. 28, 29 റോമാ 6, 5. 1 കോറി 15. ഹേസ 37.

www.malankaralibrary.com

മാറുവാൻ തക്കവണ്ണം സ്വാതന്ത്ര്യശക്തിയോടുകൂടെയത്രെ സൃഷ്ടിച്ചിരിക്കുന്നതു്. ഒരുവനു പാപംചെയ്‌വാൻ സ്വാതന്ത്ര്യം ഉള്ള പ്രകാരംതന്നെ മനസ്സുണ്ടെങ്കിൽ പാപം ചെയ്യാതിരിപ്പാനും സ്വാതന്ത്ര്യം ഉണ്ടു്. മനുഷ്യൻ തന്റെ സ്വാതന്ത്ര്യശക്തിയെ നന്മയിലേക്കു പെരുമാറണമെന്നു ദൈവം ആഗ്രഹിക്കുന്നു എന്നല്ലാതെ (2) ബലബന്ധത്താൽ ഒരുത്തനെക്കൊണ്ടും നന്മയോ തിന്മയോ ചെയ്യിച്ചുകൊണ്ടു രക്ഷയോ ശിക്ഷയോ പ്രതിഫലം കൊടുക്കുന്നില്ല. എന്നാലോ തന്നോടു ചോദിക്കുന്നവർക്കു് നന്മസ്ഥായി താൻ സഹായിക്കുന്നു. എന്തെന്നാൽ തിന്മയെ വെറുക്കുന്നതിനും നന്മയിലേക്കു തിരിയുന്നതിനും ദൈവം മനുഷ്യനു ദൃഢബുദ്ധിയും സ്വാതന്ത്ര്യവും കൊടുത്തിട്ടുണ്ടെങ്കിലും (3) ദൈവശക്തികൂടാതെ യാതൊരു നന്മയും പ്രവൃത്തിക്കുന്നതിനു മനുഷ്യൻ താനെതന്നെ ശക്തിയില്ലാത്ത

---

32—ാം സംഗതി

---

(1) ആവർത്ത. 30. 19. ഞാൻ ജീവനേയും മരണത്തേയും അനുഗ്രഹങ്ങളേയും ശാപങ്ങളേയും നിങ്ങളുടെ മുമ്പാകെ തന്നിരിക്കുന്നു എന്നു ഞാൻ ഇന്നു നിങ്ങളിൽ ആകാശത്തേയും ഭൂമിയേയും സാക്ഷിച്ചിരിക്കുന്നു. നീയും നിന്റെ സന്തതിയും ജീവിപ്പാനായിട്ടു് ജീവനെ നിനക്കു തിരഞ്ഞെടുത്തുകൊൾക. ആവർത്ത. 11. 26, 27.

(2) 57—ാംപുറം (5) അക്കം സാക്ഷികൾ നോക്കുക.

(3) യോഹ 15. 5 എന്തുകൊണ്ടെന്നാൽ എന്നെ കൂടാതെ നിങ്ങൾക്കു യാതൊന്നും ചെയ്‌വാൻ കഴികയില്ല. അപ്പോ. 17. 28. എന്തുകൊണ്ടെന്നാൽ നാം ജീവിക്കുന്നതും ചരിക്കുന്നതും വസിക്കുന്നതും തന്നിൽ ആകുന്നു.



www.malankaralibrary.com

വാനാകുന്നു. (4) എന്നാൽ തിന്മയിൽ തനിക്കു് ഇഷ്ടമില്ലാത്തതിനാൽ അതിനു സഹായിക്കാതെ അവനവന്റെ ഇഷ്ടത്തിനു വിട്ടുകൊടുക്കുന്നു. മനുഷ്യരിൽ ഇന്നാരിന്നാരെല്ലാം തന്റെ പുത്രൻമൂലമുള്ള കൃപയിൽ ആശ്രയിച്ചു നിത്യജീവനു യോഗ്യന്മാരായിത്തീരുമെന്നും ഇന്നാരിന്നൊരു നിത്യശിക്ഷയ്ക്കു യോഗ്യന്മാരായിത്തീരുമെന്നും ലോകസൃഷ്ടിക്കുമുമ്പേതന്നെ (5) തനിക്കു മുന്നറിവുണ്ടെന്നല്ലാതെ (6) ഇന്നാരിന്നാരു മോക്ഷത്തിനു് അവകാശികളും ഇന്നാരിന്നാരു നരകത്തിനു് അവകാശികളുമായിത്തീരണമെന്നു പൊതുവേ ദൈവം മുമ്പുക്കൂട്ടി നിയമിച്ചിട്ടില്ല. (7) താൻ മുന്നറിഞ്ഞിട്ടുള്ള ചിലരെ തന്റെ

---

( ) സങ്കീ. 81. 12. എന്നാലോ അവർ അവരുടെ ഹൃദയത്തിന്റെ ഇഷ്ടപ്രകാരവും അവരുടെ സ്വന്തനിരൂപണയിൻ പ്രകാരവും നടന്നു. അപ്പോ. 14. 15. യാക്കോ 1. 13, 14, 15.

(5) അപ്പോ. 2. 23. ദൈവത്തിന്റെ മുന്നറിവാലും ഇഷ്ടത്താലും ഇതിനായി വേർതിരിക്കപ്പെട്ടിരുന്ന ഇവനെ നിങ്ങൾ ദുഷ്ടന്മാരുടെ കൈകളിൽ ഏല്പിച്ചുകൊടുത്തു കുരിശിൽ തറച്ചുകൊന്നു. റോമ. 8. 29, 11—2 1 പത്രോ. 1,2.

(6) മീഖാ 6. 3. 4. എന്റെ ജനമേ ഞാൻ നിന്നോടു എന്തുചെയ്തു? അല്ലെങ്കിൽ എന്തിൽ നിന്നെ ഞാൻ ദുഃഖിപ്പിച്ചു? എന്നോടു് സാക്ഷിക്കു് മെസ്രേൻ ദേശത്തുനിന്നു നിന്നെ ഞാൻ രക്ഷിക്കയും മോശയേയും അഹറോനേയും മറിയാമ്മിനേയും നിന്റെ മുമ്പാകെ ഞാൻ അയക്കയും ചെയ്തില്ലയോ? ഏശാ 5, 3. 4. ഇപ്പോൾ യഹൂദിയായിലെ മനുഷ്യരും ഊർശ്‌ളേമിലെ കുടിയാന്മാരുമായുള്ളോരെ! എനിക്കും എന്റെ മുന്തിരിങ്ങാത്തോട്ടത്തിനും മദ്ധ്യേ ന്യായം വിധിപ്പിൻ ഞാൻ എന്റെ മുന്തിരിങ്ങാത്തോട്ടത്തിനു ചെയ്യാതെയുള്ളതായിട്ടു ഇനി അതിനു എന്തുചെയ്‌വാനുള്ളു? അ

www.malankaralibrary.com

വേലയ്ക്കായി മുമ്പുകൂട്ടി നിയമിച്ചു ശുദ്ധീകരിപ്പാൻ തനിക്ക് അധികാരവും ശക്തിയും ഇല്ലെന്നോ (8) സ്ഥിരമുള്ളതായ തന്റെ മുന്നറിവിൻപ്രകാരം കൃപയ്ക്കു പാത്രവാന്മാരും തന്റെ വിളിക്കു യോഗ്യന്മാരുമായിത്തീരുമെന്നു താൻ മുമ്പുകൂട്ടി അറിഞ്ഞിട്ടുള്ളവരെ വേർതിരിക്കയും മഹത്വപ്പെടുത്തുകയും ചെയ്തിട്ടില്ലെന്നോ അല്ല (9) എന്നാലോ താൻ പക്ഷഭേദം ഇല്ലാത്തവനും നീതിയും കരു

---

ത്തു മുന്തിരിങ്ങാകളെ കായിക്കുന്നതിനായിട്ടു ഞാൻ നോക്കിയിരുന്നാറെ കാട്ടുമുന്തിരിങ്ങാകളെ കായിച്ചു. റോമ 2 4,5. 6. ദൈവത്തിന്റെ ദയ നിന്നെ അനുതാപത്തിലേക്കു വരുത്തുന്നു എന്നു നീ അറിയുന്നില്ലയോ? എന്നാലോ നീ നിന്റെ അനുതപിക്കാത്ത ഹൃദയകാഠിന്യം നിമിത്തം കോപത്തിന്റെ ദിവസത്തിനു അവനവന്റെ പ്രവൃത്തികൾക്കു തക്കപോലെ എല്ലാവനു പ്രതിപകരം കൊടുക്കുന്നവനായ ദൈവത്തിന്റെ നീതിയുള്ള ന്യായവിധിയുടെ പ്രതീക്ഷതയ്ക്കും നിനക്കായിട്ടു കോപത്തിന്റെ നിക്ഷേപത്തെ നീ വയ്ക്കുന്നു. റോ 11, 20 21, 22 എശാ 1 16—20

(7) റോമ 9, 21. അല്ലെങ്കിൽ കുശവൻ ഒരു പിണ്ഡത്തിൽ നിന്നു; ഒന്നു മാനത്തിന്നു് ഒന്നു് അപമാനത്തിന്നുമായി പാത്രങ്ങളെ ഉണ്ടാക്കുവാൻ അവന്റെ കളിമണ്ണിന്മേൽ അധികാരം ഉള്ളവനല്ലയോ? യറമി. 1. 5 ഞാൻ നിന്നെ വയററിൽ ഉരുവാക്കുന്നതിനു മുമ്പെ ഞാൻ നിന്നെ അറിഞ്ഞു നീ ഗർഭപാത്രത്തിൽ നിന്നു പുറത്തുവരുന്നതിനുമുമ്പെ ഞാൻ നിന്നെ ശുദ്ധീകരിച്ചു. നിന്നെ ഞാൻ ജാതികൾക്കു ദീർഘദർശിയായിട്ടു കൊടുത്തിരിക്കുന്നു.

(8) റോമ, 8, 29. 30: താൻ അവരെ മുമ്പുകൂട്ടി അറിഞ്ഞു. തന്റെ പുത്രൻ അനേകം സഹോദരന്മാരുടെ ആദ്യജാതനാകുവാനായിട്ടു അവന്റെ സ്വരൂപസാദൃശത്തിൽ അവരെ വരച്ചു. താൻ മുമ്പുകൂട്ടിവരച്ചവരെ താൻ വിളിച്ചു താൻ വിളിച്ചവരെ താൻ നീതീകരിച്ചു. താൻ നീതീകരിച്ചവരെ താൻ മഹത്വപ്പെടുത്തി.

www.malankaralibrary.com

ണയും നിറഞ്ഞിരിക്കുന്നവനുമാകയാൽ താൻ ചിലരെ അവർ ദുഷ്ടന്മാരായിത്തീരുവാൻ തക്ക സ്ഥിതിയിൽ സൃഷ്ടിക്കയും മുൻ നിയമിക്കയും ചെയ്തുകൊണ്ടു ശിക്ഷിക്കയോ ചിലരെ അവർ നീതിമാന്മാരായിത്തീരുവാൻ തക്ക സ്ഥിതിയിൽ സൃഷ്ടിക്കയും മുൻ നിയമിക്കയും ചെയ്തുകൊണ്ടു രക്ഷിക്കയൊ മനുഷ്യർക്കു സ്വാതന്ത്ര്യം കൊടുക്കാതെ താൻ നിയമിച്ചിട്ടുള്ളപ്രകാരം നന്മയെങ്കിലും തിന്മയെങ്കിലും സകലവും അവരെക്കൊണ്ടു പ്രവർത്തിപ്പിച്ചതിന്റെ ശേഷം ചിലരെ മോക്ഷത്തിനും ചിലരെ നരകത്തിനും അവകാശികളാക്കിത്തീർക്കയോ ചെയ്കില്ലെന്നു മാത്രം ആകുന്നു. എന്നാൽ മനുഷ്യൻ ഏതെല്ലാം പ്രകാരം നടന്നാലും ആയതൊക്കെയും ദൈവം തന്റെ മുൻനിയമപ്രകാരം അവരെക്കൊണ്ടു നടത്തിക്കുന്നതായാൽ ആയതൊന്നും രക്ഷക്കും ശിക്ഷക്കും കാരണമായി ഭവിക്കുന്നതല്ലെന്നും രക്ഷയും ശിക്ഷയും കൊടുക്കുന്നതു മുൻനിയമം അനുസരിച്ചാകുന്നു എന്നുമുള്ള ചിലരുടെ ഉപദേശം, ''ഞാൻ എന്തെല്ലാം താല്പര്യപ്പെട്ടാലും ഒന്നും താല്പര്യപ്പെടാതിരുന്നാലും ദൈവത്തിന്റെ മുൻനിയമപ്രകാരം മാത്രമെ സംഭവിക്കയുള്ളല്ലോ' എന്നുള്ള ദുർവിചാരം മനുഷ്യക്കു ജനിപ്പിക്കുന്നതാകയാൽ ആയതു നിരാശ, ആത്മകാര്യങ്ങളിൽ

---

(9) റോമ 2 11. എന്തുകൊണ്ടെന്നാൽ ദൈവത്തിന്റെ പക്കൽ മുഖപക്ഷംഇല്ല. സങ്കീ. 19 9 10 കർത്താവിന്റെ ന്യായവിധികൾ സത്യത്താലും സകലത്തിലും നീതിയുള്ളവയും ആകുന്നു. അവ പൊന്നിനെക്കാളും നല്ല രത്നങ്ങളെക്കാളും ആഗ്രഹിക്കപ്പെടത്തക്കവയും തേനിനെക്കാളും തേൻകട്ടയെക്കാളും മധുരമുള്ളവയും ആകുന്നു. 1പത്രോ 1. 17, 23 2 നാളാ. 19.7.

www.malankaralibrary.com

താല്പൎയ്യക്കുറവു്, അശുദ്ധനടപടികൾ മുതലായ വലിയ ആപത്തിലേക്ക മനുഷ്യരെ വലിച്ചുകൊണ്ടുപോകുന്നതും നീതിമാനായ ദൈവത്തെ നീതിയില്ലാത്തവനാക്കിത്തീക്കുന്നതും ആകുന്നു.

---

## 33-ാംസംഗതി

### വിശുദ്ധ പുസ്തകങ്ങളെക്കുറിച്ചു്.

ദൈവാത്മാവുമൂലം എഴുതപ്പെട്ടവയും വിശുദ്ധ പിതാക്കന്മാർ കാനോനാക്കൂട്ടത്തവയായി വേർതിരിച്ചു സ്ഥിരപ്പെടുത്തിയിരിക്കുന്നവയുമായ പഴയനിയമത്തിലും പുതിയനിയമത്തിലുമുള്ള പുസ്തകങ്ങളെ പ്രമാണപ്പെട്ടവയായി എല്ലാവരും അംഗീകരിക്കേണ്ടതാകുന്നു.

പഴയനിയമത്തിലുള്ള പ്രമാണപ്പെട്ട പുസ്തകങ്ങളുടെ

പേരുകളും സംഖ്യയും,

| | |
|---|---|
| മോശയുടെ പുസ്തകങ്ങൾ | 5 |
| നൂന്റെ പുത്രനായ യോശുവായുടെ പുസ്തകം | 1 |
| ന്യായാധിപതിമാരുടെ പുസ്തകം | 1 |
| രൂഥിന്റെ പുസ്തകം | 1 |
| എസ്തേർ (ഈ പുസ്തകം നമ്മുടെതിൽ ഇല്ല.) | 1 |
| ശമുവേലിന്റെ പുസ്തകങ്ങൾ | 2 |
| രാജാക്കന്മാരുടെ പുസ്തകങ്ങൾ | 2 |
| നാളാഗമപുസ്തകങ്ങൾ | 2 |
| എസ്രായുടെ പുസ്തകങ്ങൾ നെഹമിയാ(ഉൾപ്പെടെ) | 2 |
| മക്കബായക്കാരുടെ പുസ്തകങ്ങൾ | 3 |
| യോബിന്റെ പുസ്തകം | 1 |

www.malankaralibrary.com

| | |
|---|---|
| നൂററമ്പതു മസുമൂറാകളടങ്ങിയ ദാവീദിൻെറ പുസ്തകം | 1 |
| ശലോമോൻെറ പുസ്തകങ്ങൾ | 4 |
| ദീർഘദർശിമാരുടെ പുസ്തകങ്ങൾ | 16 |
| പഴയനിയമം—(39 പ്രോട്ടസ്റ്റൻറ് കാരുടെ) | 41 |

മേൽവിവരിച്ചവയിൽ ശലമോൻെറ നാലു പുസ്തകങ്ങൾ എന്നു പറഞ്ഞിരിക്കുന്നതു തൻെറ സുഭാഷിതങ്ങളുടെ പുസ്തകത്തെ രണ്ടു പുസ്തകങ്ങളാക്കി പറഞ്ഞിരിക്കുന്നതിനാൽ അത്രെ സുഭാ. 25-ാം അദ്ധ്യായം 1-ാം വാക്യത്തിൽ ശലോമോൻെറ അഗാധ സുഭാഷിതങ്ങൾ എന്നു തലവാചകമായി പറഞ്ഞിരിക്കുന്നതിൻപ്രകാരം അതു മുതലുള്ളവയെ വേറൊരു പുസ്തകമായിട്ടത്രെ! എണ്ണിയിരിക്കുന്നതു്. ദീർഘദർശിമാരുടെ പുസ്തകങ്ങൾ പതിനാറെന്നു പറഞ്ഞവയിൽ ദാനിയേലിൻെറ പുസ്തകം ശൂശാൻെറ കൂടെ അടങ്ങിയിരിക്കുന്നതുമാകുന്നു.

### പുതിയനിയമത്തിലുള്ള പ്രമാണപ്പെട്ട പുസ്തകങ്ങളുടെ പേരുകളും സംഖ്യയും

| | |
|---|---|
| ഏവൻഗേലിയോൻ പുസ്തകങ്ങൾ | 4 |
| പൌലൂസിൻെറ ലേഖനങ്ങൾ | 14 |
| പത്രോസിൻെറ ലേഖനങ്ങൾ | 2 |
| യോഹന്നാൻെറ ലേഖനങ്ങൾ | 3 |
| യാക്കോബിൻെറ ലേഖനം | 1 |
| ഈഹൂദായുടെ ലേഖനം | 1 |
| ക്ലീമ്മീസിൻെറലേഖനങ്ങൾ | 2 |
| ശ്ലീഹന്മാരുടെ നടപ്പുകളുടെ പുസ്തകം | 1 |
| | 28 |

www.malankaralibrary.com

പ്രമാണപ്പെട്ട പുസ്തകങ്ങളെപ്പോലെ സഭയിൽ അംഗീകരിക്കപ്പെട്ടിരിക്കുന്നവയെങ്കിലും, വലിയ അത്താനാസ്യാസ്, അലക്സന്ത്ര്യായുടെ ദീവന്നാസ്യോസ് മുതലായവർ ചിലതിനെക്കുറിച്ചു സംശയമായിട്ടും മററുള്ളവയെ ദൈവഭക്തിയുടെ ഉപദേശത്തിനും പഠിത്വത്തിനും മാത്രം വായിക്കപ്പെടേണ്ടതായിട്ടു പറഞ്ഞിരിക്കുന്ന പുസ്തകങ്ങളുടെ വിവരം താഴെപ്പറയുന്നു.

ശലോമോൻെറ വലിയ ജ്ഞാനപുസ്തകം
ബാറാസീറായുടെ പുസ്തകം
എസ്തേറിൻെറ പുസ്തകം
ഈഹ്ദീത്തിൻെറ പുസ്തകം
തോബിയായുടെ പുസ്തകം
ശ്ലീഹന്മാരുടെ ദീയാത്തക്കീസ് പുസ്തകം
യോഹന്നാൻെറ വെളിപാടുപുസ്തകം
പൌലൂസിൻെറയും മററു ചിലരുടെയും വെളിപാടുകൾ.

| | |
|---|---|
| നമ്മുടെ പുസ്തകങ്ങൾ | 41+28=69 |
| പ്രോട്ടസ്റ്റ് | 39+27=66 |

ബർന്നാബായുടെ ലേഖനങ്ങൾ

ദൈവാത്മാവാൽ എഴുതപ്പെട്ടുന്ന സകല പുസ്തകങ്ങളും ഉപദേശത്തിനും ശാസ്യത്തിനും നീതിയിലുള്ള അഭ്യാസത്തിനും സത്യവിശ്വാസത്തിൻെറ സ്ഥിരതയ്ക്കും പ്രയോജനമുള്ളവയാകയാൽ വിശുദ്ധ സഭയിലെ ശുദ്ധിമാന്മാരായ സഭാപിതാക്കന്മരാൽ ഉണ്ടാക്കപ്പെട്ടിട്ടുള്ള തക്സാകൾ, മെമ്രാകൾ, ലേഖനങ്ങൾ, പ്രസംഗങ്ങൾ വ്യാഖ്യാനങ്ങൾ, ചരിത്രങ്ങൾ, കാനോനാകൾ മുതലായവ സഭയിൽ അംഗീകരിക്കപ്പെട്ടിരിക്കുന്ന പ്രകാരം മേലാൽ ഉണ്ടാക്കപ്പെടുന്നവയും പ്രധാന മേൽപട്ടക്കാരുടെ പരിശോധനയോടുകൂടെ അംഗീകരിക്കപ്പെടാവുന്നതാകുന്നു,

www.malankaralibrary.com

34-ാം സംഗതി.

## സുന്നഹദോസുകളേയും

## സഭയുടെ അധികാരത്തെയും കുറിച്ചു്.

നമ്മുടെ കർത്താവിൻെറയും തൻെറ ശ്ലീഹന്മാരുടെയും മരണശേഷവും പുറജാതി രാജാക്കൻമാരും പ്രഭുക്കൻമാരും ക്രിസ്ത്യാനിസഭയെ വളരെ പീഡിപ്പിച്ചുവന്നു. എങ്കിലും സഭക്കാർ തങ്ങളുടെ വിശ്വാസരീതിയെ കളങ്കം കൂടാതെ സത്യത്തിൽ തന്നെ മുറുകെ പിടിച്ചിരുന്നു. എന്നാൽ സഭയ്ക്കു അന്യൻമാരിൽനിന്നുള്ള പീഡ ഒഴിഞ്ഞു ആശ്വാസം ഉണ്ടായപ്പോൾ (1) സഭയിൽനിന്നു തന്നെ അനേകം വേദവിപരീതികൾ എഴുന്നേററു ശുദ്ധമുള്ള വേദവാക്യങ്ങളെ തങ്ങളുടെ ഹിതത്തിനു് ഒത്തപ്രകാരം മറുപാടായി വ്യാഖ്യാനിക്കയും നമ്മുടെ കത്താവിൻെറയും തൻെറ ശ്ലീഹന്മാരുടെയും ഉപദേശത്തിനു വിരോധമായുള്ള ചില വിശ്വാസവിപരീതങ്ങളെ പഠിപ്പിക്കയും ചെയ്കയാൽ മൂലം അന്നന്നു ഭരിച്ചുവന്ന ക്രിസ്ത്യാനിരാജാക്കന്മാരുടെ കല്പനയാൽ നിഖ്യായിലും കുസ്തന്തിനോസ്സു് പോലീസിലും എഫേസൂസിലും പൊതുവിന്നടുത്ത മൂന്നു സുന്നഹദോസു

---

34-ാം സംഗതി

(1) നട 20, 29.30 എന്തുകൊണ്ടെന്നാൽ ഞാൻ പോകുന്നതിൻെറ ശേഷം ആട്ടിൻകൂട്ടത്തിന്മേൽ കരുണയില്ലാത്ത ബലമുള്ള ചെന്നായ്ക്കൾ നിങ്ങളോടുകൂടെ പ്രവേശിക്കമെന്നു ഞാൻ അറിയുന്നു. ശിഷ്യന്മാർ തങ്ങളുടെ പിന്നാലെ പോകുവാനായിട്ടു അവരെ തിരിപ്പിപ്പാൻ തക്കവണ്ണം മാറുപാടുകൾ സംസാരിക്കുന്ന പുരുഷന്മാർ നിങ്ങളിൽനിന്നു് എഴുന്നേൽക്കും. മത്താ. 24. 4, 5 കോലോ. 2. 8. 2. യോഹ. 10, 11. വാക്യങ്ങൾ.

www.malankaralibrary.com

കൾ കൂട്ടുകയും അവയിൽവച്ച് വേദവിപരീതങ്ങളെ വെളിപ്പെടുത്തി ഇടത്തൂട്ടുകാരെ സഭയിൽനിന്ന പുറത്തുതിരിക്കയും സത്യവിശ്വാസരീതിയെ സ്ഥിരപ്പെടുത്തി അതിന്റെ നിലനില്പിനവേണ്ടിയുള്ള നടപടിക്രമങ്ങളെ ചട്ടപ്പെടുത്തുകയും ചെയ്തു (2) അതിനാൽ നമ്മുടെ കർത്താവിന്റെയും തന്റെ ശ്ലീഹന്മാരുടെയും ഉപദേശത്തിനോ അതിന്റെ സ്ഥിരതയ്ക്കായി നിഖ്യായിലും കുസ്തന്തീനോസ്പോലീസിലും എഫെസൂസിലും കൂടിയ പൊതുവിന്നടത്ത മൂന്ന സുന്നഹദോസുകളിലെ വിശുദ്ധ പിതാക്കന്മാർ നിശ്ചയിച്ചുറപ്പിച്ച വിശ്വാസരീതിക്കോ എതിരായുള്ള യാതൊരു ഉപദേശത്തെയും കൈക്കൊൾവാനോ പഠിപ്പിപ്പാനോ ഒരുത്തനും അധികാരം ഇല്ല ഈ സത്യ ഉപദേശത്തിനും വിശ്വാസരീതിക്കും ചേരുന്നതായുള്ള (3) കർമ്മാചാരങ്ങൾക്കൊത്ത നടപടിക്രമങ്ങളെയും മര്യാദകളെയും കാലയുക്തംപോലെയും ദേശാവസ്ഥപോലെയും ക്രമപ്പെടുത്തുവാൻ കാതോലിസ്സാസ്ഥാനത്തും ശ്ലീഹാസ്ഥാനത്തുമായ നമ്മുടെ വിശുദ്ധസഭയിലെ മേല്പട്ടക്കാർ, പട്ടക്കാർ മുതലായവർ ഒന്നിച്ചുകൂടുന്ന പൊതുവിന്നടത്ത സുന്നഹ

---

(2) ഗലാ. 1, 8. 9 ഞങ്ങൾ നിങ്ങളോടു സുവിശേഷിച്ചതിന വിപരീതമായി ഞങ്ങളോ സ്വർഗ്ഗത്തിൽനിന്നു് ഒരു മാലാഖായൊ നിങ്ങളോടു സുവിശേഷിച്ചാൽ അവൻ ശപിക്കപ്പെട്ടവനാകട്ടെ, ഇത്യാദി. സുഭാ. 22, 28 നിന്റെ പിതാക്കന്മാർ നിയമിച്ചിട്ടുള്ളതായ പണ്ടെയുള്ള അതൃത്തിയെ നീ നീക്കരുതു്.

(3) അപ്പോ, 16, 4 അവർ നഗരങ്ങളിൽ സഞ്ചരിച്ചുകൊണ്ടു് ഓർശ്ലേമിലുള്ള ശ്ലീഹന്മാരും കശീശന്മാരും എഴുതീട്ടുള്ള കല്പനകളെ ആചരിക്കണമെന്നു അവർ അവരോടു പ്രസംഗിക്കയും പഠിപ്പിക്കയും ചെയ്തു. റോമ. 14 19; 1 കോറി 8, 12, തീമോ. 15



www.malankaralibrary.com

ദോസ്തകന്മാക്കു് അധികാരവും ഉണ്ടു്. മാമോദീസാ ശുദ്ധമുള്ള കർബ്ബാന, വിവാഹം മുതലായ വിശുദ്ധ കൂദാശകളിലെ കർമ്മങ്ങളും, ദനഹാ, ഊശാന, സ്ലീബ്ബായുടെ വെള്ളിയാഴ്ച, ഉയർപ്പു്, പെന്തിക്കൊസ്തി മുതലായ ദിവസങ്ങളിലെ ശുശ്രൂഷകളും സത്യഉപദേശത്തിനും വിശ്വാസരീതിക്കും ചേരുന്നവയും വിശുദ്ധസഭയാൽ അംഗീകരിക്കപ്പെട്ടിരിക്കുന്ന തക്സാപുസ്തകങ്ങളിൻപ്രകാരം നടത്തിവന്നവയും ആകയാൽ ഇവകളെ തന്നിഷ്ടമായി ഒരുത്തനും വ്യത്യാസംചെയ്യക്കൂടാത്തതാകുന്നു. (4) സത്യവിശ്വാസത്തിനു് എതിരാളികളായി കാണപ്പെടുകയോ സഭയിൽ വിരുദ്ധമുണ്ടാക്കുകയോ സഭയുടെ നിശ്ചയങ്ങളേയും തങ്ങളുടെ മേലധികാരികളുടെ കല്പനകളേയും അനുസരിക്കാതിരിക്കയോ പൈശാചികമായി നടക്കയോ ചെയ്യുന്നവരെ സഭയിൽനിന്നു തിരിച്ചു ഭ്രഷ്ടാക്കുവാൻ സഭയ്ക്കും സഭയുടെ ഭരണക്കാർക്കും അധികാരം ഉണ്ടു്. സഭയിൽനിന്നു ഭ്രഷ്ടാക്കപ്പെടുന്നവരെ സത്യമുള്ള അനുതാപത്താൽ തിരിയെ കൈക്കൊള്ളുന്നതുവരെ വിശ്വാസത്തിനു് അന്യന്മാരെന്നപോലെ വിചാരിപ്പാനുള്ളതും ആകുന്നു.

---

(4) 1 കോറി. 5, 4, 5 നമ്മുടെ കർത്താവായ യേശു മിശിഹായുടെ നാമത്തിൽ നിങ്ങളും എല്ലാവരും ഒന്നിച്ചു കൂടുവീൻ, നമ്മുടെ കർത്താവായ യേശുമിശിഹായുടെ ശക്തിയോടുകൂടെ ആത്മാവിൽ ഞാനും നിങ്ങളോടുകൂടെ ഉണ്ടു് ഇവൻ നമ്മുടെ കർത്താവായ യേശു മിശിഹായുടെ ദിനത്തിൽ ആത്മാവിൽ ജീവിപ്പാനായിട്ടു് അവൻെറ ശരീരത്തിൻെറ നാശത്തിനായി സാത്താനു അവനെ ഏല്പിക്കയും ചെയ്‌വീൻ. മത്താ. 18, 18—2 കോറി, 2, 6, 7, 8

www.malankaralibrary.com

മുൻകാലത്തു് എഴുന്നേററിട്ടുള്ള

ചില വേദവിപരീതികളുടെ പേരുകളും അവരുടെ ഉപദേശങ്ങളുടെ ചുരുക്കവും ഇവിടെ ചേർക്കുന്നു.

1 ക്ഷുദ്രക്കാരനായ സീമോൻ—അവൻ അവൻെറ ക്ഷുദ്രങ്ങളാൽ യഹൂദന്മാർക്കു പിതാവിൻെറയും ശമ്രായക്കാർക്കു പുത്രൻെറയും പുറജാതികൾക്കു റൂഹാദക്കുദിശായുടെയും സാദൃശത്തിൽ കാണപ്പെട്ടുകയും. ഉയിപ്പില്ലെന്നു പഠിപ്പിക്കയും ചെയ്തുവന്നു.

2 മന്ത്രോസു്—ഇവൻ ക്ഷുദ്രക്കാരനായ സീമോൻെറ ശിഷ്യനായിരുന്നു,അവൻെറ കൈകളാൽ മാമോദീസാ മുഴുകുന്നവർ മാലാഖമാരേക്കാൾ വിശേഷതയുള്ളവരായി തീരുമെന്നു് അവൻ പഠിപ്പിച്ചുവന്നു.

3 സത്രീനീനോസു്— ലോകത്തെ ഉണ്ടാക്കിയതു് ഏഴു മാലാഖമാരാകുന്നു. നാം നമ്മുടെ സാദൃശത്തിലും സ്വരൂപത്തിലും മനുഷ്യനെ ഉണ്ടാക്കുക എന്നു ദൈവം പറഞ്ഞതു് അവരോടത്രെ ന്യായപ്രമാണത്തെ നിയമിച്ചതു് മാലാഖമാരാകുന്നു, വിവാഹം തിന്മപ്പെട്ടവനിൽ നിന്നത്രെ, പിശാചുകൾ ദുഷ്ടന്മാരായ മനുഷ്യർക്കു സഹായിക്കുന്നതിനാൽ നല്ലവർക്കു സഹായിപ്പാൻ രക്ഷകൻ വന്നു എന്നിപ്രകാരം അവൻ ഉപദേശിച്ചുവന്നു.

4 ബാസിൽ ദസു്-ഗൻസാലിക്കർ എന്നു വിളിക്കപ്പെടുന്ന സപ്പാരാധനക്കാരുടെ വേദവിപരീതങ്ങളെ ആരംഭിച്ചതു് ഇവനത്രെ. സംവത്സരത്തിൻെറ ദിവസങ്ങളുടെ എണ്ണപ്രകാരം 365. ആകാശങ്ങൾ ഉണ്ടെന്നും കാമവികാര നടപടികളെ നാം നിവൃത്തിക്കേണ്ടതാണെന്നും ഇവൻ പരസ്യമായി പ്രസംഗിച്ചുവന്നു.

5 അബിയൂനർ—മിശിഹായുടെ തുടസ്സം മറിയത്തിൽനിന്നും യൌസേപ്പിൽനിന്നും ആകുന്നു എന്നു് ഇവൻ പഠിപ്പിച്ചുവന്നു.

6 കറിയാന്തൊസു്-ഉയിർപ്പിൻെറശേഷം ഭൂമിയിലുള്ള ഊർശ്ലേമിൽ നാം ആയിരം സംവത്സരങ്ങൾ ഇമ്പമോഹങ്ങളെ

www.malankaralibrary.com

നിവൃത്തിക്കമെന്നും ലോകത്തെ ഉണ്ടാക്കിയതു മാലാഖമാർ ആകുന്നു എന്നും മിശിഹായുടെ ജനനം മനുഷ്യനടപടിപ്രകാരം ഉണ്ടായതെന്നും ഇവൻ പഠിപ്പിച്ചുവന്നു.

7 മ്ലീത്തീനോസ്-നമ്മുടെ കർത്താവു തന്റെ ശരീരത്തെ ആകാശത്തിൽനിന്നു കൊണ്ടുവന്നതെന്നും ഒരു പനിനീർകുപ്പിയിൽ എന്നപ്രകാരം കന്യാസ്ത്രീയിൽ താൻ പ്രവേശിച്ചു എന്നും ഇവൻ പഠിപ്പിച്ചുവന്നു.

8 കർദ്ദൂൻ-ആദിസ്വരൂപികൾ അനേകം ആകുന്നുവെന്നും ഉയർപ്പില്ലെന്നും ഇവൻ പഠിപ്പിച്ചുവന്നു.

9 മർക്കോസ് ഇവൻ പലരേയും അതിശയിപ്പിപ്പാൻ തക്കവണ്ണം എബ്രായഭാഷ സംസാരിക്കയും അനേകനാമങ്ങൾ ധരിച്ചുകൊണ്ടു പലരേയും വഞ്ചിക്കയും ചെയ്തു.

10 മർക്കിയാൻ നല്ലവനും, നീതിമാനും, ജഡമായ ദുഷ്ടനും ഇങ്ങിനെ മൂന്നു ആദിസ്വരൂപങ്ങൾ ഉണ്ടു. അവരിൽ നീതിമാൻ ജഡംകൊണ്ടു സകലത്തേയും സൃഷ്ടിച്ചു പഴയനിയമത്തെ മനുഷ്യർക്കു കൊടുക്കയും ചെയ്തു. എന്നാൽ സൃഷ്ടിചെയ്ത നീതിമാന്റെ അടിമയിൽനിന്നു തന്നിൽ വിശ്വസിക്കുന്നവരെ സ്വാതന്ത്ര്യപ്പെടുത്തുവാനായിട്ടു നല്ലവന്റെ പുത്രനായ യേശുമിശിഹാ ഇറങ്ങിവന്നു-താൻ മനുഷ്യനായിത്തീരുകയൊ കഷ്ടമനുഭവിക്കയൊ ചെയ്യാതെ മായകാഴ്ചയായി അപ്രകാരം കാണപ്പെട്ടതെയുള്ളു. പുതിയ നിയമം കൊടുത്തതു നല്ലവനാകുന്നു. ഉയർപ്പും ന്യായവിധിയും ഇല്ല. എന്നിപ്രകാരം അവൻ പഠിപ്പിച്ചുവന്നു. ദീർഘദർശനങ്ങളേയും സുവിശേഷങ്ങളിൽ ലൂക്കോസിന്റെ സുവിശേഷം മാത്രവും അവൻ കൈക്കൊണ്ടിരുന്നു.

11 ബസ്നഹറീൻകാരനായ തിത്തിയാനോസ് വിവാഹം വേശ്യാസംഗം ആകുന്നുവെന്നു ഇവൻ പഠിപ്പിച്ചുവന്നു നാലു ഏവൻഗേലിയോനംകൂടെ കൂട്ടികലർത്തി ദീയാത്തസ്സ്രോൻ എന്നു വിളിക്കപ്പെടുന്ന ഒരു ഏവൻഗേലിയോൻ ഉണ്ടാക്കുകയും അതിൽനിന്നും വംശാവലിയേയും മിശിഹാ ദാവീദിന്റെ സന്തതിയിൽ നി

www.malankaralibrary.com

ന്നാകുന്നു എന്നു കാണിക്കുന്ന സകല ഭാഗങ്ങളേയും നീക്കുകയും ശ്ലീഹന്മാരുടെ ലേഖനങ്ങളെ വ്യത്യാസപ്പെടുത്തുകയും ചെയ്തു. ഇവന്റെ വേദവിപരീതത്തിന്നു ചേർന്നവർക്കു ഇത്രീക്രീത്തർ എന്നു പേരു പറയപ്പെടുന്നു.

12, മൊന്തോസ്-ഇവൻ ആശ്വാസപ്രദനാകുന്നു എന്നു തന്നെക്കുറിച്ചുതന്നെ പറഞ്ഞുവന്നു. അവനു പ്രിസ്കിലാ എന്നും മക്സിമലാ എന്നും പേരായ രണ്ടു ഭാര്യമാർ ഉണ്ടായിരുന്നു. അവർ ദീർഘദർശിനികൾ എന്നു വിളിക്കപ്പെട്ടുമിരുന്നു. ആസ്യായിലുള്ള പാപ്പോസു്, തീമാൻ എന്ന നഗരങ്ങൾക്കു ഊർശ്ലേം എന്നു പേർ വിളിച്ചുകൊണ്ടു് അവിടെ അവന്റെ അശുദ്ധ ഉപദേശങ്ങളെ പഠിപ്പിച്ചുവന്നു. എന്നാൽ അവസാനം അവർ തങ്ങളുടെ സ്വന്തകൈകളാൽതന്നെ കൊല്ലുകയും ചെയ്തു.

13, ബർദൈസാൻ അഗ്നി, വെള്ളം, പ്രകാശം, വായു ഇങ്ങനെ ആദിസ്വരൂപികൾ നാലാകുന്നു. ഇവയിൽനിന്നു ദേവന്മാരും ലോകങ്ങളും ഉണ്ടായി. മോശയോടും ദീർഘദർശിമാരോടും സംസാരിച്ചതു ദൈവം അല്ല റിശ്മാലാഖയത്രെ. മറിയം പ്രസവിച്ചതു ജഡസ്വരൂപത്തിൽ ആകൃതിപ്പെട്ട പ്രകാശമുള്ള ആത്മാവിനെ അല്ലാതെ മരണമുള്ള ജഡത്തെ അല്ല. മനുഷ്യനെ സൃഷ്ടിച്ചതു മാലാഖമാരും ഗ്രഹങ്ങളുംകൂടെ ആകുന്നു. ആത്മാവിനെ കൊടുത്തതു മാലാഖമാരും സന്ധുക്കളെ കൊടുത്തതു ഗ്രഹങ്ങളും ആകുന്നു. വ്യാഴഗ്രഹത്തിന്റെ നാഴികയിൽ മിശിഹാ ജനിക്കയും ചൊവ്വായുടെ നാഴികയിൽ കുരിശിൽ തറക്കപ്പെടുകയും പിന്നെയും വ്യാഴത്തിന്റെ നാഴികയിൽ താൻ ഉയർത്തെഴുനേൽക്കയും ചെയ്തു ഉയർപ്പില്ല, വിവാഹം നിർമ്മലതയുണ്ടാക്കുന്നതത്രെ എന്നിപ്രകാരം ഒക്കെയും അവൻ പഠിപ്പിച്ചുവന്നു.

14, എവ്വറിഗാനീസ്-ഇവനു് ത്രീത്വത്തിലു് നല്ല വിശ്വാസം ഉണ്ടായിരുന്നില്ല. ഉയർപ്പില്ലെന്നും പറഞ്ഞുവന്നു് ഇവൻ വചനത്തിലും ഉപദേശത്തിലും വളരെ നിപുണനായിരുന്നതു കൂടാതെ പഴയ നിയമത്തിനും പുതിയ നിയമത്തിനും വളരെ വ്യാഖ്യാനങ്ങൾ ചമക്കുകയും ചെയ്തു.

www.malankaralibrary.com

15. ഹൽക്സാറർ-വാകൊണ്ടു മിശിഹായിൽ ഉപേക്ഷിച്ചു പറഞ്ഞാലും ഹൃദയംകൊണ്ടു ഏററു പറഞ്ഞാൽ കുററമില്ലെന്നു് ഇവൻ പഠിപ്പിച്ചുവന്നു. ഇവർക്കു് ഒരു പുസ്തകം ഉണ്ടായിരുന്നു അതു വായിച്ചു കേൾക്കുന്നവർക്കു പാപമോചനം ലഭിക്കുമെന്നും പറഞ്ഞുവന്നു.

16. നാവാത്തീസ്-മാമോദീസാ മുങ്ങിയതിൻെറ ശേഷം പാപം ചെയ്യുന്നവർക്കു് മോചനം ഉണ്ടാകുന്നതല്ലെന്നു് ഇവൻ പഠിപ്പിച്ചുവന്നു. എന്നാൽ യൌനായ ആണ്ടു് 562-ൽ ദൂക്കിയോസിനാൽ ക്രിസ്ത്യാനികൾക്കുണ്ടായ പീഡയിൽവെച്ചു് ഇവൻ മിശിഹായിൽ ഉപേക്ഷിച്ചതായിട്ടും പറയപ്പെടുന്നു.

17. സാബലിയോസ്-ശുദ്ധമുള്ള ത്രിത്വമെന്നു പറയപ്പെടുന്നതു് ഒരു ആൾതന്നെ ആകുന്നു എന്നും താൻ പഴയനിയമത്തിൽ പിതാവായിട്ടു പറയപ്പെടുകയും പുതിയനിയമത്തിൽ പുത്രനായിട്ടു ജഡം ധരിക്കയും ശുദ്ധമുള്ള റൂഹായുടെ സാദൃശ്യത്തിൽ ശ്ലീഹന്മാരിൽ സംസാരിക്കയും ചെയ്തതത്രേയെന്നും ഇവൻ പഠിച്ചുവന്നു.

18. മെത്രാൻകാരനായ യൂവാവത്തീസ്—ഇവൻ യഹൂദാചാരം ഉപദേശിക്കയും ശുദ്ധിമാൻമാർക്കു് ഭൂമിയിൽ ആയിരം സംവത്സരങ്ങൾ ഭക്ഷണവും പാനീയവും ഉണ്ടാകുമെന്നു പഠിപ്പിക്കയും ചെയ്തുവന്നു.

19. ശ്മ്ശ്ത്തായക്കാരൻ പൌലൊ-മിശിഹാ ഒരു സാധാരണ മനുഷ്യൻ ദൈവകൃപയ്ക്കു് യോഗ്യനായിതീർന്നവനാകുന്നുയെന്നും, തൻെറ തുടസ്സം മറിയത്തിൽനിന്നത്രെയെന്നും ഇവൻ പഠിപ്പിച്ചുവന്നു. സുന്ദരികളായ 7 സ്ത്രീകൾ അവനോടു ചേർന്നു് അവൻെറ നാമത്തിൽ പാട്ടുകൾ പാടികൊണ്ടിരുന്നു. വേശ്യാസംഗം അശുദ്ധമുള്ളതായിട്ടു് അവൻ നിരൂപിച്ചതുമില്ല.

20. മാനി-ഇവൻ മിശിഹായെന്നും ശുദ്ധമുള്ള റൂഹായെന്നും തന്നെത്താൻപേരുവിളിച്ചുവന്നു. നല്ലവനായ ദൈവവും തിന്മപ്പെട്ടതായ ജഡവും ഇങ്ങനെ രണ്ടു ആദിസ്വരൂപി

www.malankaralibrary.com

കളുണ്ടു്. സൂൎയ്യനും ചന്ദ്രനും മനുഷ്യരുടെ ആത്മാക്കളെയും ജഡത്തിലുള്ള സകല നന്മകളേയും എടുത്തുകൊണ്ടുപോയി പ്രകാശത്തിന്റെ സ്ഥലത്തേക്കു് ഇറക്കുന്ന കപ്പലുകൾ ആകുന്നു അവസാനം നല്ലവനായ ദൈവം ജഡത്തേയും മാനിയിൽവിശ്വസിക്കാത്തതായ സകലആത്മാക്കളേയും അഗ്നിക്കു് ഏല്പിക്കും. വിവാഹം തിന്മപെട്ടവനിൽ നിന്നാകുന്നു ആത്മാക്കൾ ശരീരത്തിൽനിന്നുവിട്ടുപോകുമെന്നല്ലാതെ ഉയിൎപ്പ് ഉണ്ടാകുന്നതല്ല നമ്മുടെ കൎത്താവിനു് ആത്മാവും ശരീരവും ഉണ്ടായിരുന്നില്ല. എന്നാലൊ താൻ താണപ്പെട്ടതും കഷ്ടമനുഭവിച്ചതും താൻ പ്രവൎത്തിച്ച സകലവും മായക്കാഴ്ചയായിട്ടായിരുന്നു. 25 ദേവന്മാരും അവൎക്കു 12സ്ത്രീകളും ഉണ്ടു് എന്നിപ്രകാരം ഒക്കെയും ഇവൻ പഠിപ്പിച്ചുവന്നു

21 അറിയോസു്—ദൈവപുത്രൻ സൃഷ്ടിക്കപ്പെട്ടവനാകുന്നു. പിതാവായ ദൈവം സകല സൃഷ്ടികളേയും സൃഷ്ടിക്കുന്നതിനുമുമ്പു പുത്രനെ സൃഷ്ടിച്ചു പുത്രനെക്കൊണ്ടു സകലത്തേയും സൃഷ്ടിപ്പിക്കയും ചെയ്തു അതിനാൽ പുത്രൻ പിതാവിനോടു സമനല്ല അപ്രകാരം തന്നെ ശുദ്ധമുള്ള റൂഹായും പിതാവിനോടു സമനല്ല. പുത്രൻ എടുത്ത ശരീരം ആത്മാവിനു പകരം ദൈവത്വം ആയിരുന്നു എന്നിപ്രകാരം ഒക്കെയും ഇവൻ പഠിപ്പിച്ചതു കൂടാതെ, പിതാവിന്നും പുത്രന്നും ശുദ്ധമുള്ള റൂഹായ്ക്കും സ്തുതി എന്നുള്ള മുന്മത്വത്തിന്റെ സ്തുതിയെ ശുദ്ധമുള്ള റൂഹായാൽ പുത്രൻമൂലം പിതാവിന്നു സ്തുതി എന്നു മാററി പഠിപ്പിച്ചു. നമ്മുടെ കൎത്താവു് പഠിപ്പിച്ചിരിക്കുന്നപ്രകാരം പിതാവിന്റെയും പുത്രന്റെയും ശുദ്ധമുള്ള റൂഹായുടെയും നാമത്തിൽമാമോദീസാ മുങ്ങുന്നു എന്നു മാമോദീസായിൽ ഉപയോഗിച്ചുവരുന്ന വചനം വ്യത്യാസപ്പെടുത്തിയാൽ അവന്റെ ദുഷ്ടത വേഗം വെളിപ്പെട്ടുപോകുമെന്നു കരുതി ആയതു മാററിയതുമില്ല.

22 നാവാദി—ഈ അശുദ്ധൻ 94 വെളിപാടുകളേയും നടപടിപ്പുസ്തകങ്ങളേയും ഉണ്ടാക്കി. അലയാൽ അവൻ, ജീവന്റെ പിതാവും ജീവന്റെ മാതാവും അനേകം പുത്ര

www.malankaralibrary.com

ന്മാരും അനേകം ന്മാക്കളും അനേകം ദേവന്മാരും ഉണ്ട് മാലാഖമാരെ സൃഷ്ടിച്ചത് ഒരു മാലാഖയത്രെ. ദൈവവും വിധിയിൻകീഴിൽ ആകുന്നു. അതിനാൽ സകലവും എന്ന പോലെ ദൈവവും തന്നോടു ചേരുന്നവരും അവസാനം മറഞ്ഞു ഇല്ലാതായിപ്പോകും. മിശിഹായെ കുരിശിൽ തറച്ചു ദൈവമാകുന്നു, മിശിഹാ സൃഷ്ടിക്കപ്പെട്ടവനത്രെ. തന്റെ ശരീരം ആകാശത്തിന്നടുത്തതാകുന്നു. താൻ കഷ്ടമനുഭവിക്കാതെ കഷ്ടമനുഭവിച്ചതായും, കുരിശിൽ തറയ്ക്കപ്പെടാതെ കുരിശിൽ തറയ്ക്കപ്പെട്ടതായും കാണപ്പെട്ടതെയുള്ളു. പാപം സ്വാഭാവികേനയുള്ളതാകുന്നു നമ്മുടെ ശരീരം തിന്മപെട്ടവനിൽ നിന്നുള്ളതത്രെ. ഉയർപ്പില്ല, വിവാഹം അശുദ്ധമുള്ളതാകുന്നു എന്നിപ്രകാരവും മററും പഠിപ്പിച്ചു.

23 മക്കദോനിയോസ്—പുത്രൻ പിതാവിന്നു സമനെങ്കിലും ശുദ്ധമുള്ള റൂഹാ പിതാവിന്നും പുത്രന്നും സമനല്ലെന്നു ഇവൻ പഠിപ്പിച്ചുവന്നു.

24 എവ്വുനോമ്മിയോസ്—ദൈവം സകലത്തിന്നും മുമ്പു പുത്രനെ സൃഷ്ടിച്ചു സകല സൃഷ്ടികളേയും സ്ഥിരപ്പെടുത്തുന്നതിനുമുമ്പു പുത്രൻ ശുദ്ധമുള്ള റൂഹായേയും സൃഷ്ടിച്ചു എന്നിപ്രകാരം ഇവൻ പഠിപ്പിച്ചതുകൂടാതെ മുമ്മത്വത്തിന്റെ നാമത്തിൽ മാമോദീസാ മുക്കുന്ന മര്യാദ വ്യത്യാസപ്പെടുത്തി യേശുവിന്റെ മരണനാമത്തിൽ മാത്രം മാമോദീസാ മുക്കുകയും മാമോദീസ മുങ്ങുന്നവരെ തലമുതൽ നെഞ്ചുവരെ മാത്രം സ്നാനം കഴിക്കയും ശേഷംഭാഗങ്ങളെ അശുദ്ധമുള്ളവയെന്ന ഭാവത്തിൽ വിട്ടുകളകയും ചെയ്തുവന്നു ദൈവത്തിന്നടുത്തവയിൽ ഒന്നും അവനു മറവായിരിക്കുന്നില്ലെന്നും സകലവും അവനു് അറിവുണ്ടെന്നും ദൈവംഅവനെ അറിയുന്നപ്രകാരം ദൈവത്തെയും തന്റെ സ്വഭാവത്തേയും അവനും അറിയുന്നുണ്ടെന്നും കൂടെപറവാൻ അവൻ മടിച്ചില്ല,

25. നാറിയേംസ്—മുമ്മത്വത്തിന്റെ സ്വഭാവം ഒന്നെങ്കിലും പിതാവു വലിയവനെന്നും പുത്രൻ ഏററം വലിയവനെന്നും ശുദ്ധമുള്ള റൂഹാ വളരെ വലിയവനെന്നും മററും

www.malankaralibrary.com

പല പദവി വ്യത്യാസങ്ങളെ ഇവൻ നിശ്ചയിച്ച വചനം ജഡമായിതീർന്നെങ്കിലും താൻ എടുത്ത ആത്മാവു സസ്യാദികൾക്കടുത്തതും മൃഗജന്തുക്കൾക്കടുത്തതുമായ ജീവനെ അല്ലാതെ ദ്ധാത്മാവിനെ അല്ല, ബോധം താൻ എടുത്തില്ല, ബോധത്തിന്നു പകരം ദൈവത്വം ആയിരുന്നു നമ്മുടെ കർത്താവിൻെറ ശരീരം ആകാശത്തിന്നടുത്തതത്രേ. തൻെറ സ്വഭാവം കൂടികലർന്നു സമ്മിശ്രപ്പെട്ടതായ ഒരു സ്വഭാവം ആകുന്നു. ഉയർപ്പിൻെറ ശേഷം ഭക്ഷണവും പാനീയവും വിവാഹവും ഉണ്ട് എന്നിപ്രകാരം ഒക്കെയും ഇവൻ പഠിപ്പിച്ചുവന്നു, 000 മസുമൂറാകളെ ഉണ്ടാക്കി അവ ദാവീദിൻെറതിനേക്കാൾ വിശേഷപ്പെട്ടവയെന്നും പറഞ്ഞിരുന്നു. പുത്രൻെറ മനുഷ്യാവതാരവും മററും സാബലിയാസിൻെറ ഉപദേശപ്രകാരം മൂന്നത്വത്തിൻേറതായിട്ടു പറഞ്ഞിരിക്കുന്നതായും അവൻെറ ചില കൃതികളിൽ കാണുന്നുണ്ട്.

26 ഉറഹായക്കാരനായ എവുസേബീയോസ്-സ്വപ്നങ്ങളും പിശാചുക്കളുടെ വ്യാപാരങ്ങളും ശുദ്ധമുള്ള റൂഹായുടെ വെളിപാടുകൾ ആകുന്നുയെന്നു പറഞ്ഞുവന്ന വൃദ്ധന്മാരായ ചില ശിഷ്യന്മാർ ഇവനുണ്ടായിരുന്നു. അവരുടെ അടുക്കൽ ചെല്ലുന്നവർ ശുദ്ധമുള്ള റൂഹായുടെ നൽവരങ്ങളെ കൈക്കൊള്ളുമെന്നു, അവർ സ്ത്രീകളോടുകൂടെ ഉറങ്ങിയാലും തങ്ങൾ യാതൊന്നും അറികയില്ലെന്നും നാം വഹിക്കുന്ന ശരീരം യാതൊരു പ്രയോജനവും വരുത്തുന്നതല്ലെന്നും അവർ പറഞ്ഞുവന്നു.

27 എവുത്തുഖാ-ഇവൻ ഊലത്തിനോസിൻെറയും അപ്പൂലിനോസിൻെറയും വിശ്വാസപ്രകാരമുള്ളവനായി കാണപ്പെട്ടു. വചനമായ ദൈവം കന്യാസ്ത്രീയിൽനിന്നു മനുഷ്യത്വത്തിന്നടുത്തതായ യാതൊന്നും എടുത്തില്ല. എന്നാലെ താൻ പകരപ്പെട്ടു ജഡമായിതീർന്നു തൻെറ ശരീരം നമ്മുടെ സ്വാഭാവികപ്രകാരമുള്ളതല്ല, തൻെറ സ്വഭാവം സമ്മിശ്രപ്പെട്ടതും പകരപ്പെട്ടതുമായ ഏകസ്വഭാവം ആകുന്നു. എന്നിപ്രകാരം ഒക്കെയും അവൻ പഠിപ്പിച്ചുവന്നു.

www.malankaralibrary.com

28 ഫഗാഗ്രകാരൻ യൂലിയാനാ നമ്മുടെ കർത്താവിൻെറ ശരീരം ഒന്നിപ്പിൻെറ കാരണത്താൽ ദൈവസ്വഭാവമായി പകരപ്പെട്ടുപോയി എന്നും അതിനാൽ താൻ നമ്മുടെ സ്വഭാവപ്രകാരമുള്ളവനല്ലെന്നും താൻ ഭൂമിയിൽവച്ചു നിവൃത്തിച്ചതായ തൻെറ കഷ്ടാനുഭവം മരണം മുതലായ സകല വ്യാപാരങ്ങളും മായക്കാഴ്ചയായിട്ടുള്ളതല്ലാതെ സത്യമായിട്ടുള്ളതല്ലെന്നും മററും ഇവൻ പഠിപ്പിച്ചുവന്നു.

29 ത്രീതീത്തർ-ഇവർ മൂന്മത്വത്തിൽ മൂന്നു ആളുകളും ഒരു സ്വഭാവവും അല്ല എന്നാലൊ മൂന്നു ആളുകളും ഓരോ ആളിന്നു് ഓരോ സ്വഭാവവും ഉണ്ടു്. അതിനാൽ മുന്മത്വം മൂന്നു ആളുകളും മൂന്നു സ്വഭാവങ്ങളും മൂന്നു ദൈവങ്ങളും ആകുന്നുയെന്നു പഠിപ്പിച്ചുവന്നു.

30 സൂദൈലെയുടെ പുത്രനായ എസ്സപ്പനാ—നിത്യശിക്ഷ ഇല്ല. ശിക്ഷയ്ക്കു ഒരു അവസാനം ഉണ്ടു്. അതിനാൽ ദുഷ്ടന്മാരെ എന്നേക്കും ശിക്ഷിക്കയില്ല അപ്രകാരം തന്നെ പിശാചുക്കളോടും കരുണ ഉണ്ടാകാതിരിക്കയില്ല. അവസാനം സകലവും ദൈവസ്വഭാവത്തിലേക്കു തിരികെചേരും എന്നിപ്രകാരം ഇവൻ ഉപദേശിച്ചുവന്നു. ഈ ഉപദേശത്തിൻെറ സ്ഥിരതയ്ക്കായി അവൻ ഒരു പുസ്തകം എഴുതിയുണ്ടാക്കുകയും ശുദ്ധമുള്ളവനായ മാർ ദീവന്നാസ്യോസിൻെറ ഗുരുവായ ഇത്താഹോസു് ഉണ്ടാക്കിയതെന്നു വരുത്തുവാനിട്ടു് അതിന്നു് ഇത്താഹോസിൻെറ പേരു വിളിക്കയും ചെയ്തു.

---

മേൽ വിവരിച്ച വേദവിപരീതികളുടെ വേദവിപരീതങ്ങളാം ഒക്കെയും വിശുദ്ധ സഭയുടെ കാതലായ വിശ്വാസത്തിന്നു് എതിരായിട്ടുള്ളവയത്രെ ഇവ അവയുടെ ആരംഭത്തിൽ കുറെ ശക്തിപ്പെട്ടുവരികയും അനേകം ആളുകാം അവരോടു ചേരുകയും ചെയ്തു എങ്കിലും ഇപ്പോഠം അവ ലോകത്തിൽ കാണപ്പെടുവാൻ ഇല്ലാത്തപ്രകാരം ദൈവം അവയെ അശേഷം മൂലനാശം വരുത്തിയിരിക്കുന്നു. നെസ്തോർകാർ യൗനായക്കാർ, മാറാനായസുറിയാ

www.malankaralibrary.com

നിക്കാർ, റുഷ്യാക്കാർ, ഇംഗ്ലീഷുകാർ, റോമ്മാക്കാർ മുതലായ സഭക്കാർ മേൽവിവരിച്ചപ്രകാരമുള്ള വേദവിപരീതങ്ങളിൽ ചേർന്നിരിക്കുന്നവരല്ലെങ്കിലും മിശിഹായുടെ ദൈവത്വം, മനുഷ്യത്വം എന്ന രണ്ടു സ്വഭാവങ്ങളുടെ ഒന്നിപ്പിലും റൂഹാദ-കുദീശായുടെ പുറപ്പാടിലും മററും ഓരോവിധം വേദവിപരീതമായ അഭിപ്രായവ്യത്യാസത്തിൽ ഇരിക്കുന്നു. ചിലർ ഈ യോജിപ്പ് ഇഷ്ടത്തിന്നടുത്തതും വ്യാപാരത്തിന്നടുത്തതും ആകുന്നുയെന്നും ചിലർ ക്നൂമ്മായ്ക്കടുത്തതെന്നും (ആളിന്നടുത്തതു) ചിലർ പർസൂപ്പായ്ക്കടുത്തതെന്നും (മുഖത്തിന്നടുത്തതു) ചിലർ തന്റെ ദൈവത്വവും മനുഷ്യത്വവും തമ്മിൽ വേർതിരിയാത്തപ്രകാരം ഒന്നിച്ചിരിക്കുന്നു എങ്കിലും രണ്ടു സ്വഭാവമെന്നു പേരുപറയപ്പെടണമെന്നും റൂഹാദിഫാ ദ്കുദിശാ പിതാവിൽനിന്നു മാത്രമല്ല, പുത്രനിൽനിന്നും കൂടെയത്രെ പുറപ്പെടുന്നതെന്നും ഇങ്ങനെ ഓരോപ്രകാരത്തിൽ ഉപദേശിച്ചവരുന്നു. എന്നാൽ അർമ്മനായക്കാരും ഈഗുപ്തായക്കാരും കൂശായക്കാരും തങ്ങളുടെ വിശ്വാസരീതയിൽ ഒക്കെയും യാക്കോബായ സുറിയാനിക്കാരോടു യോജിച്ചിരിക്കുന്നു.

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com